# പഞ്ചായത്ത് രാജ്

പുസ്തകം 49 ◆ ലക്കം 11

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2010



## ജീവന് ഭീഷണിയാകുന്ന
# കാലാവസ്ഥാ മാറ്റം

**ഗ്രീൻ കേരള എക്സ്പ്രസ് മാർച്ച് 1 മുതൽ യാത്ര ആരംഭിക്കുന്നു**

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 നാല്പതാണ്ടത്തെ വികസനം
4 വർഷം കൊണ്ട്
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

8 നീതി നിർവ്വഹണത്തിന്
ന്യായ പഞ്ചായത്തുകൾ
ഡോ. പി.പി. ബാലൻ

11 കാലാവസ്ഥാ മാറ്റം,
പരിസ്ഥിതി
പ്രൊഫ. എം.കെ. പ്രസാദ്



14 ആഗോളതാപനം: പാരമ്പര്യ
അറിവും നവ സമരമുഖങ്ങളും
ലിപിൻ രാജ് എം.പി.

16 ബൽവന്ത്റായ് മേത്തയെ
സ്മരിക്കുമ്പോൾ
കെ. ശശിധരൻ നായർ



19 ഗ്രീൻ കേരളാ എക്സ്പ്രസ്
യാത്രയാരംഭിക്കുന്നു
ജി. സാജൻ



20 കുടുംബശ്രീ -
അയൽക്കൂട്ടങ്ങൾക്കുള്ള
പലിശ സബ്സിഡി പദ്ധതി
പാർവ്വതി ദേവി



22 വിവാഹ രജിസ്ട്രേഷൻ
നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ
പ്രശാന്ത് കുമാർ

24 അധികാരവികേന്ദ്രീകരണ
ചർച്ചാ വേദിയിൽ നിന്ന്
ഡോ. ജോയ് ഇളമൺ

26 സോഷ്യൽ അക്കൗണ്ടബിലിറ്റിക്കായി
ഓഫീസ് മാനേജ്മെന്റിൽ
പരിശീലനം
കെ. വിനോദ് കുമാർ



28 ഞാൻ കണ്ട ഡൽഹി
റോയ് ചാക്കോ ഇളമണ്ണൂർ

30 തേഞ്ഞു മാഞ്ഞു പോകുന്ന
ഗ്രാമീണ മൊഴിമുത്തുകൾ
മുരളീധരൻ തഴക്കര

32 പുതിയ അക്കൗണ്ടിംഗ് രീതി
പ്രായോഗിക പരിചയം നേടാം
ഉദയഭാനു കണ്ടേത്ത്

35 ദേശീയ തൊഴിലുറപ്പ് പദ്ധതിയും
സ്ത്രീ ശാക്തീകരണവും
പി. അജിതാറാണി



38 സഹ്യന്റെ ചൂര് ഏറ്റ്
ഒരു തൊഴിലുറപ്പ് പദ്ധതി
റ്റി. ബാലചന്ദ്രൻ നായർ



40 സഞ്ചരിക്കുന്ന നാടകവീട്
പി. സുരേഷ്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




### വഴുതനോത്സവം ഗംഭീരമായി

ഏപ്രിൽമാസം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പുതിയ അക്കൗണ്ടിംഗ് രീതിയെക്കുറിച്ചുള്ള പഠന പരമ്പര ആരംഭിച്ച പഞ്ചായത്ത് രാജിന് ആശംസകൾ. മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ വഴുതനോത്സവത്തിന്റെ റിപ്പോർട്ടും ഗംഭീരമായി. ബി.ടി. വഴുതനങ്ങ ഉടനെയൊന്നും വിപണിയിലുണ്ടാവില്ല എന്ന വാർത്ത ഇത്തരം ചെറുത്തു നില്പുകളുടെ വിജയമാണ്. തൊഴിലുറപ്പു പദ്ധതിയെക്കുറിച്ച് പ്രൊഫ. പി.കെ. രവീന്ദ്രൻ എഴുതിയ ലേഖനവും ഉന്നതനിലവാരം പുലർത്തി എന്നറിയിക്കട്ടെ.

*നാരാണൻ*
*വെളപ്പായ, തൃശൂർ*

### ഫോർപ്ലസിൽ പ്ലാസ്റ്റിക് നിരോധനവും ഊർജ്ജിതമാക്കണം

കേരളത്തെ ഭീതിയിലാക്കിയ പകർച്ചവ്യാധികളായ എലിപ്പനി, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലമ്പനി എന്നിവയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ജനുവരി ലക്കം പഞ്ചായത്ത് രാജിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങൾ ഇതേപ്പറ്റി കൂടുതൽ അറിയുന്നതിന് സഹായകമായി. അതിൽ പ്രധാനം പരിസരശുചീകരണം തന്നെയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാത്രം വിചാരിച്ചാൽ ഇത് പൂർണ്ണതയിലെത്തിക്കുവാൻ കഴിയില്ല. ജനങ്ങൾതന്നെ മുന്നോട്ടുവരേണ്ടതുണ്ട്. പരിസരശുചീകരണത്തിന്റെ ഭാഗമായി നിശ്ചിത മൈക്രോണിൽ കുറവുള്ള കവറുകൾ നിരോധിച്ചിരുന്നെങ്കിലും വീണ്ടും അവ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ട്. ഫോർപ്ലസിൽ ഇതുമുൾപ്പെടുത്തണം. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഒരു അപേക്ഷയുണ്ട്. ഫോർ പ്ലസ് ക്യാമ്പയിൻ സംബന്ധിച്ച കവർപേജും നന്നായിരുന്നു.

*സുമേഷ് ജെ.*
*വൃന്ദാവൻ, തോട്ടപ്പുഴശ്ശേരി*

## ഇൻഫർമേഷൻ കേരള മിഷന് രണ്ട് ദേശീയ ഇ-ഗവേണൻസ് അവാർഡുകൾ

കേന്ദ്രസർക്കാരിന്റെ 2009-10 ലെ മികച്ച ഇ-ഗവേണൻസ് പ്രോജക്ടുകൾക്കുള്ള അവാർഡുകളിൽ രണ്ടെണ്ണം ഇൻഫർമേഷൻ കേരള മിഷൻ നേടി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ കംപ്യൂട്ടർവൽക്കരണ പ്രോജക്ടുകൾക്കാണ് അവാർഡ് ലഭിച്ചത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണ പ്രോജക്ടു കളുടെ രൂപീകരണം വിദഗ്ധപരിശോധന, ജില്ലാ ആസൂത്രണ സമിതി അംഗീകാരം, മോണിറ്ററിങ് എന്നീ പ്രവർത്തനങ്ങൾ പൂർണമായും കംപ്യൂട്ടർവഴി ചിട്ടപ്പെടുത്തുന്നത് സാധ്യമാക്കിയ സുലേഖ പ്രോജക്ടിനാണ് എക്സലന്റ്സ് ഇൻ ഗവൺമെന്റ് പ്രോസസ് റീ-എൻജിനീയറിങ് എന്ന വിഭാഗത്തിൽ സുവർണ അവാർഡ് ലഭിച്ചത്. ഓരോ വർഷവും 1223 തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും ഒന്നരലക്ഷത്തിലധികം പ്രോജക്ടുകളുടെ വിവരങ്ങൾ പൂർണമായും സുലേഖയിലൂടെയാണ് 2007-08 മുതൽ കൈകാര്യം ചെയ്യുന്നത്. 2009ലെ കംപ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ ഇ-ഗവേർണൻസ് അവാർഡ് സുലേഖയ്ക്ക് ലഭിക്കുകയുണ്ടായി.

ഇൻഫർമേഷൻ കേരള മിഷൻ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിയ ജനന-മരണ-വിവാഹ രജിസ്ട്രേഷന് ഉപയോഗിക്കുന്ന ഹോസ്പിറ്റൽ കിയോസ്ക് സംവിധാനം ഉൾപ്പെടെയുള്ള സേവന സോഫ്റ്റ്‌വെയർ സമുച്ചയം സിറ്റിസൺ സർവീസ് ഡെലിവറി വിഭാഗത്തിൽ വെങ്കലവും നേടി. 18ന് ജയ്പൂരിൽ ആരംഭിക്കുന്ന പതിമൂന്നാം നാഷണൽ ഇ-ഗവേണൻസ് കോൺഫറൻസിന്റെ ഭാഗമായി അവാർഡുകൾ ഏറ്റുവാങ്ങും. അവാർഡുകൾ കരസ്ഥമാക്കിയ ഇൻഫർമേഷൻ കേരള മിഷനെയും ഇതിനു പിന്നിൽ പ്രവർത്തിച്ച ജീവനക്കാരെയും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അഭിനന്ദിച്ചു.

## നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ- അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നു

നാലാം സംസ്ഥാന ധനകാര്യ കമ്മിഷന്റെ പഠനവിഷയത്തിൽ (Terms of reference) പൊതുജനങ്ങളുടേയും സംഘടനകളുടേയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചു. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആർ.എസ്. രാജൻ നായർ, സെക്രട്ടറി, നാലാം സംസ്ഥാന ധനകാര്യ കമ്മിഷൻ, റും നമ്പർ 605, ആറാംനില, ഗവണ്മെന്റ് സെക്രട്ടേറിയേറ്റ് അനക്സ്, തിരുവനന്തപുരം1 എന്ന വിലാസത്തിലോ, statecommn@finance.kerala.gov.in ഇ-മെയിലിലോ അയയ്ക്കാം. കൂടാതെ 0471-2337443, 2518730 ടെലിഫോൺ നമ്പറിൽ വിവരങ്ങൾ ലഭിക്കും. കമ്മിഷന്റെ പഠനവിഷയം www.finance.kerala.gov.in ൽ പരിശോധിക്കാം.

## ഡീലിമിറ്റേഷൻ കമ്മിഷന് ഓഫീസ്

സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷന്റെ ഓഫീസ് തിരുവനന്തപുരം മ്യൂസിയം ഒബ്സർവേറ്ററി ലെയിനിലുള്ള ടി.സി. 14/765(4)-ാം നമ്പർ കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു.

*തപാൽ വിലാസം*- സെക്രട്ടറി
സംസ്ഥാന ഡീലിമിറ്റേഷൻ കമ്മിഷൻ
T.C. 14/765 (4),
മ്യൂസിയം പി.ഒ., തിരുവനന്തപുരം - 33
ഫോൺ നമ്പർ - 0471 2323430, 0471 2325789
ഫാക്സ് - 0471 2325789
ഇ മെയിൽ- sdc.kerala@gmail.com

**പഞ്ചായത്ത് രാജ്**

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഫെബ്രുവരി 2010
പുസ്തകം 49
ലക്കം 11
വാർഷിക വരിസംഖ്യ: 120 രൂപ
www.lsg.kerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്,** ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**എം. നന്ദകുമാർ** ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**സി.എസ്. ബിജു**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്
കൺവീനർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ



എഡിറ്റർ
**കെ. ആർ. മുരളീധരൻ** ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**ജി. ഹരികൃഷ്ണൻ**
e-mail: pub.off@gmail.com
Ph: 0471-2321053



കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്



ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.



**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


*എഡിറ്ററുടെ പേജ്*

# ജനന മരണ രജിസ്ട്രേഷൻ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിലവിൽ വരുകയും സർക്കാരിന്റെ ഒട്ടേറെ അധികാരങ്ങളും ചുമതലകളും കൈമാറുകയും ചെയ്തതോടെ ജനജീവിതവുമായി നേരിട്ട് ബന്ധമുള്ള സേവനങ്ങളുടെ ദാതാവ് എന്ന നിലയിലേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാറിയിരിക്കുന്നു. എന്നാൽ ജീവധാരാ വിഷയങ്ങളായ ജനനം, മരണം, വിവാഹം എന്നിവയുടെ രേഖപ്പെടുത്തലും അതുമായി ബന്ധപ്പെട്ട സേവനങ്ങളും പതിറ്റാണ്ടുകൾക്കു മുമ്പുതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തമായിക്കഴിഞ്ഞിരുന്നു. രാജ്യത്തൊട്ടാകെ ബാധകമായ 1969ലെ ജനനമരണ രജിസ്ട്രേഷൻ ആക്ട് കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ട് നാല്പതാണ്ട് തികയുകയാണ്. ഈ നിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളം രാജ്യത്തെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി തുടരുകയാണ്. മികച്ച രജിസ്ട്രേഷൻ പ്രവർത്തനത്തിന് കേന്ദ്രസർക്കാർ 2009ൽ ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം കേരളത്തിനാണ് ലഭിച്ചത്. ഇന്ത്യയുടെ 2000 ലെ ദേശീയ ജനസംഖ്യാനയത്തിലെ പ്രഖ്യാപിത ലക്ഷ്യമായ '2010 ഓടെ സമ്പൂർണ്ണ ജനന മരണ രജിസ്ട്രേഷൻ' എന്ന ലക്ഷ്യം കൈവരിക്കുന്നതിൽ മുൻപന്തിയിലുള്ള കേരളത്തിൽ ജനനം 100 ശതമാനവും മരണം 98 ശതമാനവും രജിസ്റ്റർ ചെയ്യപ്പെടുന്നതായി കണക്കാക്കുന്നു. ദേശീയ തലത്തിൽ ഇത് യഥാക്രമം 68ഉം 63ഉം ശതമാനമാണ്.

സംസ്ഥാനത്തെ എല്ലാ നഗരസഭകളിലും ബഹുഭൂരിപക്ഷം ഗ്രാമപഞ്ചായത്തുകളിലും ജനന മരണ രജിസ്ട്രേഷൻ പ്രക്രിയ പൂർണ്ണമായും ഇ-ഗവേണൻസ് സംവിധാനത്തിലൂടെയാണ് നിർവഹിക്കുന്നത്. എല്ലാ നഗരസഭകളിലും എണ്ണൂറ്റിഅമ്പതോളം ഗ്രാമപഞ്ചായത്തുകളിലും സിവിൽ രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്ക്കരിച്ചിട്ടുണ്ട്. 5 കോർപ്പറേഷനുകളിലെ 131 ആശുപത്രികളിലും 21 മുനിസിപ്പാലിറ്റികളിലെ 105 ആശുപത്രികളിലും 33 ഗ്രാമപഞ്ചായത്തുകളിലെ 61 ആശുപത്രികളിലുമായി 297 ആശുപത്രികളിൽ ജനനമരണ രജിസ്ട്രേഷൻ തത്സമയം നടത്തുന്നതിനും കഴിവതും 24 മണിക്കൂറിനുള്ളിൽ സെക്ഷൻ 12 സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള ഇലക്ട്രോണിക് സംവിധാനമായ ഹോസ്പിറ്റൽ കിയോസ്ക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. സിവിൽ രജിസ്ട്രേഷൻ നിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളം ബഹുദൂരം മുന്നിലാണെങ്കിലും ഈ രംഗത്തെ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിക്കുവാൻ നമുക്ക് സാധിച്ചിട്ടില്ല എന്ന വസ്തുത നിലനില്ക്കുകയാണ്.

സിവിൽ രജിസ്ട്രേഷൻ ജോലികൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥരിൽ ഒരു വിഭാഗത്തിന് നിയമവ്യവസ്ഥകളെക്കുറിച്ചുള്ള അജ്ഞത, നിയമം വ്യാഖ്യാനിക്കുന്നതിൽ ജനസൗഹൃദപരമല്ലാത്ത സമീപനം, പൊതുജനങ്ങളിൽ ബഹുഭൂരിപക്ഷവും രജിസ്ട്രേഷൻ പ്രവർത്തനത്തെ തീർത്തും ലഘുവായും അശ്രദ്ധയോടെയും സമീപിക്കുന്ന അവസ്ഥ തുടങ്ങിയവയാണ് ഈ രംഗത്തെ പ്രശ്നങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ. വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവർക്ക് വിവിധ ആവശ്യങ്ങൾക്ക് ജനന-മരണ സർട്ടിഫിക്കറ്റുകളും വിവാഹസർട്ടിഫിക്കറ്റുകളും വേണ്ടിവരുന്നത് ഈ സേവനങ്ങളെ ഗൗരവമായി സമീപിക്കാൻ മലയാളിയെ പ്രേരിപ്പിക്കുന്നു. അതോടൊപ്പം തന്നെ ഇവയിലെ വിവരങ്ങൾ മറ്റു രേഖകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുത്തുന്നതിനുവേണ്ടി സർട്ടിഫിക്കറ്റുകൾ വ്യാജമായി തയ്യാറാക്കുന്നതുൾപ്പെടെയുള്ള ക്രമക്കേടുകൾ നടത്താനും പലരും തയ്യാറാകുന്നത് സിവിൽ രജിസ്ട്രേഷനെ സംബന്ധിച്ച് ജനങ്ങൾക്കുള്ള അവബോധത്തിന്റെ കുറവ് വെളിപ്പെടുത്തുന്നു.

സിവിൽ രജിസ്ട്രേഷൻ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവ കൂടുതൽ ജനോപകാരപ്രദവുമാക്കുന്നതിനും സർക്കാർ നിരന്തരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടും അവയ്ക്ക് കൂടുതൽ വ്യക്തത വരുത്തിക്കൊണ്ടും 2010 ജനുവരിയിൽ സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പൊതുജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഉപയുക്തമാവും. സിവിൽ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ ശരിയായ രീതിയിൽ ഉൾക്കൊണ്ട്, നിയമപരമായും കൃത്യതയോടെയും വിവരങ്ങൾ രജിസ്ട്രേഷനുകളിൽ ഉൾപ്പെടുത്തുന്നതിന് ജനങ്ങളെ സഹായിക്കുന്ന നിലപാട് ഉദ്യോഗസ്ഥരും ബന്ധപ്പെട്ടവരും സ്വീകരിച്ചാൽ ഈ രംഗത്ത് നിലനില്ക്കുന്ന പ്രശ്നങ്ങൾ വലിയൊരു പരിധിവരെ പരിഹരിക്കപ്പെടാൻ കഴിയും.



ഇടതു ജനാധിപത്യ മുന്നണി സർക്കാർ അധികാരമേറ്റിട്ട് ഈ മെയ് മാസം നാലുവർഷം പൂർത്തീകരിക്കുകയാണ്. വികേന്ദ്രീകൃത ആസൂത്രണം വ്യവസ്ഥാപിതമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിച്ച് അവയെ പ്രദേശിക സർക്കാരുകളായി രൂപാന്തരപ്പെടുത്തുന്നതിനുള്ള ധീരമായ നടപടികളാണ് തദ്ദേശ സ്വയംഭരണവകുപ്പിൽ മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെ നേതൃത്വത്തിൽ കഴിഞ്ഞ നാലുവർഷമായി നടന്നുവരുന്നത്. വികസനപരവും ജനക്ഷേമകരവുമായ നിരവധി പദ്ധതികളിലൂടെ നമ്മുടെ ഗ്രാമ-നഗരങ്ങളുടെ മുഖച്ഛായ തന്നെ മാറ്റിയെടുക്കുന്നതിന് ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ സാധിക്കുകയുണ്ടായി.

**തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കിയ പ്രധാന പരിപാടികൾ**

- ✓ ഉൽപ്പാദന മേഖലയ്ക്ക് പ്രത്യേകിച്ചും ഭക്ഷ്യസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി പതിനൊന്നാം പദ്ധതി ജനകീയാസൂത്രണത്തിന്റെ രണ്ടാം ഘട്ടമായി ആരംഭിച്ചു.
- ✓ വീടില്ലാത്ത പാവപ്പെട്ടവർക്കെല്ലാം വീടു നൽകാൻ ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി.
- ✓ സ്ത്രീകൾക്ക് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 50 % സംവരണം.
- ✓ കുടുംബശ്രീയുടെ പദ്ധതി നിർവ്വഹണത്തിൽ പലമടങ്ങു വർദ്ധന- സൂക്ഷ്മ സംരംഭങ്ങൾ, “സമഗ്ര” പദ്ധതികൾ, സംഘകൃഷി എന്നിവ വഴി പതിനായിരങ്ങൾക്ക് വരുമാനദായകമായ തൊഴിലുകൾ.
- ✓ സർക്കാർ സബ്സിഡിയോടെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 4 ശതമാനം പലിശയ്ക്ക് വായ്പ.
- ✓ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പിന് ദേശീയ അംഗീകാരം. പാലക്കാട്, ഇടുക്കി ജില്ലകൾക്ക് അവാർഡ്. 2009-10 ൽ ഇതു വരെ 7.05 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ. ചെലവഴിച്ചത് 274 കോടി. തൊഴിലാളികൾക്ക് വേതനം 242 കോടി.



# തദ്ദേശ സ്വ
# നാല്പതാണ്ടത്തെ വികസ

- ഗ്രാമവികസന വകുപ്പ് തദ്ദേശ സ്വയംഭരണ വകുപ്പുമായി സംയോജിപ്പിച്ചു.
- ഡി.ആർ.ഡി.എ-കൾ പിരിച്ചുവിട്ട് ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ വിഭാഗമാക്കി.
- മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കാണാൻ മാലിന്യമുക്ത കേരളം പരിപാടി.
- 869 ഗ്രാമപഞ്ചായത്തുകൾക്കും 105 ബ്ലോക്ക് പഞ്ചായത്തുകൾക്കും 6 ജില്ലാ പഞ്ചായത്തുകൾക്കും നിർമ്മൽ പുരസ്കാരം.
- ക്ലീൻ കേരള മിഷനും ശുചീകരണ കാംപയിനും സംയോജിപ്പിച്ച് ശുചിത്വ മിഷൻ രൂപീകരിച്ചു. തിരുവനന്തപുരം, കൊച്ചി നഗരങ്ങൾ ഖരമാലിന്യ പരിപാലനത്തിന് ദേശീയ അംഗീകാരം നേടി.
- അട്ടപ്പാടി പരിസ്ഥിതി പുന:സ്ഥാപന പദ്ധതിക്ക് സാർവത്രിക അംഗീകാരം.
- പട്ടികവർഗ്ഗക്കാർക്കു മാത്രമായി ആദ്യത്തെ പഞ്ചായത്ത്- ഇടമലക്കുടി- രൂപീകരിച്ചു.
- കേരള സുസ്ഥിരനഗര വികസന പദ്ധതിയിൻ കീഴിൽ അഞ്ചു കോർപ്പറേഷനുകളിൽ 1420 കോടിയുടെ അടിസ്ഥാന സൗകര്യവികസന പരിപാടികൾ.
- ജവഹർലാൽ നെഹ്റു ദേശീയ നഗര പുനരുജ്ജീവന പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം, കൊച്ചി കോർപ്പറേഷനുകൾക്ക് 1100 കോടിയുടെ പദ്ധതികൾ നേടിയെടുത്തു. കോഴിക്കോട് നഗരത്തെക്കൂടി ഈ പദ്ധതിയിൽപെടുത്തുന്നതിന് പ്രാഥമിക അംഗീകാരമായി.
- 35 നഗരസഭകൾക്ക് IHSDP പദ്ധതിയിലും കൊച്ചി, തിരുവനന്തപുരം കോർപ്പറേഷനുകൾക്ക് ബി.എസ്.യു.പി പദ്ധതിയിലുമായി 531 കോടിയുടെ ഭവന പദ്ധതികൾ.
- ചെറുകിട നഗരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 462.76 കോടിയുടെ പ്രോജക്ടുകൾ.
- എല്ലാ പഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസുകൾ.
- ജനന-മരണ-വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ ലഘൂകരിച്ചു. സർട്ടിഫിക്കറ്റുകൾ ഹോസ്പിറ്റൽ കിയോസ്ക്കുകൾ വഴി ഇപ്പോൾ ഓൺലൈനിലും ലഭ്യമാക്കുന്നു.
- പുറമ്പോക്കിലും തീരദേശങ്ങളിലും താമസിക്കുന്നവർക്ക് ഇലക്ട്രിസിറ്റി, വാട്ടർ കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കുന്നതിന് താൽക്കാലിക കെട്ടിട നമ്പർ.
- അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നടപടി. പെർമിറ്റു നൽകൽ ഓൺലൈനാക്കുന്നതിന് തിരുവനന്തപുരം കോർപ്പറേഷനിൽ തുടക്കമായി.
- ദുർബല ജനവിഭാഗങ്ങൾക്ക് സഹായകമാകുന്ന രീതിയിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഭേദഗതി.
- നികുതികളും ലൈസൻസുകളും അടയ്ക്കുന്നതിന്മേലുള്ള പിഴപ്പലിശ പകുതിയായി കുറച്ചു.
- പഞ്ചായത്തുകളുടെ സജീവ ഇടപെടൽമൂലം പതിനായിരക്കണക്കിനു ഹെക്ടർ ഭൂമിയിൽ നെൽകൃഷി പുനരാരംഭിച്ചു. ആയിരക്കണക്കിനു ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കി.
- ഭവന പദ്ധതികൾക്കുള്ള ധനസഹായം ഗണ്യമായി വർദ്ധിപ്പിച്ചു. പൊതു വിഭാഗം 75000 രൂപ പട്ടികജാതി 1 ലക്ഷം, പട്ടികവർഗ്ഗം 1.25 ലക്ഷം. ഭൂരഹിത കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനുള്ള സഹായവും വർദ്ധിപ്പിച്ചു. പട്ടിക വിഭാഗങ്ങൾക്ക് പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ പ്രദേശത്ത് യഥാക്രമം 75000, 90000, 1 ലക്ഷം രൂപയും പൊതുവിഭാഗത്തിന് ഇതിന്റെ പകുതിയും.
- ഗ്രാമീണ റോഡുകളുടെ മെച്ചപ്പെടുത്തലിന് സമഗ്ര പദ്ധതി.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവൽക്കരണത്തിൽ വലിയ പുരോഗതി-എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും പദ്ധതി മോണിറ്ററിങ്ങും പഞ്ചായത്തുകളുടെ തൊഴിലുറപ്പു പദ്ധതി നടത്തിപ്പും സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.
- കില ദേശീയ പരിശീലന കേന്ദ്രമായി വളർന്നു. സാർക് രാജ്യങ്ങളുടെ അംഗീകൃത പഠനകേന്ദ്രം.
- ജീവനക്കാരുടെ സ്ഥലം മാറ്റത്തിന് മാതൃകാമാനദണ്ഡം നടപ്പിലാക്കി.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്കു വേണ്ടി പ്രത്യേക എഞ്ചിനീയറിംഗ് വിഭാഗം.
- എല്ലാ പഞ്ചായത്തുകളിലും അക്കൗണ്ടന്റുമാർ.
- കേന്ദ്രാവിഷ്കൃത പദ്ധതികൾ നേടിയെടുക്കുന്നതിലും പദ്ധതി നിർവ്വഹണത്തിലും വൻനേട്ടം.
- വികസന അതോറിറ്റികളിൽ നിന്നും നഗരസഭകളിൽ നിന്നും 1996 ന് മുൻപ് ദരിദ്ര വിഭാഗങ്ങൾ എടുത്തിരുന്ന ഭവനവായ്പ എഴുതി തള്ളി.
- മുനിസിപ്പൽ അക്കൗണ്ടുകളുടെ കമ്പ്യൂട്ടർവൽക്കരണം ആരംഭിച്ചു. 2010 ഏപ്രിൽ മുതൽ എല്ലാ നഗരസഭകളിലും അക്കൗണ്ടുകൾ കമ്പ്യൂട്ടർവൽക്കരിക്കും. പഞ്ചായത്ത് അക്കൗണ്ടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് മുന്നൊരുക്കങ്ങൾ പൂർത്തിയായി. ■

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*



# നീതി നിർവഹണത്തിന് ന്യായ പഞ്ചായത്തുകൾ

ഡോ. പി.പി. ബാലൻ

**കേന്ദ്ര – സംസ്ഥാന ഗവണ്മെന്റുകൾ ന്യായപഞ്ചായത്തുകൾ നിയമമാക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ ഹിമാലയ സാനുക്കളിൽ ഇപ്പോഴും നിലനിൽക്കുന്ന ന്യായ പഞ്ചായത്തുകൾക്ക് ഏറെ പ്രസക്തിയുണ്ട്. 2009 ൽ കേന്ദ്ര സർക്കാർ രൂപം നല്കിയ ന്യായപഞ്ചായത്ത് ബില്ലിലെ പല വ്യവസ്ഥകൾക്കും ഇതിനോട് ബന്ധമുള്ളതായി കാണാം.**

സ്ഥലം ഹിമാചൽപ്രദേശിലെ കുല്ലു ജില്ലയിലെ 'ജറി' ഗ്രാമപഞ്ചായത്ത്. സമയം രാവിലെ 11 മണി. വേഗത്തിൽ വന്ന ഒരു പോലീസ് ജീപ്പ് പഞ്ചായത്താഫീസിനു മുൻപിൽ നിന്നു. ഒരു പോലീസുകാരൻ ഓഫീസിലുള്ള പഞ്ചായത്ത് പ്രസിഡന്റിനെ സല്യൂട്ട് ചെയ്ത ശേഷം കൈയിലുള്ള പേപ്പർ കൈമാറി. ഒപ്പം ചാക്കിനുള്ളിൽ കെട്ടിവച്ച കുറച്ചു സാധനങ്ങളും. തലേദിവസം രാത്രി പഞ്ചായത്ത് പരിധിയിൽപ്പെട്ട ഒരു സ്ഥലത്തെ മോഷണശ്രമവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ എഫ്.ഐ.ആറും പിടിച്ചെടുക്കപ്പെട്ട തൊണ്ടി മുതലുകളുമാണവ. ഇനി അന്വേഷിക്കേണ്ടതും കുറ്റവാളികളെ കണ്ടെത്തി വിചാരണ ചെയ്യേണ്ടതും കുറ്റക്കാരെ ശിക്ഷിക്കേണ്ടതും പഞ്ചായത്ത്. ഇത് 'ജെറി' ഗ്രാമപഞ്ചായത്തിന്റെ മാത്രം കഥയല്ല. ഹിമാചൽപ്രദേശിലെ മിക്ക ഗ്രാമപഞ്ചായത്തുകളും സിവിൽ ക്രിമിനൽ സ്വഭാവമുള്ള നിരവധി കേസുകൾ കൈകാര്യം ചെയ്ത് തീർപ്പുകല്പിക്കുന്നുണ്ട്.

കേന്ദ്ര-സംസ്ഥാന ഗവണ്മെന്റുകൾ ന്യായപഞ്ചായത്തുകൾ നിയമമാക്കാൻ ശ്രമിക്കുന്ന ഈ ഘട്ടത്തിൽ ഹിമാലയ സാനുക്കളിൽ ഇപ്പോഴും നിലനിൽക്കുന്ന ന്യായ പഞ്ചായത്തുകൾക്ക് ഏറെ പ്രസക്തിയുണ്ട്. 2009 ൽ കേന്ദ്ര സർക്കാർ രൂപം നല്കിയ ന്യായപഞ്ചായത്ത് ബില്ലിലെ പല വ്യവസ്ഥകൾക്കും ഇതിനോട് ബന്ധമുള്ളതായി കാണാം. ഏറെ സങ്കീർണ്ണമായ മലമടക്കുകളിലെ നീതിന്യായ നിർവഹണം സുഗമമാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടാണ് 1952ലെ ഹിമാചൽപ്രദേശ് ഗ്രാമപഞ്ചായത്ത് ആക്ടിൽ ന്യായപഞ്ചായത്തുകൾ കൂടി ഇടം കണ്ടെത്തിയത്. അങ്ങനെ ഗ്രാമങ്ങളിൽ ന്യായപഞ്ചായത്തുകൾ നിലവിൽ വന്നു. നാലോ അഞ്ചോ ഗ്രാമപഞ്ചായത്തുകൾക്ക് ഒന്ന് എന്ന തോതിലായിരുന്നു അവ പ്രവർത്തിച്ചത്. എന്നാൽ 1978 ലെ ആക്ടിൽ ഗ്രാമക്കോടതികൾ ഗ്രാമപഞ്ചായത്തിൽ ലയിപ്പിച്ചു. അങ്ങനെ വികസന പ്രവർത്തനത്തോടൊപ്പം നീതിന്യായ പരിപാലനവും ഗ്രാമപഞ്ചായത്തിന്റെ ചുമതലയായി.

## അല്പം ചരിത്രം

ബ്രിട്ടീഷ് ഭരണകാലത്തുതന്നെ ഗ്രാമക്കോടതികളെപ്പറ്റി വിശദമായ ചർച്ച നടന്നതായി കാണാം. ഇതിന്റെ പരിണിതഫലമായാണ് പ്രത്യേക ഗ്രാമകോടതി നിയമം, 1889 മദ്രാസ് ആക്ട് I ന്റെ ഭാഗമായി നിലവിൽ വന്നത്. രണ്ടു തരം കോടതികളാണ് ഇതിൽ ഉദ്ദേശിക്കപ്പെട്ടത്. ഒന്ന് ഗ്രാമ മുൻസിഫ്മാർ കൈകാര്യം ചെയ്യുന്നതും മറ്റേത് തെരഞ്ഞെടുക്കപ്പെട്ട 5 മുതൽ 15 വരെയുള്ള ജനപ്രതിനിധികൾ കൂട്ടായി തീരുമാനമെടുക്കുന്നവയും. തുടർന്ന് സ്വാതന്ത്ര്യ





ലബ്ധിക്കുശേഷം ഇതിനുപോൽബലകമായി പല പ്രവർത്തനങ്ങളും നടന്നു. ഇതിൽ ആർ. എൽ. രാജഗോപാലിന്റെ നേതൃത്വത്തിൽ തയ്യാറാക്കപ്പെട്ട ന്യായപഞ്ചായത്തിനെ സംബന്ധിച്ച പഠന റിപ്പോർട്ട് ഒരു പ്രധാന നാഴികക്കല്ലായിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ജനപ്രതിനിധികൾ തന്നെയായിരിക്കണം ന്യായപഞ്ചായത്തംഗങ്ങൾ എന്ന് നിഷ്ക്കർഷിക്കുക ഉണ്ടായി. 1962 ൽ ന്യായപഞ്ചായത്ത് ബിൽ രൂപപ്പെട്ടതും പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിലാണ്. ഗുജറാത്തിൽ ജസ്റ്റിസ് പി.എൻ ഭഗവതി ചെയർമാനായി നിലവിൽ വന്ന ഉന്നതാധികാര കമ്മിറ്റി ലളിതവും ചെലവുകുറഞ്ഞതും എളുപ്പം തീർപ്പുകല്പിക്കുന്നതുമായ നീതിന്യായ നിർവഹണം ഗ്രാമങ്ങളിൽ ലഭ്യമാക്കുന്നതിന്റെ ആവശ്യകത ഊന്നിപ്പറയുകയുണ്ടായി. അങ്ങനെ ചില സംസ്ഥാന ഗവണ്മെന്റുകൾ മുൻകൈ എടുത്തതിന്റെ ഭാഗമായി ഹിമാചൽപ്രദേശ്, ബീഹാർ, ഉത്തരഘണ്ട്, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ന്യായപഞ്ചായത്തുകൾ നിലവിൽ വന്നു. 2009 ൽ കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയം ഇത്തരം ഒരു സംവിധാനത്തിന്റെ പ്രസക്തിയും പ്രാധാന്യവും കണ്ടറിഞ്ഞ് പുതിയ ന്യായപഞ്ചായത്ത് ബില്ലിന് രൂപം നല്കി. 73-ാം ഭരണഘടനാ ഭേദഗതിയുടെ ഭാഗമായ, പാർട്ട് IX ന്യായപഞ്ചായത്തുകളെ കുറിച്ചു പറയുന്നില്ലെങ്കിലും പ്രാദേശിക പ്രശ്നങ്ങളിൽ പ്രാദേശികമായിതന്നെ തീർപ്പു കല്പിക്കുക എന്ന ആശയം വികസനത്തിന് ഊന്നൽ നല്കുന്നതിനാൽ ഭരണഘടനാ ഭേദഗതിയുടെ തുടർച്ചയാണീ നിയമമെന്നു കാണാവുന്നതാണ്.

**നീതിനിർവഹണം; ഹിമാചൽ മാതൃക**

1952 ലെ ആക്ട് പ്രകാരം ഇവിടെ ഗ്രാമസഭാ അംഗങ്ങളാണ് ന്യായപഞ്ചായത്തംഗങ്ങളെ തെരഞ്ഞെടുത്തിരുന്നത്. ഹിന്ദിഭാഷ എഴുതാനും വായിക്കാനും അറിയുന്നവരായിരിക്കണമെന്ന് ആദ്യത്തെ ആക്ടിൽ വ്യവസ്ഥ ഉണ്ടായിരുന്നു. കാരണം നടപടിക്രമങ്ങൾ രേഖപ്പെടുത്താൻ പ്രത്യേകമായി സെക്രട്ടറിയെ നിയമിച്ചിരുന്നില്ല. എന്നാൽ ന്യായപഞ്ചായത്തുകളെ ഗ്രാമപഞ്ചായത്തിൽ ലയിപ്പിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്ന ഉദ്യോഗസ്ഥനായി. അനുബന്ധ രേഖകളും അദ്ദേഹം തന്നെ സൂക്ഷിക്കുന്നു. എഴുത്തും വായനയും അറിയണമെന്ന നിബന്ധനയും ഒഴിവാക്കപ്പെട്ടു. പരാതികൾ നിശ്ചിതഫോറത്തിൽ വേണം അപേക്ഷിക്കേണ്ടത്. 1994 ലെ നിയമം എല്ലാ ഗ്രാമപഞ്ചായത്തംഗങ്ങളേയും ന്യായപഞ്ചായത്തംഗങ്ങളാക്കി. ഇതോടെ കേസ് വാദിക്കാൻ പ്രത്യേക ബഞ്ചും നിലവിൽ വന്നു. മൂന്നുമുതൽ അഞ്ചുവരെയാണ് ബഞ്ചിലെ അംഗസംഖ്യ. സ്വന്തം വാർഡിലെ കേസ് വാദിക്കുന്നത് മറ്റ് അംഗങ്ങളായിരിക്കും. സ്ത്രീപീഡനം, വസ്തുതർക്കം, മോഷണം, അടിപിടി കേസുകൾ, കരാറു ലംഘനം, വിശ്വാസവഞ്ചന തുടങ്ങിയ കേസുകളാണ് അധികവും ഗ്രാമപഞ്ചായത്ത് കൈകാര്യം ചെയ്തുവരുന്നത്. മാസത്തിൽ രണ്ടുപ്രാവശ്യമാണ് പഞ്ചായത്ത് സമിതിയോഗം. ഇതിൽ രണ്ടാമത്തെ യോഗത്തിലാണ് കേസുവിസ്താരം നടക്കുക. 2000 രൂപ വരെ അടിസ്ഥാനമൂല്യമുള്ള കേസുകളുടെ നടത്തിപ്പിനുമാത്രമെ ഗ്രാമപഞ്ചായത്തിന് അധികാരമുള്ളൂ. ഇതിൽ വരാത്ത കേസുകൾ മേൽ കോടതികൾക്ക് കൈമാറും. പോലീസും പഞ്ചായത്തും തമ്മിൽ കേസുകളുടെ നടത്തിപ്പിന് പരസ്പര സഹായമുണ്ട്. അതുകൊണ്ടുതന്നെ പോലീസുകാർ പഞ്ചായത്തിലെ നിത്യസന്ദർശകരാണ്. പഞ്ചായത്ത് പരിധിയിൽ വരുന്ന ഏതു കേസും കൈകാര്യം ചെയ്യുമ്പോഴും സ്റ്റേഷനിൽ അറിയിക്കുക പതിവാണ്. അതുപോലെ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യുന്ന ഏതു കേസും പഞ്ചായത്തിനെയും അറിയിക്കുന്ന പതിവുണ്ട്. എന്നാൽ ചില പ്രശ്നങ്ങളിൽ ഗ്രാമ പഞ്ചായത്ത് ഇടപെടരുതെന്ന് നിയമമുണ്ട്. അതിൽ ഒന്നാണ് സർക്കാർ ഉദ്യോഗസ്ഥരുടെ കൃത്യ നിർവഹണത്തിലെ വീഴ്ചകളെ സംബന്ധിക്കുന്ന കേസുകൾ. മൈനർ, മനസ്ഥിരത ഇല്ലാത്തവർ എന്നിവരുടെ കേസുകളിലും പഞ്ചായത്തുകൾക്ക് ഇടപെടാൻ കഴിയില്ല. റവന്യൂ സംബന്ധിച്ച കാര്യങ്ങളിൽ റവന്യൂ കോടതി പ്രത്യേകം പറഞ്ഞിട്ടുള്ള വ്യവസ്ഥയിലൂന്നിയ കാര്യങ്ങൾ മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. ഒരു വേള ശിക്ഷിക്കപ്പെട്ട വ്യക്തിയെ വീണ്ടും വിചാരണ ചെയ്യാൻ ഗ്രാമപഞ്ചായത്തിന് അധികാരമില്ല. ചില പ്രത്യേക സമയങ്ങളിൽ മജിസ്ട്രേട്ടിന് ചില കേസുകൾ പഞ്ചായത്തിന് കൈമാറാം. ക്രിമിനൽ കേസുകളടക്കം ഇങ്ങനെ ഗ്രാമപഞ്ചായത്തിനു കൈമാറിയ അനുഭവങ്ങളുണ്ട്. പഞ്ചായത്തിന് അതിവേഗം ഇത്തരം പ്രത്യേക പ്രശ്നങ്ങളിൽ തീർപ്പുകല്പിക്കാൻ കഴിയുമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിലാണിത്. പഞ്ചായത്തിന് പ്രശ്നത്തിൽ തീർപ്പു കല്പിക്കാൻ കഴിയുന്നില്ലെങ്കിൽ കേസ് മുകളിലേയ്ക്കുതന്നെ തിരിച്ചയയ്ക്കാവുന്നതാണ്.

നീതിനിർവഹണത്തിന് ഹിമാചൽപ്രദേശ് ആക്ടിൽ പറഞ്ഞിരിക്കുന്ന കാലയളവ് പരമാവധി മൂന്നുമാസമാണ്. പരാതി ലഭിച്ചു കഴിഞ്ഞാൽ നിശ്ചിത ദിവസം ഹാജരാകുന്നതിന് നോട്ടീസ് അയയ്ക്കും. പ്രതി ഹാജരായില്ലെങ്കിൽ പോലീസിന്റെ സഹായം തേടണം. മജിസ്ട്രേറ്റിനെ അറിയിക്കുകയും വേണം. മജിസ്ട്രേറ്റ് വാറണ്ട് നല്കും. കേസിന്റെ തെളിവെടുപ്പിനായി പഞ്ചായത്തിന് ആരെയും വിളിച്ചുവരുത്താം. എന്നാൽ സ്ത്രീകളുടെ കാര്യത്തിൽ പ്രത്യേക പരിഗണനയുണ്ട്. സ്ത്രീകൾ പ്രതിയായിട്ടുള്ള കേസുകളിൽ ഒരു സ്ത്രീയെ പോലും പഞ്ചായത്തിൽ വിളിച്ചുവരുത്താൻ പാടില്ല എന്ന് നിബന്ധനയുണ്ട്. അവരിൽനിന്നും വിവരം ആരായുന്നതിന് കമ്മീഷനെ വെയ്ക്കാം. സ്ത്രീകൾ



**ന്യായപഞ്ചായത്ത് രൂപീകരണം സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്. കേരളത്തിലും ഇതിനനുകൂലമായ നിലപാട് ഉണ്ടായിട്ടുണ്ട്. ഇതിനകം തന്നെ അദാലത്തുകൾ നടത്തിയും വിവിധ തർക്ക പരിഹാര കേന്ദ്രങ്ങൾ വഴിയും വ്യവഹാരരഹിത പഞ്ചായത്തുകൾ ഇവിടെ നിലവിൽ വന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളോടൊപ്പം പ്രാദേശികമായി നിലനിൽക്കുന്ന തർക്കങ്ങളും പ്രാദേശികമായിതന്നെ പരിഹരിക്കുക എന്ന നിലപാടാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്.**

താമസിക്കുന്ന വീട്ടിൽ അന്വേഷണത്തിന് അംഗങ്ങൾ പോകരുതെന്നും നിയമമുണ്ട്. ബഞ്ചിന്റെ ഭൂരിപക്ഷ തീരുമാന പ്രകാരം പഞ്ചായത്ത് പ്രസിഡന്റാണ് വിധി പ്രസ്താവന നടത്തുന്നത്. ഇതു രേഖപ്പെടുത്താൻ പ്രത്യേക ഫോറമുണ്ട്. തടവുശിക്ഷയൊന്നും പഞ്ചായത്തിനു വിധിച്ചു കൂടാ. പിഴയൊടുക്കലാണ് പ്രധാന ശിക്ഷ. ഇതിനും പരിധിയുണ്ട്. പരമാവധി 100/- രൂപ മാത്രമെ ഈ ഇനത്തിൽ ഈടാക്കാൻ പാടുള്ളൂ. ഈ തുക ഗവണ്മെന്റിലേയ്ക്കടക്കുകയും വേണം. 1952 ലെ നിരക്കാണ്. അതുകൊണ്ടു തന്നെ 25000/- രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശക്തമാണ്. കക്ഷികൾക്ക് മേൽക്കോടതിയിലേയ്ക്ക് അപ്പീൽ പോകാൻ വ്യവസ്ഥയുണ്ട്. മജിസ്ട്രേറ്റ് കോടതിയിലാണെങ്കിൽ അപ്പീൽ 30 ദിവസത്തിനകം നല്കിയിരിക്കണം.

പ്രത്യേകമായി ന്യായകോടതികൾ നിലനിന്നിരുന്ന കാലത്ത് നീതി നിർവഹണം ഫലപ്രദമായി നടന്നിരുന്നതായി കാണാം. എന്നാൽ ഈ അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയതോടെ നീതിന്യായപ്രവർത്തനം കാര്യക്ഷമമല്ലാതായി. ഭരണനിർവഹണവും നീതിന്യായവും ഒരേ കേന്ദ്രത്തിൽ നിന്നാകുമ്പോഴുള്ള പ്രശ്നം കൂടിയാണിത്. പരിമിതികൾ ധാരാളമുണ്ടെങ്കിലും പ്രാദേശിക പരിഹാരത്തിന് സംവിധാനം ഏറെ സഹായകരമാകുന്നുണ്ട്.

### പുതിയ ബില്ലിന്റെ പ്രസക്തി

2009ൽ കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം കൊണ്ടുവന്ന ന്യായപഞ്ചായത്ത് ബിൽ പ്രാദേശിക നീതിന്യായ നിർവഹണത്തിന് വ്യക്തമായ രൂപരേഖ മുന്നോട്ടുവെയ്ക്കുന്നു. ഭരണഘടനയുടെ ആർട്ടിക്കിൾ 39A അനുശാസിക്കുന്ന പോലെ ഏതൊരു പൗരനും നീതി നിഷേധിച്ചുകൂടാ എന്ന അടിസ്ഥാന തത്വത്തിലൂന്നിയാണ് ബില്ല് തയ്യാറാക്കിയിട്ടുള്ളത്. ജനപങ്കാളിത്തത്തോടെയുള്ള വികേന്ദ്രീകൃത പ്രശ്ന പരിഹാര രീതിയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. പരസ്പര ചർച്ചയുടേയും, അഭിപ്രായസമന്വയുടേയും, വിശ്വാസത്തിന്റെയും വെളിച്ചത്തിൽ പ്രാദേശിക പ്രശ്നങ്ങൾക്ക് ചെലവുകുറഞ്ഞതും, ലളിതവും എളുപ്പവുമായുള്ള ഒരു സംവിധാനമാണ് ഇതുകൊണ്ടുദ്ദേശിക്കുന്നത്. സംസ്ഥാന ഗവണ്മെന്റിന്റെ പരിധിയിൽ വരുന്ന വിഷയമായതുകൊണ്ട് യുക്താനുസരണം സംസ്ഥാനങ്ങൾക്ക് പ്രാദേശിക വകമാറ്റത്തോടെ നടപ്പിലാക്കാൻ വേണ്ടി പൊതുവായ നിർദ്ദേശങ്ങൾ മാത്രമാണ് ബില്ല് മുന്നോട്ടുവെച്ചിട്ടുള്ളത്. ഇതുപ്രകാരം ഒരു ഗ്രാമപഞ്ചായത്തിനോ ഒന്നിലധികം പഞ്ചായത്തുകൾ ചേർന്നോ ന്യായപഞ്ചായത്ത് രൂപീകരിക്കാവുന്നതാണ്. പ്രായപൂർത്തിവോട്ടവകാശത്തിന്റെ പേരിൽ തെരഞ്ഞെടുക്കപ്പെടുന്ന 5 പ്രതിനിധികൾ ഉൾക്കൊള്ളുന്നതായിരിക്കണം ന്യായപഞ്ചായത്ത് കമ്മിറ്റി. ഇതിൽ രണ്ടു സീറ്റുകൾ സ്ത്രീകൾക്കും ഒന്ന് പട്ടികജാതി വിഭാഗത്തിനും സംവരണം ചെയ്യപ്പെടുന്നു. ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള തെരഞ്ഞെടുപ്പു സമയത്തുതന്നെ ന്യായപഞ്ചായത്തുകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പും നടത്തണമെന്ന് ബില്ല് അനുശാസിക്കുന്നു. ന്യായപഞ്ചായത്ത് അംഗങ്ങൾ ചേർന്ന് പ്രമുഖനെ (Pramukh) തെരഞ്ഞെടുക്കുന്നു. ഒരു വർഷമാണ് കാലാവധി. ഏറ്റവും പ്രായമുള്ള അംഗമായിരിക്കും പ്രമുഖ്. അദ്ദേഹം പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മൂന്നംഗങ്ങളടങ്ങിയ ബഞ്ച് രൂപീകരണം അനിവാര്യമാണ്. സ്ത്രീകളെ സംബന്ധിച്ച പ്രശ്നങ്ങളിൽ അഞ്ചുപേരടങ്ങിയ കമ്മിറ്റിയാണ് തീരുമാനമെടുക്കുക. ഇതിൽ രണ്ടു വനിതാ പ്രതിനിധികൾ നിർബന്ധമാണ്. 'ന്യായ സഹായക്' എന്ന ഉദ്യോഗസ്ഥൻ കാര്യ നിർവഹണ ഉദ്യോഗസ്ഥനായി കമ്മിറ്റിയെ സഹായിക്കും. ന്യായപഞ്ചായത്തിലെ എല്ലാ റിക്കാർഡുകളും സൂക്ഷിക്കുവാനുള്ള ഉത്തരവാദിത്തം അദ്ദേഹത്തിൽ നിക്ഷിപ്തമാണ്. വസ്തു സംബന്ധമായ പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ, വാടക ഇനത്തിൽ വരുന്ന പിഴകൾ, നാശനഷ്ടങ്ങൾ, സ്ത്രീധനം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ, പരിസ്ഥിതി മലിനീകരണം, ഉപഭോക്തൃ സംബന്ധമായ പ്രശ്നങ്ങൾ തുടങ്ങി 25000 രൂപവരെ മൂല്യമുള്ള കേസുകൾ ന്യായപഞ്ചായത്തുകൾക്ക് കൈകാര്യം ചെയ്യാം. ജില്ലാ ജഡ്ജിയുടെ സഹായം ന്യായപഞ്ചായത്തുകൾക്ക് ലഭിക്കാൻ ഉതകുന്ന രീതിയിലാണ് ഇവയുടെ പ്രവർത്തനം രൂപപ്പെടുത്തേണ്ടത്. ജില്ലാജഡ്ജിക്ക് ന്യായപഞ്ചായത്ത് സന്ദർശിക്കാനും പരിശോധിക്കാനും നിർദ്ദേശങ്ങൾ നല്കാനുമുള്ള അധികാരമുണ്ട്. ജില്ലാഭരണകൂടവും പോലീസ് സംവിധാനവും പഞ്ചായത്തുകളെ നീതിനിർവഹണത്തിനായി സഹായിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ന്യായപഞ്ചായത്തുകളുടെ പ്രവർത്തനം ജില്ലാതലത്തിൽ വിലയിരുത്തുന്നതിനായി ജില്ലാ ജഡ്ജി, പോലീസ് സൂപ്രണ്ട്, ജില്ലാ മജിസ്ട്രേറ്റ് എന്നിവരടങ്ങുന്ന കമ്മിറ്റിയും നിലവിൽവരണമെന്ന് ബില്ല് അനുശാസിക്കുന്നു.

ഇന്ത്യൻ ഭരണഘടനയോട് കൂറും കടപ്പാടും രേഖപ്പെടുത്തിക്കൊണ്ടാണ് ന്യായപഞ്ചായത്തംഗങ്ങൾ സ്ഥാനം ഏറ്റെടുക്കേണ്ടത്. നീതിന്യായ നിർവഹണത്തിൽ നിഷ്പക്ഷത ഉറപ്പുവരുത്തുന്ന സത്യപ്രസ്താവനകൂടി അവരുടെ ഭാഗത്തുനിന്ന് ഉണ്ടാകണം. നാട്ടിൽ വർഗ്ഗീയമോ വിഭാഗീയതയോ വളർത്തുന്ന ഒരു നീക്കത്തിനും ന്യായപഞ്ചായത്തുകൾ കൂട്ടുനില്ക്കരുതെന്നും ബില്ല് വ്യവസ്ഥ ചെയ്യുന്നു. ചുരുക്കത്തിൽ ന്യായപഞ്ചായത്തുകളുടെ രൂപീകരണം, അവയുടെ ഘടന, പ്രസ്താവന രീതി, ഉദ്ദേശ ലക്ഷ്യങ്ങൾ ഇവയെല്ലാം ബില്ലിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളെ ലക്ഷ്യപ്രാപ്തിയിലെത്തിക്കാനുള്ള അന്തരീക്ഷ സൃഷ്ടിയാണ് ന്യായപഞ്ചായത്തുകൾ നടത്തേണ്ടത് എന്ന പരോക്ഷ സൂചന ഇവിടെ കാണാം.

ന്യായപഞ്ചായത്ത് രൂപീകരണം സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങളിൽ ചർച്ചകൾ നടന്നുവരികയാണ്. കേരളത്തിലും ഇതിനനുകൂലമായ നിലപാട് ഉണ്ടായിട്ടുണ്ട്. ഇതിനകം തന്നെ അദാലത്തുകൾ നടത്തിയും വിവിധ തർക്ക പരിഹാര കേന്ദ്രങ്ങൾ വഴിയും വ്യവഹാരരഹിത പഞ്ചായത്തുകൾ ഇവിടെ നിലവിൽ വന്നിട്ടുണ്ട്. വികസന പ്രവർത്തനങ്ങളോടൊപ്പം പ്രാദേശികമായി നിലനിൽക്കുന്ന തർക്കങ്ങളും പ്രാദേശികമായിതന്നെ പരിഹരിക്കുക എന്ന നിലപാടാണ് സംസ്ഥാനം കൈക്കൊണ്ടിട്ടുള്ളത്. ന്യായ പഞ്ചായത്തുകൾ നമ്മുടെ സംസ്ഥാനത്തു നിലവിൽ വരുമ്പോൾ പ്രാദേശിക വികസന പ്രവർത്തനം കൂടുതൽ കരുത്താർജ്ജിക്കുമെന്നതിൽ സംശയമില്ല. ■

*ലേഖകൻ ചണ്ഡിഗഡിലെ സെന്റർ ഫോർ റിസർച്ച് ഇൻ റൂറൽ & ഇൻഡസ്ട്രിയൽ ഡവലപ്മെന്റിന്റെ ഡയറക്ടറാണ്*

കാലാവസ്ഥാ മാറ്റം ഇന്ന് ലോക മെമ്പാടും ചർച്ച ചെയ്യപ്പെടുന്ന വിഷയ മാണ്. ഇതിന്റെ ശാസ്ത്രീയ അടിസ്ഥാ നത്തെ പറ്റി നമുക്ക് അറിവ് ധാരാളമുണ്ട്. ഐ.പി.സി.സി. എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഇന്റർ ഗവൺമെന്റ് പാനൽ ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് എന്ന ശാസ്ത്രകാരന്മാരുടെ കൂട്ടായ്മയാണ് ഈ വിവരങ്ങൾ നമുക്ക് തന്നു കൊണ്ടി രിക്കുന്നത്. ഐ.പി.സി.സി.യുടെ ഏറ്റവും ഒടുവിലത്തെ റിപ്പോർട്ട് 2007–ൽ പുറത്തുവന്നു. ആഗോള ഊഷ്മാവ് ഈ നൂറ്റാണ്ടിൽ 1.8 മുതൽ 4.0 ഡിഗ്രി സെൽഷ്യസ് വരെ ഉയരും. ഒരു പക്ഷെ അത് 6.4 ഡിഗ്രി ആയി കൂടായ്കയില്ല. ചെറിയൊരു ഉയർച്ച പോലും മനുഷ്യ രാശിക്ക് പ്രശ്നമുണ്ടാക്കും. 2.1 ഡിഗ്രി വർദ്ധനവുമൂലം 2–3 ബില്യൺ ആളുക ൾക്ക് ജലക്ഷാമമുണ്ടാകും. ആൻഡസ് പർവ്വതത്തിലേയും ഹിമാലയത്തി ലേയും മഞ്ഞുരുകൽ, പാകിസ്താൻ, കിഴക്കൻ ചൈന, മദ്ധ്യ ഏഷ്യ, പെറു, ഇക്വഡോർ, ബൊളീവിയ എന്നീ രാജ്യ ങ്ങളിലെ ജനങ്ങളെ കഷ്ടത്തിലാക്കും. മഴ കുറയുന്നതുകൊണ്ട് വരൾച്ചയുടെ കാലവർദ്ധനയുണ്ടാവും, അത് കൂടെ ക്കൂടെയുണ്ടാവും. തെക്കേ ആഫ്രിക്ക, ആസ്ത്രേലിയ, മെഡിറ്ററേനിയൻ രാജ്യ ങ്ങൾ എന്നിവിടങ്ങളിൽ ഇത് രൂക്ഷമാവും. വടക്കൻ യൂറോപ്പിൽ വേനൽക്കാല വര ൾച്ചയും ശീതകാല വെള്ളപ്പൊക്കവും കൂടെക്കൂടെയുണ്ടാവും. ഇപ്പോൾ നാല് പതു കൊല്ലത്തിൽ ഒരിക്കൽ അനുഭവ പ്പെടുന്ന നനവുള്ള ശൈത്യകാലം എട്ടു കൊല്ലത്തിൽ ഒരിക്കൽ എന്ന സ്ഥിതി യിലാവും. ഐക്യരാഷ്ട്ര സംഘടനയു ടെ എഫ്.എ.ഒ. കാലാവസ്ഥാമാറ്റം കൊ ണ്ടു ഭക്ഷ്യധാന്യ ഉൽപാദനം കുറയും, ദരിദ്രരുടെ എണ്ണം ക്രമാതീതമായി വർദ്ധി ക്കും എന്നൊക്കെയാണ് പറഞ്ഞിട്ടുള്ള ത്. കാരണം വ്യക്തം. ശീതോഷ്ണ മേ ഖല യിലെ ധാന്യവിളകൾ അന്തരീക്ഷ താപനില മാറ്റത്തോട് എളുപ്പം പ്രതിക രിക്കും. ഉദാഹരണത്തിന് പൂത്തുനിൽ ക്കുന്ന നെൽചെടികൾ 35 ഡിഗ്രിയിൽ കൂടുതൽ ചൂട് ഒരു മണിക്കൂർ ഏറ്റാൽ, അവയുടെ പൂമ്പൊടി നശിച്ചു പോകും. ഓരോ ഡിഗ്രി ചൂട് വർദ്ധന 15 ശതമാനം നെല്ലുല്പാദനക്കുറവുണ്ടാക്കുമെന്ന് അന്തർദേശീയ നെല്ലു ഗവേഷണകേ ന്ദ്രം കണ്ടെത്തിയിട്ടുണ്ട്.

ഭക്ഷ്യവിളകളുടെ ഉൽപാദനത്തെ ബാധിക്കുന്ന മറ്റൊരു കാര്യം കൂടിയു ണ്ട്. വികസിത രാജ്യങ്ങളിൽ പ്രതിവ ർഷം ഓസോണിന്റെ വർദ്ധനവ് 1 മുതൽ 2 ശതമാനം വരെയാണ്. മോട്ടോർ വാഹ നങ്ങളിൽ നിന്നും, വിമാനങ്ങളിൽ നി ന്നും, പവർ സ്റ്റേഷനുകളിൽ നിന്നും ഉണ്ടാകുന്ന മലിനീകരണം സൂര്യപ്രകാ ശവുമായി പ്രതിപ്രവർത്തിക്കുമ്പോഴാണ് ഓസോൺ ഉണ്ടാകുന്നത്. ഓസോൺ അന്തരീക്ഷത്തിലെ താപനില വർദ്ധിപ്പി ക്കാൻ കഴിയുന്ന മറ്റൊരു ഹരിതഗൃഹ വാതകമാണെന്ന് അറിയുമല്ലോ. അന്ത രീക്ഷത്തിൽ കാർബൺഡയോക് സൈ ഡ് ക്രമാതീതമായി വർദ്ധിച്ചാൽ സസ്യ ങ്ങളിൽ നിന്ന് നിർഗമിക്കുന്ന ജല ത്തി ന്റെ അളവ് കുറയുമത്രേ. ഇത് പ്രാദേ ശികമായ മഴ ലഭ്യതയെ കുറയ്ക്കും. ഇ തൊക്കെയും ഭക്ഷ്യധാന്യ ഉല്പാദന ത്തെ ബാധിക്കുമെന്ന് പറയേണ്ടതി ല്ലല്ലോ.

ചൂട് കൂടുമ്പോൾ മലമ്പനി പടർന്നു പിടിക്കുമെന്ന് ആരോഗ്യ ശാസ്ത്രജ്ഞ ന്മാർ പ്രവചിക്കുന്നു. ചൂട് 2.3 ഡിഗ്രി കൂടിയാൽ 180–230 ദശലക്ഷം ആളുക ൾക്ക് രോഗം ബാധിക്കാനുള്ള സാധ്യ തയുണ്ട്. ഡയേറിയയും കോളറയും ഇതു പോലെ തന്നെയാണെന്നും പറയുന്നു.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ സമു ദ്രവിതാനം 40 സെന്റിമീറ്റർ ഉയരുമെ ന്നാണ് പ്രവചനം. ഉപ്പു വെള്ളപ്പൊക്കം കൊണ്ട് ഇന്ന് 75 ദശലക്ഷം പേരാണ് അപകടത്തിലാവുന്നത്. അത് 200 ദശ ലക്ഷമാവും. സമുദ്രജലവിതാനം ഉയർ ന്നാൽ തീരദേശ കുടിവെള്ള ക്ഷാമം നേരിടാൻ പോവുന്ന തീരദേശ നഗര ങ്ങൾ ഷാങ്ഹായ്, മനില, ജക്കാർത്ത, ബാങ്കോങ്, കൽക്കത്ത, മുമ്പയ്, കറാച്ചി, ലാഗോസ്, ബ്യൂനോസ്എയ്ഴ്സ്, ലിമ എന്നിവയാണ്. ഈ നഗരങ്ങളിൽ നിന്ന് ആളുകൾ ഒഴിയേണ്ടി വരുമെന്നാണ് ഇന്റർ നാഷണൽ അസോസിയേഷൻ ഓഫ് ഹൈഡ്രോജിയോളജിസ്റ്റ് പറയുന്നത്.

പശ്ചിമ അന്റാർട്ടിക് ഐസ് ഷീറ്റ് ഉരുകാൻ തുടങ്ങി. അത് മുഴുവൻ ഉരുകിയാൽ സമുദ്ര ജല വിതാനം 3 മീറ്റർ ഉയരും. അതുമതി ന്യൂയോർക്ക്, ലണ്ടൻ, ടോക്യോ, മുമ്പയ് തുടങ്ങിയ ലോകത്തിലെ വൻകിട നഗരങ്ങൾ സമു ദ്രത്തിലാഴാൻ. എത്ര വേഗത്തിലാവും ഇത്




പ്രൊഫ. എം.കെ. പ്രസാദ്

# കാലാവസ്ഥാ മാറ്റം, പരിസ്ഥിതി




**കാലാവസ്ഥാ മാറ്റം ആരേയും കാത്തുനിൽക്കുന്നില്ല. നമ്മളിവിടെ കുത്തിരിക്കുമ്പോൾ ലോകം വൻതോതിൽ മാറിക്കൊണ്ടിരിക്കയാവും. 2007 കാലാവസ്ഥാ മാറ്റബോധത്തിന്റെ ഒരു പ്രധാന വർഷമായിരുന്നു. എത്ര അരക്ഷിതമായ ഒന്നാണ് കാലാവസ്ഥാ വ്യവസ്ഥയെന്നും അതിന്റെ മാറ്റം ഭൂമിയിലെ ജീവന് എത്ര വലിയ ഭീഷണിയാണെന്നും അന്നാണു നാം ബോധവാന്മാരായത്. കാര്യങ്ങൾ ഇനി നാം വിചാരിക്കുന്ന പോലെയാവില്ല തീർച്ച.**



സംഭവിക്കുക എന്ന് ആർക്കും ഒരു പിടിയുമില്ല. മുഴുവൻ ഉരുകാൻ 300 കൊല്ലമെങ്കിലും എടുക്കും എന്ന് ചിലർ സമാധാനിപ്പിക്കുന്നുണ്ട്. പക്ഷെ എന്തിന് മുഴുവൻ, 10 ശതമാനം ഉരുകിയാൽ മതി അപകടമുണ്ടാവാൻ.

ഐ.പി.സി.സി. പറഞ്ഞ മറ്റൊന്ന് ശീതോഷ്ണമേഖലാ കൊടുങ്കാറ്റുകളുടെ വർദ്ധിച്ചു വരുന്ന തീവ്രതയാണ്. 1970 മുതൽ കൊടുങ്കാറ്റുകളുടെ ഭീകരത വർദ്ധിച്ചു വരികയാണെന്ന് നമുക്കറിയാം. സമുദ്ര ഉപരിതലത്തിലെ താപനിലയും കൊടുങ്കാറ്റിന്റെ ശക്തിയും തമ്മിൽ ബന്ധമുണ്ടെന്ന് അറിയുമ്പോൾ ഇതും കാലാവസ്ഥാ മാറ്റവും തമ്മിൽ കൂട്ടിവായിക്കാൻ എളുപ്പമല്ലേ? എത്രയെത്ര ഭീകര കൊടുങ്കാറ്റുകൾ നമ്മുടെ ഭൂമിയിൽ വരുന്നു! കത്രീന മുതൽ ഇപ്പോഴത്തെ നർഗീസ് വരെ. 1950 നു ശേഷം കാലാവസ്ഥയുമായി ബന്ധപ്പെട്ട ആളപായം വർദ്ധിച്ചു കൊണ്ടേയിരിക്കുന്നു എന്ന് പറയുന്നത് മ്യൂണിച്ച് റേ എന്ന ഇൻഷുറൻസ് കമ്പനിയാണ്. 1500-ാമാണ്ടിനു ശേഷം യൂറോപ്പിലുണ്ടായ ചൂടേറിയ സമ്മർ 2003 ലേതാണ്. ആയിരക്കണക്കിനാളുകൾ യൂറോപ്പിലും (ഇന്ത്യയിലും) മരിച്ചു.

എന്തിന് മനുഷ്യരുടെ കണക്കുമാത്രം? 2004-ൽ അഞ്ച് ഭൂഖണ്ഡങ്ങളിലെ ഇക്കോ വ്യൂഹങ്ങളെപ്പറ്റി പഠനം നടന്നു. ഇത് ഭൂമുഖത്തെ 20 ശതമാനം പ്രദേശത്തെ ഉൾക്കൊണ്ടിരുന്നു. ഈ പഠനം നൽകിയ വിവരങ്ങൾ അറിയേണ്ടതാണ്. ഇന്ന് പ്രവചിക്കപ്പെട്ടിട്ടുള്ള താപനില വർദ്ധനവിന്റെ പകുതി മതി ലോകത്തുള്ള ജീവജാലങ്ങളിൽ 15-37 ശതമാനത്തേയും 2050-ഓടെ നാശഭീഷണിയിലാക്കാൻ. വെറും 1.4 ഡിഗ്രി ചൂടു കൂടിയാൽ മതി ഇൻഡ്യൻ മഹാസമുദ്രത്തിലെ പവിഴപ്പുറ്റുകൾ ഇല്ലാതാകും. 2 ഡിഗ്രി കൂടിയാൽ ലോകത്തിലെ 97 ശതമാനം പവിഴപ്പുറ്റുകളും നശിക്കും. കൂടുതൽ കാർബൺ ഡയോക്സൈഡ് സമുദ്ര ജലത്തിൽ ലയിച്ചാൽ, സമുദ്രജലം അസിഡിക് ആകും. പി.എച്ച് 8.2-നിന്നും 7.7 ആകുമത്രേ ഈ നൂറ്റാണ്ടിൽ തന്നെ; 2050 ആകുമ്പോഴേയ്ക്കും സമുദ്രത്തിൽ ഇത്തിൾ (കക്കയുടേയും മറ്റും പുറന്തോട്) ഉണ്ടാവില്ല. സമുദ്ര പ്ലാങ്ങ്ടോണുകൾ ജീവിക്കില്ല. പ്ലാങ്ങ്ടോൺ എന്ന സൂക്ഷ്മ ജീവികളാണ് സമുദ്ര ഇക്കോ വ്യൂഹത്തിന്റെ നിലനില്പിനു തന്നെന്നു സാരം.

ഇനി മറ്റൊരു കദനകഥയുണ്ട്. ആമസോൺ വനമേഖലയുടെ തകർച്ച. തകർച്ചയിൽ നിന്ന് ഉയർത്തെഴുന്നേൽക്കാനുള്ള കഴിവ് നശിച്ചു കഴിഞ്ഞെന്നാണ് ശാസ്ത്രജ്ഞന്മാർ പറയുന്നത്. അന്തരീക്ഷ താപനില സ്വല്പം കൂടിയാൽ മതി ആമസോൺ ബേസിനിൽ സസ്യജാലം തകരും. ആമസോൺ വനങ്ങളിലെ മരങ്ങൾ പ്രാദേശികമായ മഴയുടെ 74 ശതമാനമാണ് സംഭാവന ചെയ്യുന്നത്. ചൂടുകൂടിയാൽ ഈ മരങ്ങൾ നശിക്കും. അവയിൽ നിന്ന് അന്തരീക്ഷത്തിലേയ്ക്ക് നീരാവി പോവില്ല. ഇതിന് മൂന്ന് ഫലങ്ങളാണുള്ളത്. ബാക്കിയുള്ള മരങ്ങൾക്ക് വെള്ളം കിട്ടുന്നില്ല, കൂടുതൽ സൂര്യപ്രകാശം തറയിലെത്തുന്നതുകൊണ്ട് തറ ഉണങ്ങുന്നു, തീ പിടിക്കുന്നു, ബാഷ്പീകരണം കൊണ്ടു നഷ്ടമാകേണ്ട ചൂട് നിലനിൽക്കുന്നു. കൂടിവരുന്ന ചൂട്, കുറഞ്ഞു വരുന്ന മഴ ഇതു മതിയല്ലോ വന ഇക്കോവ്യൂഹത്തെ തകർക്കാൻ.

ആമസോൺ, ഭൂമിയിലെ ഏറ്റവും വലിയ ജൈവ വൈവിദ്ധ്യ കേന്ദ്രമാണ്. തെക്കൻ അമേരിക്കയുടെ മഴ മുഴുവൻ ഉണ്ടാക്കുന്നത് ഈ വനമാണ്. മരങ്ങൾ ഒരു തരത്തിൽ പറഞ്ഞാൽ കാർബൺ തൂണുകളാണ്. അവ കത്തിയാലോ, ചീഞ്ഞാലോ (ഇത് രസതന്ത്രഭാഷയിൽ ഓക്സിഡേഷനാണ്) കാർബൺഡയോക്സൈഡാവും. ആമസോണിന്റെ കലവറയിൽ 730 ദശലക്ഷം ടൺ കാർബൺ ഉണ്ടെന്നു പറയാം. ഇത് നശിച്ചാൽ അന്തരീക്ഷത്തിൽ ഇന്നുള്ളതിൽ എത്രയോ മടങ്ങ് കാർബൺഡയോക്സൈഡ് എത്തിച്ചേരും.

കാലാവസ്ഥാമാറ്റം എങ്ങനെ തടയാനാകും എന്ന് ചിന്തിച്ചതിന്റെ ഫലമായാണ് 1992-റിയോവിൽ വച്ച് കാലാവസ്ഥാ ഉടമ്പടി അംഗീകരിക്കപ്പെട്ടത്. അതുപ്രകാരം ലോകത്തിലെ വ്യാവസായിക രാജ്യങ്ങൾ അന്തരീക്ഷത്തിലേയ്ക്ക് വിട്ടുകൊണ്ടിരിക്കുന്ന കാർബൺ ഡയോക്സൈഡ് നിയന്ത്രിക്കാനുള്ള സംരംഭങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ആരൊക്കെ എത്രയൊക്കെ കുറവു ചെയ്യണം എന്ന ധാരണ ക്യോട്ടോ പ്രോട്ടോകോളിൽ നിർദ്ദേശിക്കപ്പെട്ടു. അമേരിക്ക ഒഴികെ എല്ലാ രാജ്യങ്ങളും സംഗതി ഗൗരവത്തിലെടുത്തു. പതുക്കെയാണെങ്കിലും കുറച്ചു പുരോഗതിയുണ്ടായില്ല. ക്യോട്ടോ പ്രോട്ടോകോളിന്റെ പത്താമതു വർഷമായി. ഇനിയെങ്ങനെ എന്ന ചർച്ചകൾ തകൃതിയായി നടക്കുന്നു. പക്ഷെ കാര്യങ്ങൾ നമ്മുടെ പിടിയിൽ നിന്നു വഴുതിയോ എന്ന ആശങ്കയുണ്ട്.

പ്രധാനപ്പെട്ട ഒരു സംഗതി ഇതേവരെ നാം കേട്ടുകൊണ്ടിരുന്നത് കാലാവസ്ഥാമാറ്റത്തിന്റെ പ്രത്യാഘാതങ്ങൾ എന്തൊക്കെയെന്നത് 100 ശതമാനവും സ്ഥിരീകരിക്കപ്പെടാത്ത വിവരങ്ങളായിട്ടായിരുന്നെങ്കിൽ 2007-ലെ ഐ.പി.സി.സി. റിപ്പോർട്ട്, അവയൊക്കെ സ്ഥിരീകരിച്ചിട്ടുണ്ട്. പ്രവചനങ്ങൾ പലതും ശരിയാണെന്നു തെളിഞ്ഞും കഴിഞ്ഞു.

**കാലാവസ്ഥാ മാറ്റത്തെ നേരിടാൻ ഓരോ വ്യക്തിക്കും എന്തു ചെയ്യാനാകും എന്ന ചർച്ച നടക്കുന്നുണ്ട്. അതിൽ നിർദ്ദേശിക്കപ്പെട്ട കാർബൺ എമിഷൻ കുറയ്ക്കാൻ പറ്റിയവ ഇവയാണ്.**

- ബോയിലർ തെർമോസ്റ്റാറ്റിലെ ചൂട് കുറയ്ക്കുക.
- ടെലിവിഷൻ, വി.സി.ആർ, ഡി.വി.ഡി എന്നിവ സ്റ്റാൻഡ്ബൈ മോഡിൽ ഇടാതിരിക്കുക. ഇങ്ങനെ ചെയ്യുന്നത് അവ പ്രവർത്തിപ്പിക്കുമ്പോൾ ഉപയോഗിക്കുന്ന ഊർജ്ജത്തിനേക്കാളും 85 ശതമാനം കൂടുതലാവും.
- ദൂരത്തിൽ നിന്നും ഭക്ഷ്യ സാധനങ്ങൾ വാങ്ങിക്കൊണ്ടുവന്ന് വീട്ടിൽ കഴിക്കുന്നത് കൂടുതൽ ഊർജ്ജനഷ്ടമുണ്ടാക്കുന്നു.
- ഫോട്ടോകോപ്പിയിങ് മെഷീൻ രാത്രി ഓഫാക്കിയിടുക.
- വീടു പൂട്ടിയിറങ്ങുമ്പോൾ എല്ലാ സ്വിച്ചുകളും ഓഫാക്കുക.
- രാത്രി കാലത്ത് ജനാലകൾ തുറന്നിടാതിരിക്കുക.
- കമ്പ്യൂട്ടർ മോണിട്ടർ രാത്രി ഓഫ് ചെയ്തിടുക.
- ഓഫീസിലുള്ള അത്യാവശ്യമല്ലാത്ത എല്ലാ ഉപകരണങ്ങളും ഓഫാക്കുക.
- യാത്രയ്ക്ക് തീവണ്ടി കൂടുതലായി അവലംബിക്കുക.

എന്നു മാത്രമല്ല കാലാവസ്ഥാ മാറ്റത്തിന് കാരണം മനുഷ്യന്റെ ഇടപെടലുകളാണെന്നും ശങ്കയ്ക്കിടമില്ലാത്ത തരത്തിൽ ശാസ്ത്ര സമൂഹം തെളിയിച്ചും കഴിഞ്ഞു. ആഗോളതാപനം തടയാനാവുമോ എന്ന് സന്ദേഹമുയരുന്നുണ്ട്. തടയലോ അതുമായി സമരസപ്പെട്ട് ജീവിക്കാൻ നോക്കുകയാണു വേണ്ടത് എന്നൊക്കെ പറയുന്നതു കേൾക്കുന്നു! എന്നിട്ടും ഭൗമതാപനം എന്നത് കള്ളമാണെന്നും, അതു തടയാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങൾ അംഗീകരിച്ചാൽ രാജ്യത്തിന്റെ സാമ്പത്തിക ഭദ്രത താറുമാറാകുമെന്നും വിശ്വസിക്കുകയും ചെയ്യുന്ന ഒരു രാഷ്ട്രമുണ്ട് ഭൂലോകത്തിൽ! അതാണ് അമേരിക്ക.

എത്ര കാർബൺഡയോക്സൈഡ് അന്തരീക്ഷത്തിലേയ്ക്ക് വിടാം ഓരോ വർഷവും? ഇപ്പോൾ 7 ബില്യൺ ടൺ എന്നാണ് കണക്ക്. 2030 ആവുമ്പോഴേയ്ക്കും അത് 2.7 ബില്യൺ ടൺ ആയി കുറയ്ക്കണമെന്നിരിക്കട്ടെ. എങ്കിൽ 2012–ൽ നമുക്ക് ഉൽപ്പാദനം 5.5 മില്യൺ ടണ്ണായി ചുരുക്കണം. ഈ അളവിനെ നമുക്ക് 2012–ലെ ലോകജനസംഖ്യ കൊണ്ട് ഹരിച്ചാൽ 2012–ൽ ഒരാൾക്ക് എത്ര കാർബൺ ഡയോക്സൈഡ് വിടാൻ അർഹതയുണ്ടെന്നറിയാമല്ലോ. അത് ഏതാണ്ട് 0.8 ടൺ ആണ്. ഓരോ രാജ്യവും ഈ 0.8 നെ ആ രാഷ്ട്രത്തിലെ ജനസംഖ്യ കൊണ്ട് ഗുണിച്ചാൽ ആ രാഷ്ട്രത്തിന്റെ ഓഹരി കിട്ടും. ഈ ഫോർമുല പ്രകാരം നോക്കിയാൽ ഏറ്റവും പാവപ്പെട്ട രാജ്യത്തിന് 2030–ൽ വിസർജിക്കാനുള്ള അളവായിരിക്കും ഏറ്റവും കൂടുതൽ. ഇങ്ങനെ ഒരു രാജ്യത്തിന് അതിന്റെ ഓഹരി അറിവായാൽ, ആ രാജ്യത്തിന്റെ ഓഹരി എന്തു ചെയ്യണമെന്ന് നിശ്ചയിക്കാനാവും. അത് മറ്റൊരു രാജ്യത്തിനു വേണമെങ്കിൽ വിൽക്കാം. ഇതിന് കാർബൺ ട്രേഡിങ്ങ് എന്ന പേരും ഇട്ടിട്ടുണ്ട്. ഇത് പക്ഷെ അന്താരാഷ്ട്ര രംഗത്ത് പല പ്രശ്നങ്ങളും ഉണ്ടാക്കും. നമുക്കു തൽക്കാലം ഒരാളുടെ ഓഹരി (ആഗോള ശരാശരി) അല്ലെങ്കിൽ അവകാശം 0.8 ടൺ കാർബൺ ഡയോക് സൈഡാണെന്നു മാത്രം ധരിക്കുക. ഒരു ശരാശരി ഇന്ത്യക്കാരന്റെ ഇപ്പോഴത്തെ ഓഹരി ഇതിലും വളരെ കുറവാണ്. എങ്കിലും ധനികനായ ഒരിന്ത്യക്കാരൻ ഏതാണ്ട് ആഗോള ഓഹരിക്ക് അടുത്തു നിൽക്കുകയും ചെയ്യുന്നു. അതോ നിലനിൽക്കുന്ന വിഹിത തോതിലും കൂടുതലാണ് പക്ഷെ, ഇവരെ നിലനിർത്തുന്നത് പാവപ്പെട്ട ഇന്ത്യക്കാർ താങ്ങുന്നതു കൊണ്ടാണ്.

കാലാവസ്ഥാമാറ്റം ആരേയും കാത്തു നിൽക്കുന്നില്ല. നമ്മളിവിടെ കുത്തിരിക്കുമ്പോൾ ലോകം വൻതോതിൽ മാറിക്കൊണ്ടിരിക്കയാവും. 2007 കാലാവസ്ഥാ മാറ്റബോധത്തിന്റെ ഒരു പ്രധാന വർഷമായിരുന്നു. എത്ര അരക്ഷിതമായ ഒന്നാണ് കാലാവസ്ഥാ വ്യവസ്ഥയെന്നും അതിന്റെ മാറ്റം ഭൂമിയിലെ ജീവന് എത്ര വലിയ ഭീഷണിയാണെന്നും അന്നാണു നാം ബോധവാന്മാരായത്. കാര്യങ്ങൾ ഇനി നാം വിചാരിക്കുന്ന പോലെയാവില്ല തീർച്ച.

കാലാവസ്ഥാ മാറ്റം പാവപ്പെട്ടവരെ എങ്ങനെ ബാധിക്കുമെന്ന് നോക്കുക. കാലാവസ്ഥാ മാറ്റം ഒരു പ്രദേശത്തുണ്ടാക്കുന്ന ആഘാതം വിലയിരുത്തുന്നത് അവിടുത്തെ താപനിലയിലുള്ള വർദ്ധന മാത്രം നോക്കിയല്ല ആ പ്രദേശത്തിലെ ജനതയെയും ഭൂപ്രകൃതിയെയും എങ്ങനെ ബാധിക്കും എന്നതു കൂടി നോക്കിയാണ്. ഉഷ്ണമേഖലയിലെ പാവപ്പെട്ടവരാണ് ഏറ്റവും കൂടുതൽ അപകടം നേരിടാൻ പോവുന്നത് എന്നാണ് പഠനം കാണിക്കുന്നത്. ■

*ലേഖകൻ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാനും ഡയറക്ടറുമാണ്*



# ആഗോളതാപനം



ലിപിൻ രാജ് എം.പി.

## പാരമ്പര്യ അറിവും നവ സമരമുഖങ്ങളും

**2030-ഓടെ അന്തരീക്ഷ ഊഷ്മാവിൽ 2-3°C വർദ്ധനവുണ്ടാകും.**

**ആഗോള ഭക്ഷ്യോത്പാദനത്തിൽ 20-25% വരെ കുറവുണ്ടാകും.**

**2050-ഓടെ സമുദ്രനിരപ്പിൽ 1 മീറ്റർ ഉയരമുണ്ടായി കോടിക്കണക്കിനാളുകൾ ഭവനരഹിതരാകും.**

2020 വികസന ശതാബ്ദത്തിലേയ്ക്കുള്ള യാത്രയിൽ ഇന്ത്യയടക്കമുള്ള രാജ്യങ്ങളെ ഭയപ്പെടുത്തുന്ന ആഗോളതാപനത്തിന്റെ മൂന്നു പ്രധാന പ്രത്യാഘാതങ്ങളാണിവ. ഭക്ഷ്യ-സാമ്പത്തിക പ്രതിസന്ധികൾക്കിടയിൽ ശാസ്ത്രലോകത്തെ നിരന്തരം മാനസിക സമ്മർദ്ദത്തിലാഴ്ത്തുന്ന ഉത്തരം കണ്ടെത്തേണ്ട മൂന്നു ചോദ്യങ്ങളും.

ആഗോളതാപനം അന്താരാഷ്ട്ര കോൺഫറൻസുകളിലേയും വികസിത രാജ്യങ്ങളിലെ പരിസ്ഥിതി സംഘടനകളുടേയും അജണ്ടകളിലെ മുഖ്യയിനമാണെങ്കിലും അതിന്റെ ഫലമനുഭവിക്കുന്ന മൂന്നാം ലോകരാജ്യങ്ങളിലേയ്ക്കുള്ള എത്തിച്ചേരൽ പലപ്പോഴും പൂർണ്ണമാവാറില്ല. ബാലിയിലും പൊസ്നാനി (Poznan) ലും നടന്ന ചൂടേറിയ സംവാദങ്ങൾക്കിടെ, ഏഷ്യൻ രാജ്യങ്ങളിൽ- പ്രത്യേകിച്ചും ഇന്ത്യയിലും ചൈനയിലും-ആഗോള താപനത്തിനെതിരേയുള്ള പോരാട്ടം തട്ടുതട്ടായി മാത്രമേ നടപ്പാക്കാനാവൂ എന്ന യാഥാർത്ഥ്യം ആരും കാണാതെ പോയി. ഇന്ത്യൻ ഭരണകൂടം, ഒരു ആഗോള ഭീഷണിയായി മാത്രം ആഗോളതാപനത്തെ കാണാതെ സാമ്പത്തികവികസനത്തെ തകിടം മറിക്കുന്ന ഭാവിശത്രുവായി അതിനെ കണക്കാക്കേണ്ടതുണ്ട്. കടൽപരപ്പാൽ ചുറ്റപ്പെട്ടതും ഹിമാലയൻ നിരകളാൽ വലയം ചെയ്യപ്പെട്ടും കിടക്കുന്ന ഇന്ത്യൻ ഭൂപ്രകൃതിയിൽ സർവ്വവിധ മലിനീകരണങ്ങളും കൂടിയാവുമ്പോൾ ആഗോള താപനത്തിന് തഴച്ചു വളരാൻ പറ്റിയ ഇടമായിത്തീരും.

ഫോസിൽ ഇന്ധനങ്ങളുടെ ഉപഭോഗം ഇന്നത്തെ രീതിയിൽ തുടർന്നാൽ കാലാവസ്ഥാ വ്യതിയാനവും ഭക്ഷ്യപ്രതിസന്ധിയും ആഫ്രിക്കൻ- ഏഷ്യൻ ഭക്ഷ്യോത്പാദന രാജ്യങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന് യു. എൻ.ഫുഡ് ആൻഡ് അഗ്രിക്കൾച്ചർ ഓർഗനൈസേഷൻ (FAO) വ്യക്തമാക്കിയിട്ടുണ്ട്. ഊഷ്മാവ് വർദ്ധനവ് മൂലം അന്തരീക്ഷവായുവും ഭൗമോപരിതലവും ചൂടുപിടിക്കുന്നതിനാൽ ജീവജാലങ്ങളുടെ നിലനില്പ് ഭാവിയിൽ അപകടത്തിലാവും. നിശ്ചിത ഊഷ്മാവ് ആവശ്യമായ സൂക്ഷ്മസസ്യജീവിസമൂഹം അപ്രക്തൃക്ഷമായേയ്ക്കാനും അതിടയാക്കിയേക്കാം. വൻനഗരങ്ങളിലെ വിൻഡോ ഗ്ലാസ് ഫ്രെയിം പാളികൾ മുതൽ കന്നുകാലികളുടെ ചാണകത്തിൽ നിന്നുവരുന്ന മീഥേൻ വരെ ഹരിതഗൃഹവാതകങ്ങളുടെ വർദ്ധനവിനും തൻമൂലം ചൂടുയരാനും കാരണമാകും. സമുദ്രനിരപ്പിനു താഴെ കിടക്കുന്ന പ്രദേശങ്ങളെയാവും ആഗോളതാപനം രൂക്ഷമായി ബാധിക്കുക. സമുദ്രനിരപ്പ് ഉയരുന്നതുമൂലം ഏഷ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ചും സമുദ്രത്താൽ ചുറ്റപ്പെട്ട മാലിദ്വീപ്, ശ്രീലങ്ക, ബംഗ്ലാദേശ് എന്നിവയെ രൂക്ഷമായി ബാധിക്കും. 2005-ൽ കാർബൺഡയോക്സൈഡ് വൻതോതിൽ പുറംതള്ളുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് മൂക്കുകയറിടാൻ ന്യൂസിലൻഡ് സർക്കാർ കാർബൺ ടാക്സ് ഏർപ്പെടുത്തിയെങ്കിലും ഏശിയില്ല. ഉൽപന്നത്തിന്റെ വിലയിലാണ് ഇത് സാധാരണ കണക്കുകൂട്ടുക. യൂറോപ്യൻ വികസിതരാജ്യങ്ങളിൽ പലതും ഇത് അനുകരിക്കുന്നുണ്ടെങ്കിലും അധികം വ്യാപകമായില്ല. ജനകീയമല്ല




എന്നതുതന്നെയാണ് പ്രധാനകാരണം.

കോമൺവെൽത്ത് ഗെയിംസിന്റെ ഭാഗമായി ഡൽഹിയിലാവട്ടെ ഓട്ടോറിക്ഷകളിൽ CNG (Compressed Natural Gas) ഏർപ്പെടുത്തിയത് ഇന്ത്യയിലെ മെട്രോപൊളിറ്റൻ നഗരങ്ങളെ ആകർഷിച്ചു. CNG ഓട്ടോറിക്ഷകൾക്കു പുറമെ സൗരോർജ്ജ ഓട്ടോറിക്ഷകളും താമസിയാതെ പുറത്തിറങ്ങും. ആഗോളമൊത്ത ആഭ്യന്തര ഉത്പാദനത്തിൽ ആഗോളതാപനത്തിന് അടുത്ത 10 വർഷത്തിനിടയിൽ 20-25% വരെ കുറവ് വരുത്താൻ കഴിയുമെന്നാണ് ആഗോളസാമ്പത്തിക ശാസ്ത്രജ്ഞരുടെ വെളിപ്പെടുത്തൽ. വിളവുകളുടെ ഉത്പാദനക്ഷമത കുറയുകയും ഗ്രൂപ്പ് ഫാമിംഗിനെ കാലാവസ്ഥാ വ്യതിയാനം ബാധിക്കുകയും ചെയ്താൽ നഷ്ടത്തിന്റെ തോതുയരും. ഫോസിൽ ഇന്ധനങ്ങൾക്കു ബദലായി ആഗോളതാപനത്തെ എതിരിടാൻ ജൈവഇന്ധനം (Biodiesel) ഉപയോഗപ്പെടുത്തിയാലും പ്രശ്നം അവസാനിക്കുന്നില്ല. ദരിദ്രരാജ്യങ്ങളിൽ ഒരു നേരത്തെ ആഹാരത്തിന് വകയില്ലാത്ത സാധാരണക്കാരന്റെ ഭക്ഷ്യപ്രതിസന്ധി അരിക്കലത്തിൽ തിളയ്ക്കുമ്പോൾ ആ ധാന്യങ്ങളൂറ്റിവേണോ വികസിത രാജ്യങ്ങളിലെ സമ്പന്നരുടെ കാറോടിക്കാൻ എന്നത് ന്യായമായ ചോദ്യമാണ്. ആഫ്രിക്കൻ രാജ്യമായ നൈജീരിയയും ഏഷ്യൻ രാജ്യമായ വിയറ്റ്നാമും ഇൻഡോനേഷ്യയും ഭക്ഷ്യധാന്യ ചെലവിനായി യഥാക്രമം 70, 75, 60 ശതമാനമാണ് വർഷംതോറും മുതൽമുടക്കുന്നത്. അമേരിക്കയാവട്ടെ വെറും 12% മാത്രം. മാറുന്ന ജീവിതരീതികൾക്കു പിന്നിൽ കാലാവസ്ഥ വ്യതിയാനവും അതിനുപിന്നിൽ ആഗോളതാപനവും ഒളിച്ചുകിടക്കുന്നെന്ന വസ്തുതതയാണ് ആസൂത്രണത്തിന്റെ ബാലപാഠങ്ങളിൽ നാമുൾപ്പെടുത്തേണ്ടത്. അന്താരാഷ്ട്രതലത്തിൽ വികസനരംഗത്ത് തുലനനില കൈവരുന്നതുവരെ വികസിതരാജ്യങ്ങൾ ലാഭം കൊയ്യുകയും വികസ്വര-ദരിദ്ര രാജ്യങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്ന വിധത്തിലാണിപ്പോൾ ആഗോളതാപനത്തിന്റെ പോക്ക്.

### പാരമ്പര്യ അറിവുകൾ വ്യാപിപ്പിക്കണം

സാങ്കേതിക വിദ്യക്ക് എത്തിച്ചേരാൻ കഴിയാത്തിടങ്ങളിലും സ്വാധീനം ചെലുത്താൻ പാരമ്പര്യ അറിവുകൾക്കു കഴിയും. ജനകീയമായ പാരമ്പര്യ അറിവുകൾക്ക്, പുതിയതായി അവതരിപ്പിച്ച് ഫലപ്രാപ്തിയിലെത്തിക്കേണ്ട സാങ്കേതിക ജ്ഞാനത്തേക്കാൾ വ്യാപിക്കാൻ കുറഞ്ഞ സമയവും ചെലവും മാത്രം മതി. ആഗോളതാപനത്തെ താഴേതട്ടിൽനിന്ന് പ്രതിരോധിക്കാൻ പാരമ്പര്യ അറിവുകളെയും അതിന്റെ കണ്ണികളേയും ആസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാരും സംഘടനകളും തയ്യാറാവേണ്ടതുണ്ട്. പ്രകൃതിയുമായി ബന്ധപ്പെട്ട പദ്ധതികളിൽ, അതിനുള്ളിൽ ആവാസ വ്യവസ്ഥ കണ്ടെത്തി ജീവിക്കുന്നവരെ ഉൾപ്പെടുത്തി നടത്തുന്ന വികസന പ്രക്രിയമാത്രമേ സുസ്ഥിരമാവൂ.

നിലവിൽ IPCC (Intergovernmental panel on climate change) യും ആഗോളതാപനത്തെ എതിരിടുന്ന മറ്റ് സംഘടനകളും ദേശീയ സർക്കാരുകൾക്കു നൽകുന്ന സാങ്കേതിക സാമ്പത്തിക സഹായം താഴേതട്ടിൽവരെ എത്തിപ്പെടുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇന്ത്യയെപ്പോലെ ഫെഡറൽ സംവിധാനവും കേന്ദ്ര സംസ്ഥാന വികേന്ദ്രീകരണവും നിലനിൽക്കുന്ന സാമൂഹ്യചുറ്റുപാടുകളിൽ ആഗോളതാപനമടക്കമുള്ള പരിസ്ഥിതി വിഷയങ്ങളിൽ ഉപയോഗിക്കപ്പെടാതെ പാഴാക്കപ്പെടുന്ന വികസന ധനസഹായങ്ങളേറെയാണ്. എൻ.ജി.ഒ. കൾക്കും പരിസ്ഥിതി സംഘടനകൾക്കും, ഗവൺമെന്റിനുള്ള തക്കവണ്ണം സ്വാധീനം ചെലുത്താൻ പലപ്പോഴും കഴിയാറില്ല. കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് ആഗോളതലത്തിൽ ഉരുത്തിരിയുന്ന ശാസ്ത്ര സാങ്കേതിക ജ്ഞാനവും ബദൽടെക്നോളജിയും ഉപകരണങ്ങളും പരിണതഫലങ്ങൾക്കെതിരെയുള്ള മുൻകരുതലും ഫലപ്രദമായി നടപ്പാക്കാൻ കഴിയുക ഗവൺമെന്റ് സംവിധാനങ്ങൾക്കാണ്. കോർപ്പറേറ്റ് ശൃംഖലകൾക്കു കീഴിൽ രൂപപ്പെടുന്ന ഗവേഷണ വികസന സംഘങ്ങൾക്ക് പരിസ്ഥിതി വിഷയങ്ങളിൽ പലപ്പോഴും അവരുടെ സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാനാവും ഇഷ്ടം. എന്നാൽ ഇന്ത്യൻ പശ്ചാത്തലത്തിൽ പരിസ്ഥിതി നിയമങ്ങളുടെ ഭാഗമായി കാലാവസ്ഥാവ്യതിയാനം, ആഗോളതാപനം, പ്രകൃതി ദുരന്തങ്ങൾ എന്നിവ സംബന്ധിച്ച് സമഗ്രമായ നയം രൂപീകരിക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയാറില്ലെന്നുമാത്രമല്ല കേന്ദ്രത്തിന് ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് വഴികാട്ടിയാവാനും കഴിഞ്ഞിട്ടില്ല. എച്ച്.ഐ.വി, എയ്ഡ്സ് രോഗ ബോധവത്ക്കരണവും കുടുംബാസൂത്രണവുംപോലെ തട്ടുതട്ടായുള്ള കേന്ദ്ര സംസ്ഥാന സഹകരണവും ആഗോള താപനത്തിലും കാലാവസ്ഥാവ്യതിയാനത്തിലും ഉണ്ടാവണം.

**സമുദ്രനിരപ്പിനു താഴെ കിടക്കുന്ന പ്രദേശങ്ങളെയാവും ആഗോളതാപനം രൂക്ഷമായി ബാധിക്കുക. സമുദ്രനിരപ്പ് ഉയരുന്നതുമൂലം ഏഷ്യൻ രാജ്യങ്ങളിൽ പ്രത്യേകിച്ചും സമുദ്രത്താൽ ചുറ്റപ്പെട്ട മാലിദ്വീപ്, ശ്രീലങ്ക, ബംഗ്ലാദേശ് എന്നിവയെ രൂക്ഷമായി ബാധിക്കും. 2005-ൽ കാർബൺ ഡയോക്സൈഡ് വൻതോതിൽ പുറംതള്ളുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് മൂക്കുകയറിടാൻ ന്യൂസിലൻഡ് സർക്കാർ കാർബൺ ടാക്സ് ഏർപ്പെടുത്തിയെങ്കിലും ഏശിയില്ല.**

### അഖിലേന്ത്യാ കൂട്ടായ്മ

ആഗോളതാപനം, കാലാവസ്ഥാവ്യതിയാനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ്, എൻ.ജി.ഒ കൾ, സന്നദ്ധഗവേഷണ സംഘടനകൾ, പരിസ്ഥിതി ക്ലബ്ബുകൾ എന്നിവയുടെ അഖിലേന്ത്യാ കൂട്ടായ്മയ്ക്ക് കേന്ദ്ര ഭക്ഷ്യ, വനം, പരിസ്ഥിതി വകുപ്പുകൾ മുൻകൈയെടുക്കേണ്ടതുണ്ട്. കാലാവസ്ഥാ വ്യതിയാനം ഭക്ഷ്യോത്പാദനത്തെ ബാധിക്കുമെന്നതിനാൽ ഭക്ഷ്യസുരക്ഷാനിയമത്തിന്റെ ചട്ടക്കൂടിൽ ആഗോളതാപനമടക്കമുള്ള ഗുരുതരപ്രശ്നങ്ങൾക്കെതിരെയുള്ള ഗവേഷണം (ശാസ്ത്ര സാങ്കേതിക അടക്കമുള്ളവ) അടിയന്തരമായി ഉൾപ്പെടുത്തണം. ജനിതകവിളകളും കാലാവസ്ഥാവ്യതിയാനവും തമ്മിലുള്ള പ്രതിപ്രവർത്തനങ്ങളെക്കുറിച്ച് ചിന്തിക്കാൻപോലും നമ്മുടെ ശാസ്ത്രസമൂഹത്തിന് ഗവേഷണ മേഖലയിൽ ഇതേവരെ കഴിഞ്ഞിട്ടില്ലെന്നാണ് മറ്റൊരു ദുരവസ്ഥ. വികസിതരാജ്യങ്ങളിലെ വ്യവസായവൽക്കരണത്തിന്റെ തീവ്രത വികസ്വരരാജ്യങ്ങളിലെ വികസന സമത്വത്തെയാവും അട്ടിമറിക്കുക. 1990-ൽ ലോകബാങ്ക് വികസന സൂചിക പ്രകാരം വികസിതരാജ്യങ്ങളുടെ അനുപാതം 82.3% ആയിരുന്നെങ്കിൽ 2005 ൽ അത് 77.7% ആയി കുറഞ്ഞു. ഉദാഹരണത്തിന് ആഗോളതാപനത്തിന് കാരണമാകുന്ന $CO_2$ വിന്റെ ഉത്പാദനത്തിൽ ഒന്നും രണ്ടും സ്ഥാനത്തുനിൽക്കുന്ന അമേരിക്കയും ചൈനയും പരോക്ഷമായി ആഫ്രിക്കൻ ഏഷ്യൻ മേഖലകളിലെ സുസ്ഥിര വികസനത്തെ തകർക്കും. കാരണം വികസ്വര രാജ്യങ്ങളിലെ സാമൂഹിക-സാമ്പത്തിക-പാരിസ്ഥിതിക മാറ്റം വികസിതരാജ്യങ്ങളെയാണ് ആശ്രയിച്ചിരിക്കുന്നത്. വിയറ്റ്നാമിന്റെ കാർഷിക ഉത്പാദനത്തിലുണ്ടാകുന്ന തകർച്ച ലോകഭക്ഷ്യസുരക്ഷയെ ബാധിക്കുന്ന

ശേഷം പേജ് 25

കെ. ശശിധരൻ നായർ



# ബൽവന്ത്റായ് മേത്തയെ സ്മരിക്കുമ്പോൾ

## *(1899-1965)*

ചിലർ ജന്മം കൊണ്ടും ചിലർ കർമ്മം കൊണ്ടും മഹാന്മാരാകുന്നു. ഇതിൽ കർമ്മം കൊണ്ട് മഹാനായ വ്യക്തിത്വമാണ് യശ:ശരീരനായ ബൽവന്ത്റായി മേത്തയുടേത്. ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവായാണ് ബൽവന്തിനെ ഇപ്പോൾ അറിയപ്പെടുന്നത്. ഈ സ്മരണ നിലനിർത്തുന്നതിനും വേണ്ടിയാണ് അദ്ദേഹത്തിന്റെ ജന്മദിനമായ ഫെബ്രുവരി 19 പഞ്ചായത്ത് ദിനമായി ആഘോഷിക്കുന്നത്.

അദ്ദേഹം ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവ് എന്നതിനപ്പുറം സാമൂഹ്യ പരിഷ്ക്കർത്താവ്, സ്വാതന്ത്ര്യസമര സേനാനി, രാഷ്ട്രീയ നേതാവ്, മികച്ച പാർലമെന്റേറിയൻ, ഭരണാധികാരി, ചരിത്ര ഗവേഷകൻ, എഴുത്തുകാരൻ, പത്രാധിപർ എന്നീ നിലകളിൽ ബഹുമുഖ പ്രതിഭയായിരുന്നു. ഏത് തൊപ്പിയണിയാനും പാകമായിരുന്നു അദ്ദേഹത്തിന്റെ ശിരസ്സ്. ഈ മാന്യ പ്രതിഭയെ ആദരിക്കുന്നതിനുള്ള അവസരമാണ് പഞ്ചായത്ത്ദിനം ആഘോഷിക്കുന്നതിലൂടെ നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് വന്നുചേർന്നത്.

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നതെന്നും അതിനാൽ ഗ്രാമങ്ങളെ വിസ്മരിച്ചുകൊണ്ടുള്ള ഒരു ഭരണക്രമത്തിന് പ്രസക്തി ഇല്ലെന്നും ഉദ്ബോധിപ്പിച്ച മഹാത്മജിയുടെ സ്വപ്നമായിരുന്നു സ്വയം പര്യാപ്ത ഗ്രാമം അഥവാ ഗ്രാമസ്വരാജ്. നമ്മുടെ ഭരണ സംവിധാനം ഗ്രാമതലത്തിൽ നിന്നും തുടങ്ങണമെന്ന് നിർദ്ദേശിച്ച രാഷ്ട്രപിതാവ്, വെറും ഒരു നികുതി സംഭരണ കേന്ദ്രം എന്നതിനപ്പുറം ഗ്രാമതലത്തിൽ അധികാരവും വിഭവവും നല്കി സ്വയം പര്യാപ്ത ഗ്രാമസൃഷ്ടിക്ക് ഉതകുന്ന തരത്തിൽ അധികാരം ജനങ്ങൾക്ക് നല്കണമെന്ന് ഉപദേശിക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തുകൾ സംഘടിപ്പിക്കുവാൻ ഭരണഘടനയിലെ 40-ാം അനുഛേദത്തിൽ നിർദ്ദേശിച്ചിരുന്നുവെങ്കിലും അതിന് വേണ്ടത്ര പരിഗണന

> **ത്രിതല പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഉപജ്ഞാതാവ് എന്നതിനപ്പുറം സാമൂഹ്യപരിഷ്ക്കർത്താവ്, സ്വാതന്ത്ര്യസമര സേനാനി, രാഷ്ട്രീയ നേതാവ്, മികച്ച പാർലമെന്റേറിയൻ, ഭരണാധികാരി, ചരിത്ര ഗവേഷകൻ, എഴുത്തുകാരൻ, പത്രാധിപർ എന്നീ നിലകളിൽ ബഹുമുഖ പ്രതിഭയായിരുന്നു ബൽവന്ത്റായ് മേത്ത. ഏത് തൊപ്പിയണിയാനും പാകമായിരുന്നു അദ്ദേഹത്തിന്റെ ശിരസ്സ്. ഈ മാന്യ പ്രതിഭയെ ആദരിക്കുന്നതിനുള്ള അവസരമാണ് പഞ്ചായത്ത്ദിനം ആഘോഷിക്കുന്നതിലൂടെ നമ്മുടെ പ്രാദേശിക സർക്കാരുകൾക്ക് വന്നുചേർന്നത്.**

സംസ്ഥാന സർക്കാരുകൾ നല്കുകയുണ്ടായില്ല. രാഷ്ട്രീയ നേതൃത്വങ്ങളും ഭരണാധികാരികളും അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും വികേന്ദ്രീകൃതാസൂത്രണത്തെക്കുറിച്ചും വാതോരാതെ ചർവ്വിതചർവ്വണം ചെയ്യുമെങ്കിലും അധികാരം തന്നിൽവരെ മതി എന്നതാണ് പൊതുവായ വികാരം.

ഗ്രാമവികസനവും കാർഷിക വികസനവും നവഭാരതസൃഷ്ടിക്ക് അടിത്തറയാകുമെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു വിഭാവനം ചെയ്യുകയുണ്ടായി. ഇതിന് ഊന്നൽ നല്കിക്കൊണ്ടാണ് ഒന്നാം പഞ്ചവത്സര പദ്ധതിയിൽ കമ്മ്യൂണിറ്റി ഡവലപ്മെന്റ് പ്രോജക്ട്, നാഷണൽ എക്സ്റ്റൻഷൻ സർവ്വീസ് സ്കീം എന്നീ ഗ്രാമ വികസന പരിപാടികൾ ബ്ലോക്കുകൾ അടിസ്ഥാനമാക്കി നടപ്പിലാക്കിയത്. എന്നാൽ ഇതിന് ഉദ്ദേശിച്ച ഫലം ഉണ്ടായില്ല. ഇതിന്റെ കാരണം കണ്ടെത്തുന്നതിനും, പഞ്ചായത്ത് രാജിന്റെ പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് ഏകരൂപത്തിൽ ഭാരതമൊട്ടാകെ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമാണ് 1956ൽ ബൽവന്ത്റായ് മേത്തയുടെ അദ്ധ്യക്ഷതയിൽ ഒരു പാർലമെന്ററി കമ്മിറ്റിയെ നിയോഗിച്ചത്. ഭാരതത്തിലുടനീളം സഞ്ചരിച്ച പഠനസംഘം ജനപങ്കാളിത്തമില്ലാതെ ഗ്രാമവികസന പദ്ധതികൾ നടപ്പാക്കിയതാണ് പ്രധാനമായും പരാജയ കാരണമെന്ന് കണ്ടെത്തി.

സാമൂഹിക വികസനരംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് അധികാരവികേന്ദ്രീകരണം നടപ്പിലാക്കണമെന്നും, ഇതിന് ത്രിതല ഗ്രാമഭരണ സംവിധാനത്തിന് രൂപം നല്കണമെന്നും, ഇതിനുതകും വിധം സംസ്ഥാന സർക്കാരുകൾ ത്രിതല ഭരണ സംവിധാനത്തിനാവശ്യമായ അധികാരം നിയമംമൂലം നല്കണമെന്നും ബൽവന്ത്റായ് മേത്താ കമ്മിറ്റി ശുപാർശ ചെയ്തു. 1957ൽ സമർപ്പിച്ച ശുപാർശ 1958 ൽ ദേശീയവികസന സമിതി അംഗീകരിക്കുകയും, സംസ്ഥാന സർക്കാരുകൾ ത്രിതല ഭരണസംവിധാനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാന സർക്കാരുകൾ മിക്കതും ഇതിന് ആവശ്യമായ പരിഗണന നല്കിയില്ല. ഓരോ സംസ്ഥാനങ്ങളും അവരവരുടെ അധികാരങ്ങൾക്ക് കാര്യമായ കോട്ടം തട്ടാതെ ചില ചെപ്പടിവിദ്യകളിൽ ഈ ശുപാർശയെ ഒതുക്കി എന്ന് പറയുന്നതാകും കൂടുതൽ ശരി. മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, ഏകതല സംവിധാനമാണെങ്കിലും കേരളം മേന്മ പുലർത്തിയെന്നത് വസ്തുതയാണ്. വീണ്ടും കേന്ദ്ര പദ്ധതികൾ പരാജയപ്പെട്ടുകൊണ്ടേയിരുന്നു. അനുവദിച്ച തുകയുടെ 15 ശതമാനത്തിന്റെ ഗുണം മാത്രമേ ജനങ്ങളിലെത്തിയുള്ളുവെന്ന് മുൻപ്രധാനമന്ത്രി യശ:ശരീരനായ രാജീവ് ഗാന്ധി കണ്ടെത്തി. അദ്ദേഹത്തിന്റെ കാലത്ത് ആരംഭിച്ച 64,65-ാം ഭരണഘടനഭേദഗതികളാണ് പല തടസ്സങ്ങൾ പിന്നിട്ട് 1992ലെ 73,74-ാം ഭരണഘടനാഭേദഗതികളായി യാഥാർത്ഥ്യമായത്.

കേരളത്തിൽ ഭരണഘടനാ ഭേദഗതിയെത്തുടർന്ന് നിർമ്മിച്ച പഞ്ചായത്ത് രാജ്/നഗരപാലിക നിയമങ്ങൾ മറ്റ് സംസ്ഥാന നിയമങ്ങളെ അപേക്ഷിച്ച് വളരെ മികച്ചതാണ്. ഇവിടെ അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃതാസൂത്രണവും ഇപ്പോൾ സ്ഥാപനവല്ക്കരിച്ച അവസ്ഥയിലാണ്. ഏറ്റവും കൂടുതൽ അധികാരവും വിഭവവും നല്കിയ സംസ്ഥാനം നമ്മുടേതാണ്. എന്നിരുന്നാലും മഹാത്മാഗാന്ധി പ്രകടിപ്പിച്ച ചില ആശങ്കകൾ ഇന്നും നിലനില്ക്കുന്നുണ്ട്. "ഇന്ത്യയുടെ കഷ്ടകാലത്തിന് കക്ഷിതിരുവുകളും ഭിന്നതകളും നഗരങ്ങളിലെന്നപോലെ ഗ്രാമങ്ങളിലും കാണാം. ഗ്രാമങ്ങളുടെ ക്ഷേമത്തെപ്പറ്റി ശ്രദ്ധകുറവായും, കക്ഷിബലം വർദ്ധിപ്പിക്കുന്നതിന് ശ്രദ്ധ കൂടുതലായും ശക്തിരാഷ്ട്രീയം നമ്മുടെ ഗ്രാമങ്ങളിൽ കടന്നുകൂടുമ്പോൾ ഇത് ഗ്രാമീണ പുരോഗതിക്ക് സഹായകമായല്ല, തടസ്സമായാണ് കാണുന്നത്. നാം കക്ഷി രാഷ്ട്രീയത്തിന്റെ ഭാഷ്യത്തിൽ നിന്ന് മുക്തരാണെങ്കിൽ തെറ്റു പറ്റാനിടയില്ല. വാസ്തവത്തിൽ ഗ്രാമങ്ങളാണ് രാജ്യത്തിന്റെ നട്ടെല്ല്. നമ്മുടെ ഗ്രാമങ്ങളിലെ ഗുണവിശേഷം അംഗീകരിക്കാൻ വേണ്ട എളിമ നമുക്കില്ലാത്തതിനാൽ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന ഗ്രാമീണരെ നാം കാണുന്നില്ല. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണ് കുടികൊള്ളുന്നത്. ഗ്രാമങ്ങൾ നശിച്ചാൽ ഇന്ത്യയാകും നശിക്കുക". ഈ ആശങ്കകൾ ശക്തിപ്പെടുത്തുന്ന വാർത്തകൾ ഇന്ന് മാധ്യമങ്ങളിൽ കാണുന്നുണ്ട്.

**ബൽവന്ത്റായ് മേത്തയുടെ ജീവചരിത്രം**

ഗുജറാത്തിലെ സൗരാഷ്ട്രമേഖലയിലെ ഭവനഗറിൽ ഒരിടത്തരം കുടുംബത്തിൽ 1899 ഫെബ്രുവരി 19ന് ജനിച്ചു. സബീർ ബന്നും, റയിൽവേ ഉദ്യോഗസ്ഥനായിരുന്ന ഗോപാൽജി ത്രിഭുവൻ ദാസുമാണ് മാതാപിതാക്കൾ. 1938 ഏപ്രിൽ 19 ന് സരോജയെ വിവാഹം ചെയ്തു. ബൽവന്തിന്റെ മാതൃസഹോദരനായ ഹരിവല്ലഭ് കെ. പരേഖിന്റെ സംരക്ഷണയിലായിരുന്നു ബാല്യകാലം. ചെറുപ്പത്തിൽ തന്നെ പുസ്തകങ്ങൾ വായിക്കുന്നതിലും ചരിത്രം പഠിക്കുന്നതിലും തല്പരനായിരുന്നു. ബോംബെ യൂണിവേഴ്സിറ്റിയിൽ നിന്നും സാമ്പത്തിക ശാസ്ത്രത്തിൽ ബി.എ. പരീക്ഷ ജയിച്ചു. എന്നാൽ 1920-ൽ നാഗ്പൂരിൽ ചേർന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ആഹ്വാനമനുസരിച്ച് ബി.എ.ഡിഗ്രി അദ്ദേഹം സ്വീകരിക്കുകയുണ്ടായില്ല. തുടർന്ന് ഗുജറാത്ത് വിദ്യാപീഠത്തിൽ നിന്ന് ഇതേ വിഷയത്തിൽ വീണ്ടും ഡിഗ്രി നേടി.

മഹാത്മാഗാന്ധി ദക്ഷിണാഫ്രിക്കയിൽ തുല്യാവകാശത്തിനുവേണ്ടിയും അടിമത്തത്തിനും വർണ്ണവിവേചനത്തിനെതിരെയും നടത്തിയ സത്യാഗ്രഹം ബൽവന്തിനെ ഏറെ സ്വാധീനിച്ചു. മഹാത്മജിയുടെ ഈ പാത പിൻതുടർന്ന് ഭവനഗർ, സൗരാഷ്ട്ര തുടങ്ങിയ നാട്ടുരാജ്യങ്ങളിൽ ജനാധിപത്യാവകാശങ്ങൾക്കു വേണ്ടി അഹിംസയിലധിഷ്ഠിതമായ സത്യാഗ്രഹ സമരത്തിന് നേതൃത്വം നല്കി. ഖദർവസ്ത്രധാരണവും ലളിത ജീവിതവും സ്വീകരിച്ചു. പ്രാദേശിക-ദേശീയ-ലോക സാഹിത്യങ്ങളിൽ നിന്നും ആർജ്ജിച്ച വിശാലമായ അറിവ് അദ്ദേഹത്തിന്റെ ജീവിത വീക്ഷണത്തിൽ ഒട്ടേറെ മാറ്റങ്ങൾ വരുത്തി.

1920-ൽ ഭവനഗറിൽ റയിൽവേ യൂണിയൻ രൂപീകരിച്ചുകൊണ്ടാണ് സംഘടനാ പ്രവർത്തനത്തിന് നാന്ദികുറിച്ചത്. സ്ത്രീ ശാക്തീകരണത്തിനും ഹരിജന ക്ഷേമത്തിനും ഊന്നൽ നല്കുന്ന പ്രവ



# ബൽവന്ത്റായ് മേത്തയെ സ്മരിക്കുമ്പോൾ

ർത്തനങ്ങളിലും ഏർപ്പെട്ടു. വനിതകളുടെ വിദ്യാഭ്യാസത്തിനും പൊതുപ്രവർത്തനത്തിനും അവസരമുണ്ടാക്കുന്നതിനുവേണ്ടി മഹിളാ സമാജങ്ങളും, 1927-ൽ താക്കർ ബാപ്പയുടെ പ്രവർത്തനങ്ങളിലൂന്നി താക്കർ ബാപ്പാ ആശ്രമം സ്ഥാപിച്ച് ഹരിജന ക്ഷേമപ്രവർത്തനങ്ങൾക്കും നേതൃത്വം നല്കി. അതേവർഷം തന്നെ വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സൗരാഷ്ട്ര സേവാ സമിതിയും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ലാല ലജ്പത് റായ് രൂപീകരിച്ച സർവ്വൻസ് ഓഫ് പീപ്പിൾ സൊസൈറ്റിയിൽ ആജീവനാന്ത അംഗമായിരുന്നു. 1921 ൽ കത്തിയവാർ രാഷ്ട്രീയ സംഘത്തിൽ പ്രവർത്തിക്കുമ്പോൾ ഗുജറാത്തി വാരികയായ 'സൗരാഷ്ട്ര'യിൽ എഡിറ്റോറിയൽ ബോർഡംഗമായിരുന്നു. ഭവനഗറിലാണ് രാഷ്ട്രീയ ജീവിതം ആരംഭിച്ചത്. 1923 ൽ ഭവനഗർ പ്രജാമണ്ഡൽ എന്ന സംഘടനയ്ക്ക് രൂപം നല്കി ജനാധിപത്യാവകാശങ്ങൾക്ക് വേണ്ടി പോരാടി. ലജ്പത് റായ് സൊസൈറ്റിയുടെ 'സ്റ്റേറ്റ്സ് പീപ്പിൾ' എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരായിരുന്നു. 1928 മുതൽ 1947 വരെ ഈ സൊസൈറ്റിയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലയളവിൽ മറ്റ് സ്റ്റേറ്റുകളിൽ പ്രവർത്തിക്കാനും അവസരമുണ്ടായി. സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി കോൺഗ്രസ്സിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുവാനും അദ്ദേഹം ശ്രമിക്കുകയുണ്ടായി. 1923ൽ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ നടത്തിയ നാഗ്പൂർ പതാക സത്യാഗ്രഹത്തിൽ പങ്കെടുത്തതിനെ തുടർന്ന് അറസ്റ്റ് ചെയ്യപ്പെട്ടു. 5 വർഷങ്ങൾക്കുശേഷം സർദാർ വല്ലഭായ് പട്ടേൽ അദ്ദേഹത്തെ ബർദോളിലേയ്ക്ക് ക്ഷണിക്കുകയും മോട്ടാ ക്യാമ്പിന്റെ ചുമതല ഏല്പിക്കുകയും ചെയ്തു. അവിടെവച്ചും അദ്ദേഹം അറസ്റ്റ് ചെയ്യപ്പെട്ടു. 1930 ൽ മഹാത്മാഗാന്ധിയുടെ നിർദ്ദേശാനുസരണം ദോലേറയിലേയ്ക്ക് ഉപ്പ് സത്യാഗ്രഹ സംഘത്തെ നയിച്ച് അറസ്റ്റ് വരിച്ചു. 1932ൽ ധൻദുക് താലൂക്ക് കോൺഗ്രസ്സിന്റെ അദ്ധ്യക്ഷനായി. തന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലപ്പെടുത്തുകയും സ്വന്തം നിലയ്ക്ക് സത്യാഗ്രഹ സമരം ആഹ്വാനം ചെയ്തതിനെത്തുടർന്ന് 1940 ൽ അറസ്റ്റ് ചെയ്യപ്പെട്ടു. ക്വിറ്റ് ഇന്ത്യാസമരത്തെത്തുടർന്ന് 1942 ലും അറസ്റ്റ് വരിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി 7 വർഷത്തോളം അദ്ദേഹം ജയിൽ ജീവിതം നയിച്ചു.

**സാമൂഹിക വികസനരംഗത്ത് കൂടുതൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് അധികാരവികേന്ദ്രീകരണം നടപ്പിലാക്കണമെന്നും, ഇതിന് ത്രിതല ഗ്രാമഭരണ സംവിധാനത്തിന് രൂപം നല്കണമെന്നും, ഇതിനുതകും വിധം സംസ്ഥാന സർക്കാരുകൾ ത്രിതല ഭരണ സംവിധാനത്തിനാവശ്യമായ അധികാരം നിയമംമൂലം നല്കണമെന്നും ബൽവന്ത്റായ് മേത്താ കമ്മിറ്റി ശുപാർശ ചെയ്തു. 1957 ൽ സമർപ്പിച്ച ശുപാർശ 1958 ൽ ദേശീയവികസന സമിതി അംഗീകരിക്കുകയും, സംസ്ഥാന സർക്കാരുകൾ ത്രിതല ഭരണസംവിധാനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ സംസ്ഥാന സർക്കാരുകൾ മിക്കതും ഇതിന് ആവശ്യമായ പരിഗണന നല്കിയില്ല. ഓരോ സംസ്ഥാനങ്ങളും അവരവരുടെ അധികാരങ്ങൾക്ക് കാര്യമായ കോട്ടം തട്ടാതെ ചില ചെപ്പടിവിദ്യകളിൽ ഈ ശുപാർശയെ ഒതുക്കി എന്ന് പറയുന്നതാകും കൂടുതൽ ശരി.**

1946 ൽ ആദ്യമായി ഭവനഗർ സ്റ്റേറ്റ് ലജിസ്ലേറ്റീവ് അസംബ്ലിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് പ്രതിപക്ഷനേതാവായി. 1948ൽ ഭവനഗർ സ്റ്റേറ്റിന്റെ പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ടു. 1946 മുതൽ 1950 വരെ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സഭയിൽ (Indian Constitutent Assembly) അംഗമായിരുന്നു. 1948 ൽ സൗരാഷ്ട്ര സംസ്ഥാനം രൂപീകരിച്ചതിനെത്തുടർന്ന് അവിടെ മുഖ്യമന്ത്രിയായി സേവനമനുഷ്ഠിച്ചു. കോൺഗ്രസ് പാർട്ടിയുടെ വിവിധതലങ്ങളിൽ പ്രവർത്തിച്ച അദ്ദേഹം 1950-52 കാലത്ത് ഗുജറാത്ത് പ്രദേശ് കോൺഗ്രസ്സ് കമ്മിറ്റിയുടെ ജനറൽ സെക്രട്ടറിയുമായിരുന്നു.

1952 ൽ ലോകസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം 1958 മുതൽ 1959 വരെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായി. ഈ കാലയളവിൽ നൂറ് (100) റിപ്പോർട്ടുകൾ സമർപ്പിക്കുകയുണ്ടായി. 1958ൽ ആൾ ഇന്ത്യാ പഞ്ചായത്ത് പരിഷത്ത് രൂപീകരിക്കുകയും 1961 വരെ അതിന്റെ അദ്ധ്യക്ഷനായി സേവനമനുഷ്ഠിക്കുകയും 1957 ൽ ഗ്രാമവികസന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ബൽവന്ത്റായ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായി നിയമിച്ച കാര്യം നേരത്തെ പ്രതിപാദിച്ചിരുന്നു. ഇന്ത്യൻ സംസ്ഥാനങ്ങളിലെ സ്വാതന്ത്ര്യ സമരചരിത്രം തയ്യാറാക്കുന്നതിന് പ്രധാനമന്ത്രി പണ്ഡിററ് ജവഹർലാൽ നെഹ്റു നിയമിച്ച എഡിറ്റോറിയൽ ബോർഡിന്റെ അദ്ധ്യക്ഷനും ബൽവന്ത് റായിയായിരുന്നു.

1963 സെപ്തംബർ മാസത്തിൽ അദ്ദേഹം ഗുജറാത്ത് സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടു. 1965 സെപ്തംബർ 19ന് ഇന്തോ-പാക് യുദ്ധകാലത്ത് ഇന്ത്യൻ സൈന്യത്തിന് ആത്മബലം പകരുന്നതിന് പത്നീ സമേതനായി അതിർത്തിമേഖലയിൽ സന്ദർശനം നടത്തിയപ്പോൾ ശത്രുസൈന്യത്തിന്റെ വെടിയേറ്റ് വിമാനം തകരുകയും പത്നീസമേതനായി വീരസ്വർഗ്ഗം പ്രാപിക്കുകയും ചെയ്തു.

**ഉപസംഹാരം**

രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയും, രാഷ്ട്രശില്പിയായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും, ഇന്ത്യയുടെ ഉരുക്ക് മനുഷ്യനായ സർദാർ വല്ലഭായ് പട്ടേലും നേരിട്ട് ദൗത്യങ്ങൾ ഏല്പിച്ച് നല്കിയ അമൂർത്തമായ വ്യക്തിത്വത്തിനുടമയുമായ ബൽവന്ത്റായിയുടെ സംഭവബഹുലമായ ജീവിതം എല്ലാവർക്കും ഒരു പാഠമാകേണ്ടതാണ്. അദ്ദേഹത്തിന്റെ 111-ാം ജന്മവാർഷികമാണ് ഫെബ്രുവരി 19ന് ആഘോഷിക്കുന്നത്. ഇത് അർഹിക്കുന്ന വിധത്തിൽ ആഘോഷിക്കുന്നതോടൊപ്പം, അദ്ദേഹം വിഭാവനം ചെയ്ത ത്രിതല പഞ്ചായത്ത് ഭരണസംവിധാനങ്ങൾ ജനക്ഷേമകരമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനുള്ള ചുമതലയും എല്ലാവർക്കുമുണ്ട്. നമ്മുടെ മാർഗ്ഗദർശികളുടെ സ്വപ്ന സാക്ഷാത്കാരത്തിന് ഊർജ്ജം പകരുന്നതാകട്ടെ ബൽവന്ത് റായ് സ്മരണയും പഞ്ചായത്ത് ദിനാഘോഷവും. ■

*ലേഖകൻ പഞ്ചായത്ത് വകുപ്പിലെ മുൻ പബ്ലിസിറ്റി ആഫീസറാണ്*

ജി. സാജൻ



# ഗ്രീൻ കേരള എക്സ്പ്രസ് യാത്രയാരംഭിക്കുന്നു

**മാർച്ച് ഒന്നിന് ഗ്രീൻകേരളാ എക്സ്പ്രസ് ദൂരദർശനിൽ സംപ്രേഷണം ആരംഭിക്കും. വൈകിട്ട് 5.30ന് ഭൂതല ചാനലിലും രാത്രി 8.30ന് ഉപഗ്രഹചാനലിലുമാണ് സംപ്രേഷണം. സംപ്രേഷണം ആരംഭിച്ചു കഴിഞ്ഞാൽ ഇന്നേവരെ ഈ പ്രക്രിയയിൽ പങ്കാളിത്തമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഇതിന്റെ ഭാഗമാവാൻ അവസരം ലഭിക്കും.**

ഗ്രീൻകേരളാ എക്സ്പ്രസ് കേരളത്തിലെ പഞ്ചായത്തുകളിലേയ്ക്ക് യാത്രയാരംഭിച്ചു കഴിഞ്ഞു. ഒന്നാം ഘട്ടത്തിൽ അൻപത് പഞ്ചായത്തുകളിലേയ്ക്കാണ് യാത്ര. സുസ്ഥിര വികസനത്തിന്റെ മാതൃകകൾ തേടിയാണ് യാത്ര. നിലനിൽക്കുന്ന, സ്ഥായിയായ വികസനത്തിന്റെ ദൃശ്യബിംബമായി സ്വീകരിച്ചിരിക്കുന്ന സൈക്കിളിലാണ് യാത്ര. പഞ്ചായത്തുകൾ തയ്യാറാക്കി അയച്ചു തന്ന ദൃശ്യ ചിത്രങ്ങളെ അടിസ്ഥാനപ്പെടുത്തി സംപ്രേഷണം ചെയ്യാൻ അനുയോജ്യമായ ലഘുചിത്ര നിർമ്മാണമാണ് ഇവരുടെ ദൗത്യം. ഇതിന്റെ ഭാഗമായി പഞ്ചായത്തിന്റെ പ്രതിനിധികളേയും ഉദ്യോഗസ്ഥരേയും പൊതുജനങ്ങളേയും കാണുന്നു. വ്യത്യസ്തമായ അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നു. ഇത്തരത്തിൽ തയ്യാറാക്കുന്ന ദൃശ്യചിത്രങ്ങളാണ് റിയാലിറ്റിഷോയുടെ വേദിയിൽ ജൂറിയുടെ മുൻപേ അവതരിപ്പിക്കുക. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന്റെ മുൻ ഡയറക്ടറും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനുമായ ഡോ. കെ.പി. കണ്ണനാണ് ജൂറിക്ക് നേതൃത്വം നൽകുന്നത്. കണ്ണൂർ സർവ്വകലാശാല ആന്ത്രപോളജി വിഭാഗം മേധാവി ഡോ. വിനീതാമേനോൻ സ്ഥിരം ജൂറിയുടെ ഭാഗമാണ്. പ്രമുഖ ശാസ്ത്രജ്ഞരും സാമൂഹിക പ്രവർത്തകരും ഉന്നത ഉദ്യോഗത്തിൽ നിന്ന് വിരമിച്ചവരുമൊക്കെ അടങ്ങുന്ന ഒരു സാങ്കേതിക ജൂറിയും പഞ്ചായത്തുകളെ വിലയിരുത്തും. ആർ.വി.ജി. മേനോൻ, ആർ. ഹേലി, എം.കെ. പ്രസാദ്, ടി.എൻ. ജയചന്ദ്രൻ, സി.പി. നായർ, ജെ. ലളിതാംബിക തുടങ്ങി പ്രശസ്തരും പ്രഗത്ഭരുമായ ഏറെ വ്യക്തികൾ ഈ വിലയിരുത്തൽ പ്രക്രിയയിൽ പങ്കാളികളാവും. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ



സെക്രട്ടറി എസ്.എം. വിജയാനന്ദ് IAS ന്റെ നേതൃത്വത്തിലുള്ള ഒരു ടെക്നിക്കൽ ജൂറിയാണ് പ്രാരംഭ വിലയിരുത്തൽ നടത്തുന്നത്. ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിൽ തന്നെ നൂതനമായ ഈ മാധ്യമ പരീക്ഷണത്തെ വിലയിരുത്താൻ ദേശീയ രംഗത്ത് പ്രശസ്തരായ പണ്ഡിതന്മാരെ ക്ഷണിച്ചിട്ടുണ്ട്. പി. സായ്നാഥ്, മിഹിർഷാ, ജാൻ ഡ്രീസ്, രാജേന്ദ്ര സിംഗ്, അരുണാറോയ് എന്നിവരെ ഈ പ്രക്രിയയിൽ പങ്കാളികളാവാൻ ക്ഷണിച്ചിട്ടുണ്ട്.

മാർച്ച് ഒന്നിന് ഗ്രീൻകേരളാ എക്സ്പ്രസ് ദൂരദർശനിൽ സംപ്രേഷണം ആരംഭിക്കും. വൈകിട്ട് 5.30ന് ഭൂതല ചാനലിലും രാത്രി 8.30ന് ഉപഗ്രഹചാനലിലുമാണ് സംപ്രേഷണം. സംപ്രേഷണം ആരംഭിച്ചു കഴിഞ്ഞാൽ ഇന്നേവരെ ഈ പ്രക്രിയയിൽ പങ്കാളിത്തമില്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഇതിന്റെ ഭാഗമാവാൻ അവസരം ലഭിക്കും. മികച്ച തദ്ദേശസ്വയംഭരണ സ്ഥാപനത്തിനൊപ്പം സുസ്ഥിര വികസന മാതൃകകൾ, വികസിക്കപ്പെടുന്ന വ്യക്തികൾ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ എന്നിവയെ പരിചയപ്പെടുത്താനുള്ള ഇടവുമുണ്ടാവും. സുസ്ഥിര വികസന ചിന്തകൾക്കായി സ്കൂൾ കുട്ടികൾക്കായി മത്സരങ്ങളും കാണും. നമ്മുടെ നാടിന്റെ കാണാത്ത കാഴ്ചകൾ ലഘുചിത്രങ്ങളാക്കി പ്രേക്ഷകർക്ക് അയയ്ക്കാം. ഇതിൽ നിന്ന് അനുയോജ്യമായവ സിറ്റിസൺ ജേർണലിസ്റ്റ് റിപ്പോർട്ടായി സംപ്രേഷണം ചെയ്യും.

കുറച്ചു വിജയികളെമാത്രം തെരഞ്ഞെടുക്കാനുള്ള ഒരു മത്സരമല്ല ഗ്രീൻ കേരള എക്സ്പ്രസ്. ഒരു പക്ഷേ പങ്കെടുക്കുന്ന എല്ലാവരുംതന്നെ വിജയിക്കുന്ന ഒരു മത്സരമാണിത്. കേരള സമൂഹം തന്നെയാണ് ഇവിടെ വിജയിക്കുന്നത്. സുസ്ഥിര വികസനം എന്ന ആശയത്തിന്റെ വിജയം കൂടിയാണിത്.

ഓരോ സമൂഹത്തിന്റേയും ചാലകശക്തി അവിടെ ഉല്പാദിപ്പിക്കപ്പെടുന്ന പുതുമയാർന്ന ആശയങ്ങളാണ്. ഈ ആശയങ്ങളെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും പുറം ലോകത്തിന് പരിചയപ്പെടുത്തുകയും വേണം. ഇതിലൂടെയേ പുതിയ ആശയങ്ങൾ സൃഷ്ടിക്കാനുള്ള സർഗശക്തി നിലനിൽക്കുകയുള്ളു. നാം ഇതേവരെ പരിചയപ്പെട്ടിട്ടില്ലാത്ത ആരൊക്കെയോ ചിലർ സമൂഹത്തിന്റെ പല കോണുകളിലിരുന്ന് ആശയങ്ങൾക്ക് ചിന്തേരിടുകയാണ്. ഇവരെ നമുക്ക് കാണണ്ടേ? പുറംലോകത്തിന് പരിചയപ്പെടുത്തേണ്ടേ?

ഗ്രീൻകേരള എക്സ്പ്രസ് യാത്രയാരംഭിക്കുന്നത് ഈ ദൗത്യവുമായാണ്.■

*ലേഖകൻ തിരുവനന്തപുരം ദൂരദർശൻ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടറാണ്*



## പാർവ്വതി ദേവി

സ്ത്രീശാക്തീകരണത്തിന്റെ പ്രതീകമായി മാറിയ കേരളത്തിന്റെ സ്വന്തം കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പലിശസബ്സിഡി പദ്ധതിക്ക് തുടക്കമായി. ഉദ്ഘാടനം തരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ നടന്ന ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടി നിർവഹിച്ചു. ധനകാര്യ വകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക് മുഖ്യാതിഥിയായിരുന്നു.

ലഘു സമ്പാദ്യ മേഖലയിൽ കുടുംബശ്രീ സംവിധാനത്തിന് പുത്തൻ മാനം നൽകുന്നതിനു വേണ്ടി ആനാട് ഗ്രാമ പഞ്ചായത്തിലെ ശരവണ, ധനശ്രീ, കാരുണ്യ, സുമംഗലി, സൗപർണിക എന്നീ അയൽക്കൂട്ടങ്ങൾക്കുള്ള വായ്പാനുമതിപത്രം എസ്.ബി.ടി ചീഫ് ജനറൽ മാനേജർ എസ്. ബാലചന്ദ്രൻ അയൽക്കൂട്ട ഭാരവാഹികൾക്ക് കൈമാറി. ധനമന്ത്രി തോമസ് ഐസക് ബാങ്കിനുള്ള ചെക്കും ബാങ്ക് പ്രതിനിധികൾക്കുള്ള ഉപഹാരവും നൽകി. തദ്ദേശസ്വയം ഭരണ മന്ത്രി പാലോളി മുഹമ്മദ് കുട്ടി, എസ്.എൽ.ബി.സി. കൺവീനറായ എൻ.ആർ വെങ്കിട്ടരമണിയ്ക്ക് ഉപഹാരം നൽകി.

2009 ഏപ്രിലിനു ശേഷം ബാങ്ക്ലിങ്കേജ് നടത്തിയ അയൽക്കൂട്ടങ്ങൾക്കും സംഘകൃഷി ചെയ്യുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്കും ആണ് പലിശ സബ്സിഡി ലഭിക്കുന്നത്. താഴ്ന്ന പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുക എന്നതാണ് പലിശ സ്ബ്സിഡിയുടെ ലക്ഷ്യം. വായ്പാ വിതരണത്തിന്റെയും പലിശ സബ്സിഡി അനുവദിക്കുന്നതിന്റേയും മേൽനോട്ട ചുമതല അതതു സി.ഡി.എസുകൾക്കായിരിക്കും. 9% പലിശയിൽ 5% സർക്കാർ സബ്സിഡിയായി ലഭിക്കുന്ന സ്കീമാണിത്. ഒരു ലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് സബ്സിഡി ലഭിക്കും.

2009 ഏപ്രിൽ മാസത്തിനു ശേഷം ബാങ്ക്ലിങ്കേജ് വായ്പ എടുത്ത 8,921 അയൽക്കൂട്ടങ്ങൾക്കും വായ്പ പുനഃക്രമീകരിച്ച് പലിശ സബ്സിഡി ലഭിക്കും. അതിനായി ചില വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. പലിശ സബ്സിഡി ലഭിക്കണമെങ്കിൽ അയൽക്കൂട്ടം ഗ്രേഡ് ചെയ്ത് ഗ്രേഡിംഗ് പാസായിരിക്കണം.

# കുടുംബശ്രീ

## അയൽക്കൂട്ടങ്ങൾക്കുള്ള പലിശ സബ്സിഡി പദ്ധതിക്ക് തുടക്കമായി



*കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വേണ്ടി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന പലിശ സബ്സിഡി പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി ഉദ്ഘാടനം ചെയ്യുന്നു. ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക്, വി. ശിവൻകുട്ടി എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ആനാവൂർ നാഗപ്പൻ തുടങ്ങിയവർ സമീപം.*

2. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ഗ്രേഡ് ചെയ്യേണ്ടതില്ല (ഏരിയാ ഇൻസെന്റീവ് വാങ്ങിയിരിക്കണം).
3. അയൽക്കൂട്ടങ്ങൾ/ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ പലിശ സബ്സിഡിക്കായുള്ള അപേക്ഷഫോറം പൂരിപ്പിച്ച് എഡിഎസ് മുഖാന്തരം സിഡിഎസിന് നൽകണം.
4. അപേക്ഷ പരിശോധിച്ച് ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ്.
5. വായ്പ പുനഃക്രമീകരിക്കേണ്ടുന്ന അയൽക്കൂട്ടങ്ങൾ പ്രത്യേക അപേക്ഷാഫോമിൽ എഡിഎസ് മുഖാന്തരം സിഡിഎസിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

ഒമ്പത് ശതമാനം പലിശയ്ക്ക് ബാങ്കുകൾക്കു ലഭിക്കുന്ന വായ്പയിൽ 5% സബ്സിഡി സർക്കാർ നൽകും. 4% പലിശ മാത്രമാണ് അയൽക്കൂട്ടങ്ങൾ നൽകേണ്ടിവരുന്നത്. ഇതോടെ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കപ്പെടും എന്ന് മന്ത്രി പാലോളി മുഹമ്മദ് കുട്ടി പറഞ്ഞു. കാർഷിക മേഖലയിൽ, പ്രത്യേകിച്ച് തരിശു ഭൂമിയിലെ നെൽ കൃഷിയിൽ കുടുംബശ്രീയുടെ ഇടപെടൽ ചരിത്രം സൃഷ്ടിച്ചതായും പച്ചക്കറിരംഗത്ത് സ്വയം പര്യാപ്തത കൈവരിക്കാനുള്ള പരിശ്രമം വലിയ കാൽവെയ്പാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കേന്ദ്ര സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന മൈക്രോഫിനാൻസ് നിയമം പിൻവലിക്കണമെന്ന് മന്ത്രി ടി.എം. തോമസ് ഐസക് ആവശ്യപ്പെട്ടു. ഇരട്ട അംഗത്വം മൈക്രോ ഫിനാൻസ് സംവിധാനത്തെ തകർക്കുമെന്ന് ധനമന്ത്രി പറഞ്ഞു. രണ്ടിടത്തുനിന്ന് ഒരേ സമയം വായ്പയെടുക്കുന്നത് തിരിച്ചടവിനെ ബാധിക്കും. അംഗങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസമാണ് മൈക്രോഫിനാൻസിന്റെ മർമ്മം. അത് പലപ്പോഴും നഷ്ടമാകുമ്പോഴാണ് വികസനത്തിന് തടസ്സമുണ്ടാകുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. സാമൂഹിക-സാമ്പത്തിക അഭിപ്രായങ്ങളുടെയും ആശയങ്ങളുടെയും ഏകീകരണ വേദികൂടിയായി കുടുംബശ്രീ മാറിയിരിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു. ■

*ലേഖിക കുടുംബശ്രീയുടെ പബ്ലിക് റിലേഷൻസ് ആഫീസറാണ്*



*പലിശ സബ്സിഡി പദ്ധതിക്കുള്ള ചെക്ക് ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് എസ്.ബി.ടി. ചീഫ് ജനറൽ മാനേജർ എസ്. ബാലചന്ദ്രന് കൈമാറുന്നു. വി. ശിവൻകുട്ടി എം.എൽ.എ. സമീപം.*




# വിവാഹ രജിസ്ട്രേഷൻ

## നിരന്തരം ഉന്നയിക്കുന്ന ചോദ്യങ്ങൾ

*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹരജിസ്ട്രേഷൻ നടത്തുന്നതിനുള്ള നിയമവ്യവസ്ഥകൾ എന്തൊക്കെയാണ്?*

1957 ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാം. സുപ്രീം കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് 2008 ഫെബ്രുവരി 29 മുതൽ മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വിവാഹങ്ങൾ ഒഴികെ എല്ലാ വിവാഹങ്ങളും നിർബന്ധമായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

*ഹിന്ദു വിവാഹ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ എന്തൊക്കെയാണ്?*

1955 ലെ ഹിന്ദു വിവാഹ ആക്റ്റ് അനുസരിച്ചുള്ള വിവാഹങ്ങളാണ് 1957 ലെ കേരള ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ, അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നത്. ഇതിന് വിവാഹം നടന്ന തീയതി മുതൽ 15 ദിവസങ്ങൾക്കകം നിർദ്ദിഷ്ട ഫാറത്തിൽ വിവാഹം നടന്ന സ്ഥലത്തെ ലോക്കൽ രജിസ്ട്രാർക്ക് റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിൽ ഭാര്യാഭർത്താക്കന്മാരും രണ്ട് സാക്ഷികളും ഒപ്പുവയ്ക്കണം.

*ലോക്കൽ രജിസ്ട്രാർ ആരാണ്?*

ഗ്രാമ പഞ്ചായത്തുകളിലും ഗുരുവായൂർ ഒഴികെയുള്ള മുനിസിപ്പാലിറ്റികളിലും സെക്രട്ടറിമാരാണ് ഹിന്ദു വിവാഹ രജിസ്ട്രേഷൻ ലോക്കൽ രജിസ്ട്രാർമാർ. ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ 2008 ജൂൺ 17 മുതൽ ഹെൽത്ത് ഇൻസ്പെക്ടറെ ലോക്കൽ രജിസ്ട്രാറായി നിയമിച്ചിട്ടുണ്ട്.

*വിവാഹ തീയതി മുതൽ 15 ദിവസം കഴിഞ്ഞാൽ ഹിന്ദു വിവാഹ രജിസ്ട്രേഷൻ എങ്ങനെ നടത്താൻ സാധിക്കും.?*

15 ദിവസം കഴിഞ്ഞാൽ 30-ാം ദിവസം വരെ രജിസ്ട്രാർക്കു തന്നെ കാലതാമസം മാപ്പാക്കി രജിസ്ട്രേഷൻ നടത്താം. അതിനുശേഷം ജില്ലാ രജിസ്ട്രാറുടെ അനുമതിയോടെ രജിസ്ട്രേഷൻ നടത്താവുന്നതാണ്. അതതു ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് ജില്ലാ രജിസ്ട്രാർ.

*ഹിന്ദു വിവാഹ രജിസ്ട്രേഷന് ഫീസ് ഒടുക്കേണ്ടതുണ്ടോ?*

ഹിന്ദു വിവാഹ രജിസ്ട്രേഷന്, സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫീസ് ഒഴികെ യാതൊരുവിധ ഫീസും ചുമത്തുന്നതിന് വ്യവസ്ഥയില്ല.

*സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ഫീസ് എത്രയാണ്?*

ഹിന്ദു വിവാഹ സർട്ടിഫിക്കറ്റിനുള്ള ഫീസ് 10 രൂപയാണ്.

*രജിസ്ട്രേഷനിൽ ഏതെങ്കിലും വിവരം തെറ്റിപ്പോയാൽ തിരുത്താൻ കഴിയുമോ?*

കഴിയും. പേര്, വയസ്, തീയതി തുടങ്ങിയ സാരവത്തായ വിവരങ്ങളിലെ തിരുത്തലുകൾക്ക് രജിസ്ട്രാർ ജനറൽ ആയ പഞ്ചായത്ത് ഡയറക്ടറുടെ അനുവാദം ആവശ്യമാണ്. ലഘുവായ തിരുത്തലുകൾ രജിസ്ട്രാർക്കുതന്നെ അനുവദിക്കാം.

*2008 ഫെബ്രുവരി 29 മുതൽ എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിന് ചട്ടങ്ങൾ നിലവിൽ വന്നുവല്ലോ. ഇതനുസരിച്ചുള്ള രജിസ്ട്രേഷൻ നടപടിക്രമങ്ങൾ എന്താണ്?*

2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ അനുസരിച്ച് വിവാഹതീയതി മുതൽ 45 ദിവസത്തിനകം വിവാഹം നടന്ന സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിർദ്ദിഷ്ട ഫാറത്തിൽ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പ് സമർപ്പിക്കണം. മെമ്മോറാണ്ടത്തിൽ ഭാര്യാഭർത്താക്കന്മാരും രണ്ട് സാക്ഷികളും ഒപ്പു വയ്ക്കുകയും ഭാര്യാഭർത്താക്കന്മാരുടെ ഫോട്ടോ പതിക്കുകയും ചെയ്യണം. കൂടാതെ, 2 സെറ്റ് അഡീഷണൽ ഫോട്ടോഗ്രാഫും വിവാഹം സംബന്ധിച്ച തെളിവും, വയസ്, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളും നൽകണം.

*എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്നുണ്ടോ? അതോ ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവുകൾ*

*ഉണ്ടോ?*

എല്ലാ വിവാഹങ്ങളും നിർബന്ധമായും രജിസ്റ്റർ ചെയ്യണം. മറ്റേതെങ്കിലും സ്റ്റാറ്റ്യൂട്ട് അനുസരിച്ച് രജിസ്ട്രേഷൻ നടത്തുന്നതിന് വ്യവസ്ഥയുള്ള വിവാഹങ്ങൾ അതനുസരിച്ച് രജിസ്റ്റർ ചെയ്താൽ മതിയാകുന്നതാണ്.

*പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടപ്രകാരമുള്ള രജിസ്ട്രാറും മറ്റ് അധികാരസ്ഥാനങ്ങളും ആരൊക്കെയാണ്?*

ജനന മരണ രജിസ്ട്രേഷൻ ആക്റ്റ് പ്രകാരം സർക്കാർ നിയമിച്ചിട്ടുള്ള രജിസ്ട്രാർമാരാണ് വിവാഹ (പൊതു) ലോക്കൽ രജിസ്ട്രാർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ (DDP) ഗ്രാമ പ്രദേശത്തെയും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർ (RJD) നഗരപ്രദേശത്തെയും രജിസ്ട്രാർ ജനറൽമാരും പഞ്ചായത്ത് ഡയറക്ടർ മുഖ്യ രജിസ്ട്രാർ ജനറലുമാണ്.

*വിവാഹ രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുമ്പോൾ തെളിവായി എന്തൊക്കെ രേഖകൾ സ്വീകരിക്കും?*

വിവാഹം നടന്നത് ഏതെങ്കിലും മതാചാര പ്രകാരമാണെങ്കിൽ ബന്ധപ്പെട്ട മതാധികാര സ്ഥാപനം നൽകുന്ന സർട്ടിഫിക്കറ്റ്, അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ, എം.പി., എം.എൽ.എ, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗം ഇവരിൽ ആരെങ്കിലും ചട്ടപ്രകാരമുള്ള ഫാറം നമ്പർ 2 ൽ നൽകുന്ന പ്രഖ്യാപനവും ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിലാണെങ്കിൽ അതനുസരിച്ച് സൂക്ഷിക്കുന്ന രജിസ്റ്ററിന്റെ എക്സ്ട്രാക്റ്റ് അഥവാ സർട്ടിഫിക്കറ്റും തെളിവായി സ്വീകരിക്കുന്നതാണ്.

*ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിന്റെ അടിസ്ഥാനത്തിലുള്ള വിവാഹം എന്നത് ഒന്ന് വിശദീകരിക്കാമോ?*

വിവാഹം സംബന്ധിച്ച് 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ്, 1955 ലെ ഹിന്ദു മാര്യേജ് ആക്റ്റ്, 1872 ലെ ഇന്ത്യൻ ക്രിസ്ത്യൻ മാര്യേജ് ആക്റ്റ്, കൊല്ലവർഷം 1095 ലെ കൊച്ചിൻ ക്രിസ്ത്യൻ സിവിൽ മാര്യേജ് ആക്റ്റ് തുടങ്ങിയവ നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള സ്റ്റാറ്റ്യൂട്ടുകളാണ്. ഇവയുടെ അടിസ്ഥാനത്തിൽ വിവാഹം നടത്താവുന്നതാണ്.

*45 ദിവസത്തിനുള്ളിൽ വിവാഹം റിപ്പോർട്ട് ചെയ്തില്ലെങ്കിൽ പിന്നീട് അവ രജിസ്റ്റർ ചെയ്യുന്നത് എങ്ങനെയാണ്?*

വിവാഹ തീയതി മുതൽ 45 ദിവസം കഴിഞ്ഞാൽ ഒരു വർഷം വരെ 100 രൂപ പിഴ ഒടുക്കി രജിസ്ട്രേഷൻ നടത്താം. ഇതിനായി വിവാഹം നടന്നതു സംബന്ധിച്ച് നിർദ്ദിഷ്ട ഫാറത്തിൽ M.P./M.L.A./തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗം അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ നൽകിയ ഡിക്ളറേഷനോ രജിസ്ട്രാർക്ക് ബോദ്ധ്യമാകുന്ന തെളിവോ കൂടി സമർപ്പിക്കണം.

ഒരു വർഷത്തിനുശേഷം ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ (DDP/RJD) അനുമതിയോടെ 250 രൂപ പിഴ ഒടുക്കി രജിസ്ട്രേഷൻ നടത്താം.

*എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യണമെന്ന് പറഞ്ഞല്ലോ. രജിസ്ട്രേഷൻ നടത്തിയില്ലെങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കുക?*

വിവാഹ രജിസ്ട്രേഷൻ നടത്തിയില്ലെങ്കിൽ നടപടിക്കോ ശിക്ഷയ്ക്കോ ചട്ടത്തിൽ വ്യവസ്ഥയില്ല. എന്നാൽ സർക്കാർ ആവശ്യങ്ങൾക്ക് പൊതു വിവാഹ ചട്ടപ്രകാരമോ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ അനുസരിച്ചോ നൽകിയ വിവാഹ സർട്ടിഫിക്കറ്റ് മാത്രമേ സ്വീകരിക്കുകയുള്ളു എന്നാണ് വ്യവസ്ഥ.

*പൊതുവിവാഹ രജിസ്ട്രേഷൻ ചട്ടമനുസരിച്ച് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് എന്തു ചെയ്യണം?*

വിവാഹ രജിസ്ട്രേഷൻ നടത്തിയാൽ അഞ്ചു പ്രവൃത്തി ദിവസത്തിനകം സർട്ടിഫിക്കറ്റ് നൽകും. ഇതിന് 5 രൂപയാണ് ഫീസ്. പിന്നീട് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് 25 രൂപ ഫീസ് ഒടുക്കണം.

*തെറ്റായ വിവരങ്ങളുടെ തിരുത്തലിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്?*

പൊതുവിവാഹ രജിസ്റ്ററിലെ തെറ്റായ വിവരങ്ങൾ, അപേക്ഷയുടെ അടിസ്ഥാനത്തിലോ സ്വമേധയായോ തിരുത്താവുന്നതാണ്. ക്ലെറിക്കൽ ഒഴികെയുള്ള തിരുത്തലുകൾക്ക് 100 രൂപ ഫീസ് ഒടുക്കണം. പേര്, വയസ്, തീയതി മുതലായ പ്രധാനപ്പെട്ട വിവരങ്ങളിലെ തിരുത്തലുകൾക്കും റദ്ദാക്കലിനും രജിസ്ട്രാർ ജനറലിന്റെ അനുമതി ആവശ്യമാണ്.

*പുതുതായി നിലവിൽ വന്ന പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾക്ക് മറ്റു രജിസ്ട്രേഷൻ സംവിധാനങ്ങളെ അപേക്ഷിച്ച് എന്തെങ്കിലും സവിശേഷതകൾ ഉണ്ടോ?*

പുതിയ ചട്ടങ്ങൾക്കു കീഴിൽ എല്ലാ വിവാഹങ്ങളും രജിസ്റ്റർ ചെയ്യാം എന്നതാണ് അതിന്റെ പ്രധാന സവിശേഷത. ഫോട്ടോ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റ്, അപേക്ഷകളിൽ രജിസ്ട്രാർ എടുക്കുന്ന തീരുമാനത്തിനെതിരെ രജിസ്ട്രാർ ജനറലിന് അപ്പീലും അതിനു മുകളിൽ മുഖ്യരജിസ്ട്രാർ ജനറലിന് റിവിഷനും സമർപ്പിക്കാനുള്ള സൗകര്യവും പൊതു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

*വിവാഹരജിസ്ട്രേഷന് ജനനതീയതിക്കുള്ള തെളിവായി ഏതൊക്കെ രേഖകൾ ഹാജരാക്കണം?*

പൊതുവിവാഹ രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം എസ്.എസ്.എൽ.സി. ബുക്ക്, ഡ്രൈവിങ് ലൈസൻസ്, പാസ്പോർട്ട്, സ്കൂൾ പ്രവേശന രജിസ്റ്റർ സർക്കാർ നൽകിയ ജനനതീയതി കാണിക്കുന്ന രേഖകൾ എന്നിവയോ അതുപോലെയുള്ള തെളിവുകളോ ഹാജരാക്കാവുന്നതാണ്.

*സബ് രജിസ്ട്രാർ ഓഫീസുകളിൽ നടത്തുന്ന വിവാഹങ്ങൾ നിയമസാധുതയുള്ളതാണോ?*

സബ് രജിസ്ട്രാർ ഓഫീസുകളിൽ 1954 ലെ സ്പെഷ്യൽ മാര്യേജ് ആക്റ്റ് അനുസരിച്ചുള്ള വിവാഹങ്ങളാണ് നടത്താവുന്നത്. ഇത് നിയമസാധുതയുള്ളതാണ്. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമാണ് ഒരുമിച്ചു ജീവിക്കുന്നതിനായി മുദ്രപത്രത്തിൽ കരാറെഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യുന്നത്. ഇത് വിവാഹമാണെന്ന് പലരും തെറ്റിദ്ധരിക്കുന്നുണ്ട്. സ്പെഷ്യൽ മാര്യേജ് ആക്റ്റ് പ്രകാരം വിവാഹം നടത്തുന്നതിന് വ്യക്തമായ വ്യവസ്ഥകളുണ്ട്. അതനുസരിച്ച് വിവാഹ സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. ■

*തയ്യാറാക്കിയത്: പ്രശാന്ത് കുമാർ*
*സൂപ്രണ്ട്, ജനന-മരണ രജിസ്ട്രേഷൻ വിഭാഗം, പഞ്ചായത്ത് ഡയറക്ടറേറ്റ്*

## ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിച്ചു

**ജനന-മരണ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിച്ചു സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു. പുതിയ നിർദ്ദേശപ്രകാരം ജനന രജിസ്ട്രേഷൻ സമയത്തോ അതിനുശേഷമോ കുട്ടിയുടെ പേര് ചേർത്തിട്ടുള്ളത് സ്കൂളിൽ ചേർക്കുന്നതിനു മുൻപായി ഒരു പ്രാവശ്യം മാറ്റം വരുത്തുന്നതിന് അനുവദിക്കും. പുതിയ 12 നിർദ്ദേശങ്ങളാണ് സർക്കുലറിൽ ഉൾപ്പെടുത്തിയിരിക്കുന്നത് (21-1-2010ലെ 68413/ആർ.ഡി.3/2009/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ).**



# അധികാര വികേന്ദ്രീകരണ ചർച്ചാ വേദിയിൽ നിന്ന്

ഐക്യരാഷ്ട്രസഭയുടെ ഇന്ത്യൻ വിഭാഗങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ചർച്ചാവേദിയാണ് സൊലൂഷൻ എക്സ്ചേഞ്ച് (Solution Exchange). വികസന പ്രശ്നങ്ങൾക്കുള്ള പരിഹാരം കൈമാറാനൊരു വേദി. അധികാര വികേന്ദ്രീകരണവും തദ്ദേശഭരണസ്ഥാപനങ്ങളെയും ശക്തിപ്പെടുത്താനുതകുന്ന ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റി (Decentralization Community) ഈ ചർച്ചാവേദിയുടെ ഭാഗമാണ്. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്താനായി പ്രവർത്തിക്കുന്നവരെ ഒന്നിച്ചു കൊണ്ടുവരുവാനും ആശയങ്ങളും അനുഭവങ്ങളും കൈമാറുവാനും ഇ-മെയിൽ സംവിധാനത്തിലൂടെയും യോഗങ്ങളിലൂടെയും പ്രവർത്തിക്കുന്ന വേദിയാണിത്. കഴിഞ്ഞ മാസം അധികാരവികേന്ദ്രീകരണ ചർച്ചാവേദിയിൽ നടന്ന ചർച്ചയുടെ സംക്ഷിപ്ത രൂപമാണ് ചുവടെ ചേർത്തിരിക്കുന്നത്.

വിഷയം : **നഗരസഭകളെ സംബന്ധിച്ച അഞ്ചാമത് ഷെഡ്യൂൾ**

അവതാരകർ : **അമിതാബ്, ലീന സിങ്,** ഡിബൈറ്റ്, ഭോപ്പാൽ

- അഞ്ചാമത്തെ ഷെഡ്യൂൾ പ്രകാരം നഗരസഭകളിലെ അധികാരകൈമാറ്റം സംബന്ധിച്ച് പൊതുവായ മാർഗ്ഗനിർദ്ദേശം എന്തെങ്കിലുമുണ്ടോ?
- ഇത് സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾ എന്തെങ്കിലും ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ?
- നഗരസഭകളിൽ പഞ്ചായത്ത് എക്സ്റ്റൻഷൻ ഷെഡ്യൂൾ ആക്ട് അനുസരിച്ചുള്ള സംവരണ വ്യവസ്ഥകൾ ബാധകമാണോ?

## പ്രതികരണങ്ങൾ ചുരുക്കത്തിൽ

നഗരസഭ തെരഞ്ഞെടുപ്പ് സംബന്ധിച്ച ജബൽപൂർ ഹൈക്കോടതി ഉത്തരവാണ് നഗരസഭകളെ സംബന്ധിച്ച അഞ്ചാമത് ഷെഡ്യൂൾ വിശദമായ ചർച്ചകൾക്ക് വഴിതെളിച്ചത്. അംഗങ്ങളുടെ പ്രതികരണങ്ങളിൽ നിന്നും നഗരസഭകളിലായാലും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായാലും ഭരണ സംബന്ധമായി ഏകീകൃതരൂപം വേണമെന്ന് നിർദ്ദേശം ഉണ്ടായി.

## നിലവിലുള്ള നിയമം

നഗര പരിധിയിൽ അഞ്ചാമത് ഷെഡ്യൂൾ പ്രകാരമുള്ള പ്രദേശങ്ങൾ ഗ്രാമ പ്രദേശങ്ങൾക്ക് സമാനമായിട്ടുള്ളതല്ലെന്ന് അംഗങ്ങൾ ചൂണ്ടികാട്ടി. അതുപോലെ തന്നെ പട്ടികവർഗ്ഗ ഇതര ജനസംഖ്യയായിരിക്കും നഗരപരിധിയിൽ കൂടുതൽ വരുന്നത്. അതുകൊണ്ട് തന്നെ പഞ്ചായത്ത് എക്സ്റ്റൻഷൻ ഷെഡ്യൂൾഡ് ഏരിയ ആക്ട് നഗരങ്ങളിൽ ബാധകമാകുന്നതല്ല. അതിനാൽ തന്നെ ജബൽപൂർ ഹൈക്കോടതി ഉത്തരവ് ശരിയാണെന്ന് കാണാവുന്നതാണ്. ഈ സാഹചര്യത്തിലാണ് പാർലമെന്റ് അംഗങ്ങളും വിദഗ്ധരുമടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും 1995 ൽ ഈ കമ്മിറ്റി പ്രസ്തുത വിഷയത്തെ സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തത്. ഭൂരിയ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങളും, ബന്ധപ്പെട്ട മന്ത്രാലയത്തിന്റേയും സംസ്ഥാനസർക്കാരുകളുടെയും ഷെഡ്യൂൾഡ് പ്രദേശങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങളും അനുസരിച്ച് എക്സ്റ്റൻഷൻ ഷെഡ്യൂൾഡ് ഏരിയ ബിൽ 2001, 30 ജൂലൈ 2001 ൽ രാജ്യസഭയിൽ അവതരിപ്പിച്ചു. പിന്നീട് ഈ ബിൽ നഗര – ഗ്രാമവികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു.

## സ്റ്റാൻഡിംഗ് കമ്മിറ്റി നിർദ്ദേശങ്ങൾ

ഈ വിഷയം സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ടിൽ ചർച്ച ചെയ്യുകയുണ്ടായി. അതനുസരിച്ച് ഷെഡ്യൂൾഡ് ഏരിയ വീണ്ടും വിജ്ഞാപനം ചെയ്യുന്നതിന് കമ്മിറ്റി നിർദ്ദേശിച്ചു. വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ജനസംഖ്യയും, സാമൂഹ്യ സാമ്പത്തികാവസ്ഥയും പരിഗണിക്കണമെന്ന് കമ്മിറ്റി നിർദ്ദേശിച്ചു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും പട്ടികവർഗ്ഗക്കാർ കൂടുതലുള്ളതും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതുമായ പ്രദേശങ്ങൾ ഉണ്ടാകാവുന്നതാണ്. എന്നാൽ ഈ പ്രദേശങ്ങൾ അഞ്ചാമത് ഷെഡ്യൂൾഡ് പ്രദേശമായി വിജ്ഞാപനം ചെയ്ത് കാണണമെന്നില്ല. അതുപോലെ തന്നെ 10 ശതമാനത്തിൽ

താഴെ മാത്രം പട്ടികവർഗ്ഗക്കാർ ഉള്ള പ്രദേശം ഷെഡ്യൂൾഡ് പ്രദേശമായി വിജ്ഞാപനം ചെയ്യപ്പെടുകയും അതിന്റെ ആനുകൂല്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്നുണ്ടാകാം. അതുകൊണ്ട് തന്നെ ഓരോ പത്ത് വർഷം കൂടുമ്പോഴും ജനസംഖ്യാറിപ്പോർട്ടിനനുസരിച്ച് പുതിയ വിജ്ഞാപനം നടത്തേണ്ടതാണ്. ഇതിലേയ്ക്കായി പട്ടികവർഗ്ഗ കമ്മീഷനേയും, പട്ടികവർഗ്ഗ ഉപദേശകസമിതിയേയും പുതിയ നിർദ്ദേശങ്ങൾക്കായി ചുമതലപ്പെടുത്താവുന്നതാണ്. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ ഓരോ ജില്ലയിലേയും ജനസംഖ്യ പരിഗണിക്കുന്നതിന് പകരം പട്ടണങ്ങളിലെ ജനസംഖ്യ മാത്രം പരിഗണിച്ചാൽ മതിയെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു.

നഗരങ്ങളിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള സംവരണം ജനസംഖ്യാനുപാതികമായോ ആകെ സീറ്റിന്റെ മൂന്നിൽ ഒന്നോ ആയിരിക്കണമെന്ന് റിപ്പോർട്ട് നിർദ്ദേശിച്ചു.

മുനിസിപ്പാലിറ്റീസ് എക്സ്റ്റൻഷൻ ഷെഡ്യൂൾഡ് ഏരിയ ബിൽ 2001 പുരോഗമന സ്വഭാവമുള്ളതും പട്ടകവർഗ്ഗ വിഭാഗങ്ങൾക്ക് ഗുണം ചെയ്യുന്നതാണെന്നും അംഗങ്ങൾ അഭിപ്രായപ്പെട്ടു. എന്നിരുന്നാലും ഷെഡ്യൂൾഡ് പ്രദേശങ്ങൾ വീണ്ടും വിജ്ഞാപനം ചെയ്യുന്നത് കൂടുതൽ സമയം എടുക്കുന്ന പ്രവർത്തിയാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. കൂടാതെ ഇതുമൂലം നിയമം നടപ്പാക്കുന്നതിൽ കാലതാമസവും, തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കുന്നതിനുള്ള സാഹചര്യവും ഉണ്ടാകുമെന്ന് അംഗങ്ങൾ ചൂണ്ടികാട്ടി.

ചെയർപേഴ്സൺ പോലുള്ള സ്ഥാനങ്ങളിൽ സംവരണം അനുവദിക്കുന്നതിലൂടെ പ്രസ്തുത സ്ഥാനങ്ങളിൽ വരുന്ന അംഗങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും, പ്രകടിപ്പിക്കുന്നതിനുമുള്ള അവസരം ഉണ്ടാകുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. നേതൃഗുണത്തിന്റെ അഭാവം മൂലം ചെയർപേഴ്സൺ ഒഴികെയുള്ള സ്ഥാനങ്ങളിലെ സംവരണം സ്ഥാപനങ്ങളിലെ പ്രവർത്തനം മോശമാകുന്ന സാഹചര്യവും ഉണ്ടാകുമെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇതിനൊക്കെ പരിഹാരമായി അടുക്കും ചിട്ടയോടും കൂടി പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സ്ഥാപനങ്ങൾ ഉണ്ടാക്കിയെടുക്കണമെന്ന് അംഗങ്ങൾ നിർദ്ദേശിച്ചു.

മുനിസിപ്പാലിറ്റികളിലെ ഷെഡ്യൂൾഡ് പ്രദേശം സംബന്ധിച്ച് അടിയന്തരവും സമഗ്രവുമായ ഒരു നിയമനിർമ്മാണം ആവശ്യമാണെന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ■

*ഈ ചർച്ചയുടെ വിശദാംശങ്ങൾ, സഹായകരമായ രേഖകൾ എന്നിവയ്ക്കോ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനോ, ഡീസെൻട്രലൈസേഷൻ കമ്മ്യൂണിറ്റിയിൽ അംഗമാകുന്നതിനോ ജോയ് ഇളമൺ (joyelamon@un.org.in), ടീനാ മാഥൂർ (tina.mathur@un.org.in) എന്നിവർക്കെഴുതുകയോ www.solutionexchange_un.net.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.*

*തയ്യാറാക്കിയത്: ഡോ.ജോയ് ഇളമൺ*
*ഡീസെന്ട്രലൈസേഷൻ കമ്മ്യൂണിറ്റി*
*സൊലൂഷൻ എക്സ്ചേഞ്ച്, യുണൈറ്റഡ് നേഷൻസ്.*

*മലയാളത്തിലേയ്ക്ക് പരിവർത്തനം നടത്തിയത്:*
*സെന്റർ ഫോർ റൂറൽ മാനേജ്മെന്റ്, കോട്ടയം.*

## ആഗോളതാപനം: പാരമ്പര്യ അറിവും നവ സമരമുഖങ്ങളും

*പേജ് 15-ൽ നിന്ന്*

തിനേക്കാൾ ഗുരുതരമാവും ഈ സ്വാധീനം. ഫിലിപ്പൈൻസിന്റെ കാര്യത്തിലും സ്ഥിതി മറിച്ചല്ല.

അമേരിക്കയോട് തൊട്ടുകിടക്കുന്ന വടക്കേ അമേരിക്കൻ രാജ്യമായ മെക്സിക്കോ നെല്ല്, ഗോതമ്പ്, ചോളം, സോയാബീൻ എന്നിവയുടെ ഉത്പാദനത്തിൽ മികച്ച പുരോഗതി കൈവരിച്ചിരുന്നു. ദേശീയ ഉപഭോഗത്തിന്റെ പകുതി ഗോതമ്പും ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന മെക്സിക്കോ ഹരിതവിപ്ലവംമൂലം പത്തുവർഷംകൊണ്ട് ഈ മേഖലയിൽനിന്ന് സ്വയം പര്യാപ്തത നേടി. 1965-കളുടെ തുടക്കത്തിൽ (അപ്പോഴേയ്ക്കും ഇന്ത്യയടക്കമുള്ള ഏഷ്യൻ രാജ്യങ്ങൾ ഹരിതവിപ്ലവത്തിന്റെ നേതാവ് നോർമാൻ ബോർലോഗിന്റെ ചുവട് പിടിച്ചിരുന്നു) അഞ്ചുലക്ഷം ടണ്ണിനപ്പുറം ഗോതമ്പ് കയറ്റി അയയ്ക്കുന്ന ഏകരാജ്യമായി പേരെടുത്തു. പക്ഷേ ഇന്ന് എണ്ണയുത്പാദനം പ്രധാന വരുമാന മാർഗ്ഗമായ മെക്സിക്കൻ ഭക്ഷ്യോത്പാദനമേഖല വൻ തകർച്ചയെയാണ് അഭിമുഖീകരിക്കുന്നത്. തുടക്കത്തിൽ ഹരിതവിപ്ലവത്തിന്റെ ദൂഷ്യഫലമെന്ന് തെറ്റായി വ്യാഖ്യാനിക്കപ്പെട്ടെങ്കിലും കാലാവസ്ഥാ വ്യതിയാനമാണ് ഭക്ഷ്യോത്പാദനത്തിന്റെ അടിവേരിളക്കിയതെന്ന് ഗവേഷകർ കണ്ടെത്തി. കാരണമായി ചൂണ്ടിക്കാട്ടാൻ പ്രതിസ്ഥാനത്ത് ഒരാളേ ഉണ്ടായിരുന്നുള്ളൂ. ആഗോളതാപനം. എന്തിനേറെ മെക്സിക്കൻ വനമേഖലയിൽ മാത്രം കാണപ്പെടുന്ന സ്വർണ്ണതൊലിനിറമുള്ള അപൂർവ്വയിനം സ്വർണ്ണത്തവള (Golden frog) അപ്രക്ത്യക്ഷമായി. 2009ൽ മെക്സിക്കൻ ജനത ഞെട്ടലോടെ തിരിച്ചറിഞ്ഞു. ഭാഗ്യചിഹ്നമായി കണക്കാക്കപ്പെട്ടിരുന്ന സ്വർണ്ണത്തവളയെ ആഗോളതാപനം ഭൂമുഖത്തുനിന്ന് എന്നന്നേയ്ക്കുമായി തുടച്ചുമാറ്റി. ഏഷ്യൻ ആഫ്രിക്കൻ വനാന്തരങ്ങളിലെ അപൂർവ്വയിനം ജന്തുസസ്യജാലങ്ങൾ മാത്രമല്ല ആമസോൺ മഴക്കാടുകൾ വരെ നാളെ വേരറ്റുപോയേയ്ക്കാവുന്ന ഇരകളാണ്.

ആഗോളതാപനത്തെ നേരിടാൻ പ്രകൃതിക്കു കഴിയുന്നില്ലെന്ന സത്യം തിരിച്ചറിയുന്നിടത്താണ് അതിനെതിരെയുള്ള പോരാട്ടത്തിൽ നാമും പങ്കുചേരേണ്ടത്. പാരമ്പര്യ അറിവുകളെ ഉപയോഗപ്പെടുത്തുകയും ബിരുദ-ബിരുദാനന്തര മേഖലകളിലെ സിലബസുകളിൽ പ്രത്യേക പഠനമേഖലയായി രൂപപ്പെടുത്തുകയും ചെയ്യേണ്ട ആഗോളതാപനം പ്രകൃതി ദുരന്തങ്ങൾക്കോ ജീവസമൂഹത്തിന്റെ തുടച്ചുമാറ്റപ്പെടലിനോ എത്രത്തോളം കാരണമാവുന്നുണ്ട് എന്നും പരിശോധിക്കേണ്ടതാണ്. സമുദ്രനിരപ്പുയർന്ന് വെള്ളത്തിനടിയിലാവുന്ന പ്രദേശങ്ങളേതൊക്കെയെന്ന് മുൻകൂട്ടി കണക്കാക്കാനും അതുവഴി ദുരന്തനിവാരണ പ്രവർത്തനങ്ങൾ കാലേക്കൂട്ടി ഒരുക്കാനും അടിയന്തര ഘട്ടങ്ങളിൽ സാമ്പത്തികസഹായം എത്തിക്കാനും കഴിയുന്ന വിധത്തിൽ ആഗോളതാപനത്തിനെതിരെയുള്ള ഇന്ത്യൻ ആസൂത്രണം ഇതേവരെ വളർന്നിട്ടില്ല. കാർബൺട്രേഡിംഗ് രംഗത്ത് വികസിതരാജ്യങ്ങൾ പുതിയ ഉപകരണങ്ങളാവിഷ്ക്കരിച്ച് നിലനിൽപ്പിനായും ലാഭത്തിനായുമുള്ള തന്ത്രങ്ങൾ മെയ്യുമ്പോൾ മൂന്നാംലോക രാജ്യങ്ങൾ ഒറ്റപ്പെടാനിടവരരുത്. ക്യോട്ടോ പ്രോട്ടോക്കോളിന്റെ കാലാവധി 2012 ൽ അവസാനിക്കാനിരിക്കേ ആഗോള കൂട്ടായ്മകളിൽ ഫണ്ടും സമയവും പാഴാക്കുന്നതിനേക്കാൾ പ്രായോഗികമാർഗ്ഗം പാരമ്പര്യ അറിവുകളെ ആഗോളതാപനത്തിനെതിരേയുള്ള പോരാട്ടത്തിൽ പ്രയോജനപ്പെടുത്തുക എന്നതാണ്. ഡിസാസ്റ്റർ മാനേജ്മെന്റടക്കമുള്ള പാഠ്യപദ്ധതികളുടെ സിലബസുകളിൽനിന്ന് മാറ്റി നിർത്താനുള്ളതല്ല ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും. എൻവയോൺമെന്റൽ സയൻസിലൊ ചെറുക്ലാസുകളിലെ പുസ്തകങ്ങളിലോ മാത്രം ഒതുങ്ങി നിൽക്കേണ്ടവയല്ല ആഗോളതാപനം. കടൽനിരപ്പുയർന്ന് ഭക്ഷ്യോത്പാദനം നിലയ്ക്കുമ്പോൾ, മഞ്ഞുരുകി സൈബീരിയ ഇല്ലാതാവുമ്പോൾ, ഹിമാലയൻ മഞ്ഞുപാളികൾ അപ്രത്യക്ഷമാവുമ്പോൾ, സാമ്പത്തിക ഘടനയെ മാറ്റിമറിക്കുമ്പോൾ ഇവ സാമ്പത്തിക ശാസ്ത്രവും ഭൂമിശാസ്ത്രവും കാർഷികശാസ്ത്രവുമായിവരെ ബന്ധപ്പെടുന്നു. ഇത്തരത്തിൽ ആഗോളതാപനത്തെയും അതിനെ സ്വാധീനിക്കുന്ന ഘടകങ്ങളെയും കുറിച്ചുള്ള ഗവേഷണത്തിനായി സമഗ്രശാഖയ്ക്ക് രൂപം നൽകാൻ വികസ്വര രാജ്യങ്ങൾ തയ്യാറാവേണ്ടതുണ്ട്.■

# സോഷ്യൽ അക്കൗണ്ടബിലിറ്റിക്കായി ഓഫീസ് മാനേജ്മെന്റിൽ പരിശീലനം



കെ. വിനോദ് കുമാർ

**പശ്ചാത്തലം**

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തോടെ, സർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുസൗകര്യങ്ങളും പൊതുസുരക്ഷയും ഉറപ്പ് വരുത്തുന്നതിനുള്ള സംവിധാനം എന്നതിനപ്പുറം വികസനപരവും ഭരണപരവും നിയന്ത്രണപരവുമായ ചുമതലകളുള്ള പ്രാദേശിക സർക്കാരുകളാണ് കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ. അധികാരവികേന്ദ്രീകരണത്തിൽ കേരളത്തിന്റെ യശസ്സുയർത്തിയ ഘടകങ്ങളിൽ പ്രധാനം പ്രാദേശികാസൂത്രണത്തിൽ ഗ്രാമപഞ്ചായത്തുകൾക്കു ലഭിച്ച പങ്കും, സർക്കാരിന്റെ പദ്ധതിവിഹിതം അവരുമായി പങ്കുവെയ്ക്കാനുള്ള ധീരമായ തീരുമാനവും ആയിരുന്നു. എന്നാൽ പ്രാദേശികാസൂത്രണ - നിർവ്വഹണ പ്രവർത്തനങ്ങൾ കാര്യക്ഷമമായും ഫലപ്രദമായും നടപ്പാക്കുക എന്നതോടൊപ്പം, അനിവാര്യ ചുമതലകളും, നിയമപരമായ ചുമതലകളും മികച്ച രീതിയിൽ തന്നെ പഞ്ചായത്തുകൾ നിർവ്വഹിക്കേണ്ടതുണ്ട് എന്നത് പരമപ്രധാനമാണ്.

**പരിശ്രമങ്ങൾ**

സമയബന്ധിതവും അഴിമതിരഹിതവും സേവനാവകാശം ഉറപ്പു വരുത്തുന്നതുമായ സേവനസംവിധാനം പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾക്ക് സർക്കാർ നേതൃത്വം നൽകി വരികയാണ്. അതുകൊണ്ട് തന്നെ ഒമ്പത്, പത്ത് പദ്ധതികളിലെ അധികാര വികേന്ദ്രീകരണ അനുഭവം മുൻനിർത്തി പതിനൊന്നാം പദ്ധതിയുടെ ഭാഗമായി സദ്ഭരണം ഒരു മുൻഗണനാ വിഷയമായി പഞ്ചായത്തുകൾ ഏറ്റെടുത്ത് വരുന്നുണ്ട്. ഇതിനെ പിന്തുണയ്ക്കാൻ ഉത്തരവാദപ്പെട്ട സ്ഥാപനം എന്ന നിലയിൽ കില കാര്യശേഷി വികസന രംഗത്ത് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരുന്നുമുണ്ട്. അതിൽ പ്രധാനമാണ് ഗ്രാമപഞ്ചായത്തുകളിൽ സേവനപ്രദാനരംഗത്തെ ഏകജാലകമായ ഫ്രണ്ട് ഓഫീസ് സംവിധാനം രൂപപ്പെടുത്തുന്നതിന് പഞ്ചായത്തിലെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും സഹായത്തോടെ കില ഏറ്റെടുത്ത പരിവർത്തന ഭരണോദ്യമം (Change Management Initiative).

2008 ഡിസംബർ മുതൽ 2009 ആഗസ്റ്റ് മാസം വരെയുള്ള ചിട്ടയായ പ്രവർത്തനങ്ങളിലൂടെ 999 ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിനായി, സർക്കാർ സമഗ്രമായ ഒരു മാർഗരേഖ പുറപ്പെടുവിക്കുകയും ഫ്രണ്ട് ഓഫീസ് സംവിധാനം ആരംഭിച്ചത് സംബന്ധിച്ച് 14 ജില്ലകളിലേയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. പൊതുജനങ്ങൾക്കുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2009 ലെ സ്വാതന്ത്ര്യദിന സമ്മാനമായിരുന്നു ഇത്. ഇതിനു മുന്നോടിയായി നിയമപരമായ ചുമതലകൾ നിർവഹിക്കേണ്ടുന്നത് സംബന്ധിച്ച പരിശീലനം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് അറിവും വൈദഗ്ദ്ധ്യവും വർദ്ധിപ്പിക്കുന്നതിന് 2008-09 വർഷത്തിൽ കേരളത്തിലെ എല്ലാ പഞ്ചായത്ത് ജീവനക്കാർക്കും കില നല്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഓഫീസുകളിലെ സേവന പ്രദാന സംവിധാനം ഒരു പരിധി വരെ ശാസ്ത്രീയവും സ്വാഗതാർഹവുമായി മാറുകയും ഓഫീസ് പ്രവർത്തനം ചിട്ടപ്പെടുകയും ചെയ്തിട്ടുണ്ട്.

**സാംഗത്യം**

കേരളത്തിന്റെ യശസ്സ് ഉയർത്തിയ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിൽ ജനപ്രതിനിധികൾക്കൊപ്പം ഗ്രാമ പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്കും പ്രമുഖമായ പങ്കാണുള്ളത്. ആസൂത്രണ പ്രവർത്തനങ്ങളുടെ ഫലപ്രദമായ നിർവ്വഹണത്തോടൊപ്പം തന്നെ നിയമപരമായ ചുമതലകൾ സമയബന്ധിതമായും നിയമാനുസൃതമായും ജനസൗഹൃദപരമായും ഉദ്യോഗസ്ഥർ നിർവഹിക്കേണ്ടതുണ്ട്. എന്നാൽ രേഖകൾ കൃത്യമായി സൂക്ഷിക്കാത്തതിനാലും തീരുമാനങ്ങൾ എടുത്ത സാഹചര്യം ബോധ്യപ്പെടുത്താനാവാത്തതിനാലും നീതിന്യായ സംവിധാനങ്ങളിൽ നിന്നു വരെ വിമർശനങ്ങൾ ഉണ്ടാവുന്നുണ്ട്. ഫ്രണ്ട് ഓഫീസ് പ്രവർത്തനത്തിന്റെ തുടർച്ചയായി മെയിൻ ഓഫീസിൽ ഉണ്ടാവേണ്ട ചിട്ടയായ ഓഫീസ് നടപടിക്രമങ്ങളും, അതിന്റെ രേഖപ്പെടുത്തലുകളും പഞ്ചായത്തുകളിൽ പിന്തുടരുന്നില്ലെന്നതാണ് ഇതിന്റെ ഒരു കാരണം.

അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തുന്നതിനും ഉത്തരവാദിത്തബോധം വളർത്തുന്നതിനും പഞ്ചായത്തുകളിൽ ചിട്ടയായതും നടപടികൾ രേഖപ്പെടുത്തുന്നതുമായ ഒരു ഓഫീസ് പ്രവർത്തനം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തുകൾക്ക് ബാധകമായിട്ടുള്ള മാനുവൽ ഓഫ് ഓഫീസ് പ്രൊസിജ്യറിന് ഉൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിൽ നടക്കുന്നതിനാൽ സമഗ്രമായ ഒരു ഓഫീസ് മാന്വലിന്റെ രൂപപ്പെടുത്തലും അനിവാര്യമാണ്. ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നിർവഹിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യകൾ ശരിയാംവണ്ണം ഉപയോഗിക്കുന്നില്ല എന്നതും പരിഗണിക്കേണ്ടതുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം സുസ്ഥിരമാക്കുന്നതിനും ഓഫീസ് നടപടികളുടെ രേഖപ്പെടുത്തലുകൾ ഉറപ്പുവരുത്തുന്നതിനും ഓഫീസ് നടത്തിപ്പിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇ-ഗവേണൻസ് സംവിധാനത്തിനോട് ഗുണപരമായ മനോഭാവമുണ്ടാക്കുന്നതിനും പ്രാദേശിക സർക്കാരുകളുടെ പ്രവർത്തനകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കാര്യപ്രാപ്തിവികസനം സാധ്യമാക്കുന്നതിനുമായി എല്ലാ പഞ്ചായത്ത് ജീവനക്കാർക്കും ഓഫീസ് മാനേജ്മെന്റ് സംവിധാനത്തിലുള്ള ഒരു ത്രിദിന പരിശീലനപരിപാടി കില



*ഓഫീസ് മാനേജ്മെന്റ് പരിശീലക പരിശീലനം ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അംഗം കെ.കെ. ദിവാകരൻ എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു.*

ഇപ്പോൾ ആരംഭിച്ചിരിക്കുകയാണ്.

**പരിശീലന രീതിശാസ്ത്രം**

പൂർണ്ണമായും പ്രായോഗിക പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയുള്ള രീതിശാസ്ത്രമാണ് പരിശീലനത്തിൽ അവലംബിക്കുന്നത്. പ്രായോഗിക പ്രവർത്തനത്തിനോടൊപ്പം അതാത് സാഹചര്യങ്ങൾ ആവശ്യപ്പെടുന്നതിനനുസരിച്ച് വിവിധ നിയമങ്ങളും ചട്ടങ്ങളും എങ്ങനെ റഫറൻസ് നടത്തി പഠന വിധേയമാക്കാമെന്നും വിശകലനം ചെയ്യാമെന്നും പ്രായോഗികമാക്കാമെന്നും ആരായുകയും പരിശീലിക്കുകയും ചെയ്യുന്നു. ഇതുവഴി നിയമത്തിലും നടപടിക്രമങ്ങളിലുമുള്ള അവഗാഹം വർദ്ധിക്കുന്നതിനൊപ്പം, അവ എങ്ങനെ വിശകലനം ചെയ്യണമെന്നും എങ്ങനെ നടപടി സ്വീകരിക്കണമെന്നും ഓരോ കാര്യവും രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും എങ്ങനെ രേഖപ്പെടുത്തണമെന്നും ബോധ്യപ്പെടുകയും ചെയ്യുന്നു. ആവശ്യമാണെങ്കിലും പ്രായോഗികമല്ല എന്ന കാരണം പറഞ്ഞുകൊണ്ട് അവഗണിക്കുന്ന ഫയൽ മാനേജ്മെന്റ് സംവിധാനം, പ്രായോഗികമായി ചെയ്യുന്നതിനാൽ അതിനോടുള്ള നിരാസ മനോഭാവം ഇല്ലാതാവുകയും അതിന്റെ പ്രാധാന്യവും മെച്ചവും ബോധ്യമാവുകയും ചെയ്യുന്നു. സർക്കാർ ഓഫീസുകളിൽ ആരോപിക്കപ്പെടുന്ന ജനവിരുദ്ധ സമീപനം മനോഭാവത്തിലും പ്രവൃത്തിയിലും വരാതിരിക്കാനുള്ള പ്രത്യേക നിർദ്ദേശവും ഏഴ് സെഷനുകളായി തിരിച്ചിട്ടുള്ള പഠന പ്രക്രിയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പരിശീലന വിഷയങ്ങൾ**

ഓഫീസ് മാനേജ്മെന്റ് (പബ്ലിക് റിലേഷൻസ് ആന്റ് സ്റ്റാഫ് മാനേജ്മെന്റ്), ഫ്രണ്ട് ഓഫീസ് പ്രക്രിയ, ഫയൽ മാനേജ്മെന്റ്, ഫയൽ കീപ്പിങ്ങ്, റെക്കോർഡ് മാനേജ്മെന്റ്, ഇ-ഗവേണൻസ് ആവശ്യകതയും ആവശ്യങ്ങളും, പെരുമാറ്റ ചട്ടങ്ങളും സമീപനവും തുടങ്ങിയ ഗ്രാമപഞ്ചായത്ത് ഓഫീസ് മാനേജ്മെന്റ് കാര്യക്ഷമവും ഫലപ്രദവുമായി നടത്തുന്നതിന് സഹായകമായതും നൈപുണ്യം ഉറപ്പ് വരുത്താനുതകുന്നതുമായ പ്രക്രിയയും വിഷയങ്ങളുമാണ് ഈ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിനായി കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വിവിധ വകുപ്പുകൾ കൂടാതെ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസ് 1999, G.O(MS) 123/09/LSGD dt. 02.07.09 (ഫ്രണ്ട് ഓഫീസ് ഉത്തരവ്), Manual of Office Procedure, Survey and Boundaries Act 1961, Rules 1964, സിവിൽ പ്രൊസീഡ്യർ കോഡ് 1906, കേരള പഞ്ചായത്ത് രാജ് (പ്രവേശിക്കാനും പരിശോധന നടത്താനുമുള്ള അധികാരങ്ങൾക്കുള്ള നിയന്ത്രണങ്ങളും നിബന്ധനകളും) ചട്ടങ്ങൾ 1998, (പഞ്ചായത്തിന്റെ യോഗനടപടിക്രമം) ചട്ടങ്ങൾ 1995, (നോട്ടീസുകൾ നൽകേണ്ട രീതി) ചട്ടങ്ങൾ 1996, (കൈയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വെയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ 1996, (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും)ചട്ടങ്ങൾ 2003, (കെട്ടിട നികുതിയും അതിന്മേലുള്ള സർചാർജ്ജും) ചട്ടങ്ങൾ 1996, (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ 1996, (കുറ്റങ്ങൾ രാജിയാക്കൽ) ചട്ടങ്ങൾ 1996, (കുറ്റങ്ങൾ വിചാരണ ചെയ്യുന്നതിന് അധികാരപ്പെടുത്തൽ) ചട്ടങ്ങൾ 1997, (തെരഞ്ഞെടുക്കപ്പെട്ട അധികാരികളും ഉദ്യോഗസ്ഥന്മാരും തമ്മിലുള്ള തൊഴിൽപരമായ ബന്ധവും പെരുമാറ്റവും)ചട്ടങ്ങൾ 2007, (ഉദ്യോഗസ്ഥൻമാരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ 1997 തുടങ്ങിയവയും പഠന വിധേയമാക്കുന്നു.

**പരിശീലന നടത്തിപ്പ്**

മൊത്തം 1265 മിനിറ്റ് ദൈർഘ്യമുള്ള പരിശീലനം സ്പെഷൽ ഗ്രേഡ് സെക്രട്ടറിമാർക്ക് 2010 ജനുവരി 4ന് കിലയിൽ വെച്ചും മറ്റ് ജീവനക്കാർക്ക് 2009 ഡിസംബർ 21ന് അതത് ജില്ലകളിൽവെച്ചും ഇതിനായുള്ള പരിശീലക പരിശീലനങ്ങൾ 2009 നവംബർ 21–25, ഡിസംബർ 8–10 തീയതികളിലായി കിലയിൽ വെച്ച് നടന്നു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി അംഗം കെ. കെ. ദിവാകരൻ എം. എൽ.എ പരിശീലക പരിശീലനങ്ങൾ ഉദ്ഘാടനം ചെയ്തു.

പഠനപ്രവർത്തനത്തിനാവശ്യമായ പരിശീലന സാമഗ്രികൾ കില നൽകുമ്പോൾ ഓഫീസ് അന്തരീക്ഷം പുനസൃഷ്ടിക്കാൻ ആവശ്യമായ രജിസ്റ്ററുകളും ഫോർമാറ്റുകളും സ്റ്റേഷനറിയും നിയമപുസ്തകങ്ങളും പരിശീലന പങ്കാളികൾ തന്നെ കൊണ്ടുവരുന്നു എന്നത് ഈ പരിശീലനത്തിന്റെ പ്രത്യേകതയാണ്.

**പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ**

- പഞ്ചായത്ത് ഓഫീസിലെ എല്ലാ നടപടിക്രമങ്ങളും കൃത്യമായി രേഖപ്പെടുത്തുന്നതിലും
- ഫ്രണ്ട് ഓഫീസ്-മെയിൻ ഓഫീസ് പ്രവർത്തനങ്ങളുടെ ചിട്ട, ശാസ്ത്രീയത എന്നിവയിലും
- തെറ്റായ കീഴ്‌വഴക്കങ്ങൾ പിന്തുടരുന്നതിനു പകരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം നടപടി സ്വീകരിക്കുന്നതിലും
- പൊതുജനങ്ങൾക്ക് കൃത്യമായി സേവനം ലഭ്യമാക്കുന്നതിലും
- ഭരണ നിർവഹണം സുതാര്യവും നിയമാനുസൃതവുമാവുന്നതിലും സോഷ്യൽ അക്കൗണ്ടബിലിറ്റി വർദ്ധിപ്പിക്കുന്നതിലും
- റോൾ ക്ലാരിറ്റിയും കൂട്ടുത്തരവാദിത്തവും ക്രിയാത്മക കൂട്ടായ്മയും ഉണ്ടാക്കുന്നതിലും

ഗുണപരമായ മാറ്റങ്ങൾ വർദ്ധിച്ചതോതിൽ ഉണ്ടാക്കാൻ ഈ പരിശീലനത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒറ്റയടിക്ക് സംസ്ഥാനം മുഴുവൻ പൂർത്തിയാകുന്ന പരിശീലന പരിപാടിയുടെ ഭാഗമായി പരിചയിക്കുന്ന ഓഫീസ് പ്രക്രിയ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ പ്രവൃത്തി പഥത്തിൽ കൊണ്ടുവരികയും ഫലപ്രദമായ മോണിറ്ററിംഗ് ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തു നിന്ന് ഉണ്ടാവുകയും ചെയ്താൽ പ്രതീക്ഷിത പ്രൊഫഷണൽ സ്വഭാവത്തിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ഓഫീസ് പ്രവർത്തനം മാറുമെന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.■

*ലേഖകൻ
കിലയിലെ അസിസ്റ്റന്റ് ഡയറക്ടറും
ഓഫീസ് മാനേജ്മെന്റ് പരിശീലന
കോഴ്സ് ഡയറക്ടറുമാണ്.*



# ഞാൻ കണ്ട ഡൽഹി

ലേഖനപരമ്പര - 5



റോയ് ചാക്കോ ഇളമണ്ണൂർ

വടക്കേന്ത്യയിൽ നിന്ന് ശൈത്യകാലം വിടവാങ്ങിക്കഴിഞ്ഞു. ഇപ്പോൾ അവിടുത്തെ ഏറ്റവും നല്ല കാലാവസ്ഥയാണ്. ദക്ഷിണേന്ത്യയിൽ നിന്നുള്ളവർക്ക് പരിചിതമായ വലിയ ചൂടും വലിയ തണുപ്പും ഇല്ലാത്ത കാലാവസ്ഥ. ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ ചൂടുകാലമാണ്. മെയ്, ജൂൺ, ജൂലൈ മാസങ്ങൾ വടക്കേന്ത്യ കത്തുന്ന സമയം. അതിശൈത്യത്തിനും കഠിനമായ ചൂടിനും ഇടയ്ക്കുള്ള മാർച്ചിലാകട്ടെ കേരളത്തിലേതുപോലുള്ള മിതമായ ചൂടുമാത്രം. ഈ വർഷം വടക്കേന്ത്യയിൽ കൊടും തണുപ്പും കടുത്ത മൂടൽമഞ്ഞും ജനുവരിയിൽ അറുനൂറോളം ജീവൻ അപഹരിച്ചു. കഴിഞ്ഞ 6 വർഷത്തിനിടയിലെ ഏറ്റവും കടുത്ത മൂടൽമഞ്ഞാണ് 2010 ജനുവരിയിലുണ്ടായത്. ജനുവരി പകുതി കഴിഞ്ഞിട്ടും മൂടൽമഞ്ഞ് ശക്തിയായി തുടർന്നു. മിക്കവാറും ദിവസങ്ങളിൽ നിരവധി വിമാന സർവീസുകളും ട്രെയിൻ സർവീസുകളും റദ്ദാക്കി. ജനുവരി 17-ാം തീയതി ഡൽഹിയിൽ നിന്നുള്ള 26 വിമാന സർവീസുകളും 58 ട്രെയിൻ സർവീസുകളുമാണ് റദ്ദാക്കിയത്. 1970 കാലഘട്ടത്തിലാണ് തണുപ്പുസീസണായ ജനുവരി മാസം, വടക്കേന്ത്യയിൽ മഴ പെയ്തത്. തണുപ്പുകാലത്ത് മഴ കൂടി വന്നാൽ ശൈത്യം അതികഠിനം. ഈ ജനുവരിയിൽ ഡൽഹിയിൽ മഴയുണ്ടായി. അത് അതിശൈത്യം കൂടുതൽ ദുഷ്ക്കരമാക്കി. ഇന്ത്യയ്ക്കു പുറത്തും ഈ വർഷത്തെ ശൈത്യകാലം തീക്ഷ്ണമായിരുന്നു. കഴിഞ്ഞ 40 വർഷത്തെ ഏറ്റവും വലിയ തണുപ്പാണ് ചൈനയിൽ 2010 ജനുവരിയിലുണ്ടായത്. യൂറോപ്പിലും സ്ഥിതി വിഭിന്നമല്ലായിരുന്നു. റൺവേ മഞ്ഞിനടിയിലായതിനാൽ അവിടെയും നിരവധി വിമാനങ്ങൾ റദ്ദാക്കി. ഇന്ത്യയിൽ കടുത്ത മൂടൽമഞ്ഞുമൂലം ട്രെയിനുകൾ കൂട്ടിമുട്ടിയ സംഭവങ്ങളുണ്ടായി.

ഫെബ്രുവരിയിൽ ന്യൂഡൽഹിയിലെ ഏറ്റവും പ്രധാന കാഴ്ചയാണ് രാഷ്ട്രപതിഭവനിലെ മുഗൾ ഗാർഡൻസ്. രാഷ്ട്രത്തിന്റെ പരമാധികാരിയായ രാഷ്ട്രപതിയുടെ ഔദ്യോഗിക വസതിയും ഗാർഡനും ഉൾപ്പെടുന്ന രാഷ്ട്രപതിഭവൻ മേഖല 330 ഏക്കറിലാണ്. രാഷ്ട്രപതി ഭവന്റെ പുറകിലുള്ള പൂന്തോട്ടത്തിന്റെ പേര് മുഗൾ ഗാർഡൻസ് എന്നാണ്. പച്ചപ്പട്ടു പരവതാനി വിരിച്ചതുപോലെ വിസ്തൃതമായിക്കിടക്കുന്ന പുൽത്തകിടികളുണ്ട്. ഈ പൂങ്കാവനത്തിൽ തണുപ്പുകാലത്ത് വിരിയുന്ന ധാരാളം പൂച്ചെടികളുണ്ട്. കൂടാതെ നിരവധി ജലധാരകളും. മുഗൾഗാർഡൻസ് പൂത്തുലഞ്ഞു നിൽക്കുന്ന ഫെബ്രുവരി മാസം ജനങ്ങൾക്ക് പ്രവേശനമുണ്ട്. മറ്റൊരു സമയത്തും മുഗൾഗാർഡൻസ് കാണാൻ പൊതുജനങ്ങൾക്ക് അവസരമില്ല. വളരെ ഉന്നത നിലവാരത്തിലുള്ള ഒരു പൂന്തോട്ടമാണിത്.

340 മുറികളും രണ്ടേകാൽ കിലോമീറ്ററോളം നീളമുള്ള വരാന്തകളും ഉൾക്കൊള്ളുന്ന, രണ്ട് ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ഒരു വമ്പൻ കെട്ടിടമാണ് രാഷ്ട്രപതിഭവൻ. വൈസ്രോയിക്കു താമസിക്കുവാനായി ബ്രിട്ടീഷുകാർ പണിത ഈ കൂറ്റൻ കെട്ടിടസമുച്ചയം ഇന്ത്യൻ-ബ്രിട്ടീഷ് വാസ്തുകലാവിദ്യയുടെ സമന്വയമാണ്. എഡ്വിൻ ലാൻസീർ ലൂട്ട്യൻസ് എന്ന ശിൽപ്പിയാണ് ഇതിന്റെ നിർമ്മാണത്തിനു നേതൃത്വം നൽകിയത്. 140 ലക്ഷം രൂപ മുടക്കി 1929 ൽ പൂർത്തീകരിച്ച ഇതു പണിയുവാൻ പതിനേഴു വർഷം വേണ്ടി വന്നു. 5 ബ്ലോക്കുകളുള്ള രാഷ്ട്രപതിഭവനിൽ 63 വിശ്രമ മുറികളുണ്ട്. മനോഹരമായ ഒരു പൂങ്കാവനവും 37 ഫൗണ്ടനുകളും 227 സ്തംഭങ്ങളും 35 മട്ടുപ്പാവുകളും എല്ലാം ചേർന്ന ഈ മഹാസൗധം ലോകത്തിലെ ഔദ്യോഗിക വസതികളുടെ ലിസ്റ്റിൽ ഒന്നാം നിരയിൽ തന്നെയുണ്ട്.

രാഷ്ട്രപതിഭവൻ, ഇന്ത്യൻ പാർലമെന്റ് എന്നിവയെല്ലാം അടുത്തടുത്താണ്. രാഷ്ട്രപതിഭവനു സമീപമായിട്ടാണ് സെൻട്രൽ സെക്രട്ടറിയേറ്റ്. ശാസ്ത്രി ഭവൻ, കൃഷി ഭവൻ, റെയിൽഭവൻ, നിർമ്മാൺ ഭവൻ, സേനാ ഭവൻ, യോജനാഭവൻ, ശ്രമശക്തി ഭവൻ തുടങ്ങിയ ഓഫീസ് ബഹുനില മന്ദിരങ്ങളെല്ലാം തന്നെ രാഷ്ട്രപതി ഭവന് രണ്ട് കിലോമീറ്ററിനുള്ളിൽ സ്ഥിതിചെയ്യുന്നു. എന്നാൽ

ഡൽഹിയിലെ ഏറ്റവും വലിയ കേന്ദ്ര ഗവൺമെന്റ് ഓഫീസ് സമുച്ചയമായ സെൻട്രൽ ഗവൺമെന്റ് ഓഫീസ് കോംപ്ലക്സ് (സി.ജി.ഒ. കോംപ്ലക്സ്) അല്പം അകലെയുള്ള ലോധി റോഡിലാണ്. ഈ ഓഫീസുകളിലെല്ലാം കൂടി പതിനായിരക്കണക്കിന് കേന്ദ്രഗവൺമെന്റ് ഉദ്യോഗസ്ഥർ സേവനമനുഷ്ഠിക്കുന്നു. ആകാശവാണി, ദൂരദർശൻ തുടങ്ങിയ പ്രധാന സ്ഥാപനങ്ങളെല്ലാം പാർലമെന്റ് ഹൗസിന് അടുത്താണ്.

വളരെ നീളത്തിൽ ഏഴുനിലകളിലായി പണിതിരിക്കുന്ന ശാസ്ത്രിഭവനിൽ വിവിധ മന്ത്രാലയങ്ങളുടെ ഓഫീസ് പ്രവർത്തിക്കുന്നു. ഇതേ രീതിയിലാണ് എല്ലാ 'ഭവനു'കളും. രാഷ്ട്രപതി ഭവനു സമീപം സ്ഥിതിചെയ്യുന്ന സെൻട്രൽ സെക്രട്ടറിയേറ്റ് കോംപ്ലക്സിനെ സൗത്ത് ബ്ലോക്ക്, നോർത്ത് ബ്ലോക്ക് എന്ന് രണ്ടായി തിരിച്ചിരിക്കുന്നു. പ്രതിരോധം, വിദേശകാര്യം എന്നീ മന്ത്രാലയങ്ങളും പ്രധാനമന്ത്രിയുടെ ഓഫീസും സൗത്ത് ബ്ലോക്കിലാണ്. ഭരണസിരാകേന്ദ്രങ്ങളെല്ലാം അടുത്തടുത്തായിട്ടാണ് സ്ഥിതി ചെയ്യുന്നത്. ഇന്ത്യാഗേറ്റ് മുതൽ രാഷ്ട്രപതി ഭവൻവരെയുള്ള ഒന്നരകിലോമീറ്റർ ദൂരം റോഡിന്റെ (രാജ്പഥ്) രണ്ട് വശങ്ങളിലായിട്ടാണ് സെൻട്രൽ സെക്രട്ടറിയേറ്റ് സ്ഥിതിചെയ്യുന്നത്. സെൻട്രൽ സെക്രട്ടറിയേറ്റിനു സമീപമുള്ള ഗ്രൗണ്ടിൽ (വിജയ് ചൗക്ക്) നിന്നാണ് റിപ്പബ്ലിക്ക് ദിന പരേഡ് ആരംഭിക്കുന്നത്.

രാഷ്ട്രപതിഭവന് ഏറെ ദൂരെയല്ലാതെ കിടക്കുന്നു, 'ചാണക്യപുരി'. ഡൽഹിയിലെ സ്ഥലനാമങ്ങളിൽ മിക്കവയും പുരി, ബാഗ്, നഗർ, വിഹാർ തുടങ്ങിയ പദങ്ങളിൽ അവസാനിക്കുന്നു. പുരി എന്ന വാക്കിലവസാനിക്കുന്ന സ്ഥലനാമങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ചാണക്യപുരി തന്നെ. കാരണം, മിക്കവാറും എല്ലാ എംബസികളും ചാണക്യപുരിയിലാണ്. ഭരണതന്ത്രജ്ഞന്മാരുടെ ഓഫീസുകൾ സ്ഥിതിചെയ്യുന്ന ഈ സ്ഥലത്തിന്റെ പേര് അന്വർത്ഥം തന്നെ. (ചാണക്യൻ ഒരു വലിയ രാജ്യതന്ത്രജ്ഞൻ ആയിരുന്നല്ലോ.)

ചാണക്യപുരിയിലൂടെയുള്ള റോഡുകൾക്കിരുവശവുമാണ് വിവിധ രാജ്യങ്ങളിലെ അംബാസിഡർമാരുടെ ഓഫീസുകൾ. രാജ്യങ്ങളുടെ പതാകകൾ എംബസിക്കു മുമ്പിലുണ്ടാകും. അപ്രകാരം, ഇതേതു രാജ്യത്തിന്റെ എംബസിയാണെന്ന് ദൂരെ നിന്നു തന്നെ മനസിലാക്കാവുന്നതാണ്. ഇവിടെ കടകളോ മറ്റു കെട്ടിടങ്ങളോ ഒന്നുമില്ലെങ്കിലും ഈ റോഡുകളിലൂടെ ബസ് സർവ്വീസുണ്ട്. ഗതാഗതക്കുരുക്കും ഇവിടില്ല. കൊണാട്ട് പ്ലേസിന് ചുറ്റുമുള്ള റോഡുകൾപോലെ വട്ടത്തിലുള്ള റോഡുകളല്ല ഇവിടെ. നീണ്ടുകിടക്കുന്ന മനോഹരമായ റോഡുകൾ. ചില എംബസികൾക്കു മുന്നിൽ മനോഹരമായ ചെറിയ പൂന്തോട്ടങ്ങളും. ഈ റോഡുകളിലൂടെയുള്ള യാത്ര വളരെ സന്തോഷകരം തന്നെ.

1206 മുതൽ 1526 വരെ ഡൽഹിയിൽ സുൽത്താന്മാരായിരുന്നു ഭരിച്ചിരുന്നത്. 1526ലെ പാനിപ്പട്ട് യുദ്ധത്തിൽ ബാബറിന്റെ വിജയത്തോടെയാണ് മുഗൾഭരണത്തിന് ഡൽഹിയിൽ തുടക്കമാകുന്നത്. ഇബ്രാഹിം ലോദിയെയാണ് ബാബർ അന്ന് തോൽപിച്ചത്. ബാബർ, ഹുമയൂൺ, ഷെർഷ, അക്ബർ, ജഹാംഗീർ, ഷാജഹാൻ, ഔറംഗസീബ് തുടങ്ങിയ പ്രസിദ്ധരുടെ ഭരണമായിരുന്നു തുടർന്ന്.

1912ലാണ് ഡൽഹി ഇന്ത്യയുടെ തലസ്ഥാനമാകുന്നത്. അതിനുമുൻപ് കൽക്കട്ടയായിരുന്നു തലസ്ഥാന നഗരി. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനിയുടെ സൗകര്യാർത്ഥമാണ് കൽക്കട്ട കേന്ദ്രമാക്കി ഭരണം നടത്തിയത്. അതിനുമുൻപ് മുഗൾ സാമ്രാജ്യത്തിന്റെ തലസ്ഥാനം ഡൽഹിയായിരുന്നു. 1911 ൽ ഡൽഹി ദർബാറിൽവച്ച് രാജാവ് ജോർജ് അഞ്ചാമനാണ് ഭാരതത്തിന്റെ തലസ്ഥാനം ഇനിമുതൽ ഡൽഹിയായിരിക്കുമെന്ന് പ്രഖ്യാപിച്ചത്. 1912 ഏപ്രിൽ ഒന്നിന് തലസ്ഥാനം ഔദ്യോഗികമായി ഡൽഹിയിലേയ്ക്ക് മാറ്റപ്പെട്ടു. പഴയ ഡൽഹിയായിരുന്നു ആദ്യം ആസ്ഥാനം. പഴയ ഡൽഹിയിൽ നിന്ന് ന്യൂഡൽഹിയിലേയ്ക്കു മാറ്റിയത് 1931 ഫെബ്രുവരി 10 നായിരുന്നു.

ഇന്ത്യയുടെ മാത്രമല്ല പല രാജ്യങ്ങളുടെയും തലസ്ഥാനം മാറിയിട്ടുണ്ട്. പാകിസ്ഥാന്റെ തലസ്ഥാനം 1947 മുതൽ 1959 വരെ കറാച്ചി ആയിരുന്നു. പിന്നീട് ഇസ്ലാമബാദും. 1928 മുതൽ 1949 വരെ ചൈനയുടെ തലസ്ഥാനം നാൻജിങ്ങ് ആയിരുന്നു. 1949 ൽ പീക്കിങ് എന്നറിയപ്പെട്ടിരുന്ന ബെയ്ജിങ് തലസ്ഥാന നഗരമായി. ഓസ്ട്രേലിയയുടെ തലസ്ഥാനം 1901 മുതൽ 1927 വരെ മെൽബൺ ആയിരുന്നു. ഇപ്പോൾ കാൻബറാ ആണ് തലസ്ഥാനം. ജപ്പാന്റെ പഴയ തലസ്ഥാനം ക്യോട്ടോ ആയിരുന്നു. ഇപ്പോൾ തലസ്ഥാനം ടോക്കിയോ ആണ്. 1868 ലാണ് എഡോ നഗരത്തിന്റെ പേര് ടോക്കിയോ എന്നായത്. ന്യൂസിലൻഡിന്റെ പഴയ തലസ്ഥാനം ഓക്ക്ലൻഡ് ആയിരുന്നു. 1865 ൽ വെല്ലിങ്ടൺ തലസ്ഥാനമായി.

രാജചരിത്രമുറങ്ങുന്ന നഗരമാണ് ഡൽഹി. ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ തലസ്ഥാന നഗരിയായതിനാൽ ലോകമൊട്ടുക്കും 'ഡൽഹി' എന്ന നാമധേയം അറിയപ്പെടുന്നുണ്ട്. ലോകത്തിലെ മിക്കവാറും എല്ലാരാജ്യങ്ങളിൽ നിന്നും വിമാനങ്ങൾ ന്യൂഡൽഹിയിൽ എന്നും എത്തിക്കൊണ്ടിരിക്കുന്നു; ഇന്ത്യയിലെ, റെയിൽവേ ലൈനുള്ള എല്ലാ സംസ്ഥാനങ്ങളിൽ നിന്നും ട്രെയിനുകൾ ഡൽഹിയിൽ എത്തിച്ചേരുന്നതുപോലെ. പുരാതന കാലം മുതൽതന്നെ പല രാജവംശങ്ങളുടെയും ആസ്ഥാനമായിരുന്ന ഡൽഹിയുടെ ചരിത്രം, ഭാരത ചരിത്രത്തിന്റെ ഒരു പ്രധാന ഭാഗമാണ്. ■

*(ലേഖകൻ ഡൽഹി സെൻട്രൽ മോണിറ്ററിംഗ് സർവീസിൽ ന്യൂസ് മോണിറ്ററായിരുന്നു. ഇപ്പോൾ ആകാശവാണി തിരുവനന്തപുരം നിലയത്തിൽ ന്യൂസ് എഡിറ്ററാണ്)*





മുരളീധരൻ തഴക്കര

ഗ്രാമ നന്മകളിലേയ്ക്കുള്ള തിരിച്ചുപോക്ക് ഇന്ന് ആഗോളാടിസ്ഥാനത്തിൽ ചിന്താവിഷയമാണ്. അത് പ്രകൃതിയിലേയ്ക്കും മനുഷ്യനിലേയ്ക്കുമുള്ള യാത്ര കൂടിയാണ്. കാലത്തിന്റെ പ്രവാഹത്തിൽ ഉപഭോഗ തൃഷ്ണയുടേയും പ്രകൃതി ചൂഷണത്തിന്റെയും വഴിയിലാണ് മനുഷ്യൻ മുന്നേറ്റം അധികവും നടത്തിയത്. അത് സർവ്വനാശത്തിന്റെ പടിവാതിലിൽ നമ്മെ എത്തിച്ചു. ലോകത്തിന്റെ പല കോണുകളിൽ അന്ധകാരത്തിൽ ചെറിയ ചില ദീപങ്ങൾ പോലെ, പരിശ്രമങ്ങൾ തുടങ്ങി – തിരിച്ചു വരവിനായി. അതിന്റെ പരിണതഫലമായിരുന്നു ഗ്രാമീണ കാർഷിക വിജ്ഞാനത്തിന്റെ തിരിച്ചുവരവ്. കേരളത്തിലും പല കോണുകളിലായി അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത്തരമൊരു അബോധ പ്രവർത്തനത്തിന്റെ ഫലമാണ് ഗ്രാമീണവും കാർഷികവുമായ സംജ്ഞകളുടെ സമാഹരണത്തിനായുള്ള ശ്രമം. ഇതൊരു തുടക്കം മാത്രമാണ് – എങ്കിലും സാർത്ഥകമായ തുടക്കം.

# തേഞ്ഞു മാഞ്ഞു പോകുന്ന ഗ്രാമീണ മൊഴിമുത്തുകൾ

മകരമാസം കേരളത്തിൽ കൊയ്ത്തിന്റെയും മെതിയുടെയും കാലമായിരുന്നു. മകരക്കൊയ്ത്ത് വർഷത്തിലെ പ്രധാനപ്പെട്ട രണ്ടാം കൊയ്ത്തുത്സവം എന്ന നിലയിൽ ശ്രദ്ധേയമായിരുന്നു. ഓരോ കാർഷികോത്സവവും അതോട് ബന്ധപ്പെട്ട് ധാരാളം സംജ്ഞകളും സൃഷ്ടിക്കുന്നു. കാർഷിക ജീവിതത്തിന്റെ ചരിത്രം ലോകമെമ്പാടും പരിശോധിച്ചാൽ ഇതു മനസ്സിലാവും. കൃഷിയേയും കന്നുകാലികളേയും രക്ഷിക്കേണമേ എന്ന പ്രാർത്ഥന പുരാതന ജനതയുടെ മുദ്രയായിരുന്നു. ഋഗ്വേദ പ്രാർത്ഥനകൾ ഉദാഹരണം. കന്നുകാലികളേയും കൃഷിയേയും പുലർത്താനും നിലനിർത്താനും ഉതകും എന്നു തോന്നുന്ന ആചാരങ്ങളും അതോടൊപ്പം ഉണ്ടായിട്ടുണ്ട്. അവയൊന്നും ഇതിഹാസപുരാണങ്ങളിലെ ദൈവങ്ങളെ ആധാരമാക്കിയല്ല. പൂർവികരും, അതാത് സംസ്ക്കാരങ്ങളിൽ ആരാധിച്ചു പോരുന്ന മൂർത്തികളുമാണ് ആരാധ്യർ. ഉദാഹരണത്തിന് മകരത്തിൽ നടത്തുന്ന കരിചൂട്. കലപ്പയെയാണ് പൂജിക്കുക. ഏറ്റവും ശുദ്ധമായ കാർഷിക സംസ്ക്കാരത്തിന്റെ ലക്ഷണമാണത്. കൃഷിയുടെ ഓരോ ഘട്ടവും ഓരോ പേരിൽ അറിയപ്പെടും. നാം ശ്രദ്ധിക്കാതെ പോകുന്ന ഒരംശമാണത്. ആ പേരിന്റെ നിഷ്പത്തി അന്വേഷിച്ചു പോയാൽത്തന്നെ നമ്മുടെ സംസ്ക്കാരത്തിന്റെ നിധി പേടകം തുറക്കാനുള്ള താക്കോൽ കിട്ടും. എന്നാൽ കാർഷിക വൃത്തിയുടെ അപചയ ത്തിന് മുൻപ് തന്നെ നമ്മുടെ സമൂഹത്തിൽ വന്ന കൃത്രിമമായ ജീവിത രീതി ഈ വക പദങ്ങളെ തെല്ലൊരപകർഷത്തോടെ കാണുന്ന അവസ്ഥയുണ്ടാക്കി. ഇവ പറയുന്നത് സംസ്ക്കാരത്തിന് ചേർന്നതല്ല എന്ന തോന്നലുണ്ടായി. അതുവഴി നമുക്ക് നഷ്ടമായത് നമ്മുടെ വലിയൊരു സംസ്ക്കാരത്തിന്റെ ഈടുവയ്പുകളാണ്. ആഗോളീകരണം എന്ന പ്രതിഭാസം മെല്ലെ എത്തിയതോടെ അതിന്റെ സ്വാധീനത്തിൽ ഇവ തീർത്തും മറയാൻ തുടങ്ങി. എന്നാൽ ഇപ്പോൾ ലോകമെമ്പാടും ചെറിയ സമൂഹങ്ങൾ സ്വന്തം വേരു തേടുന്നുണ്ട്. തിരികെ കിട്ടാത്തവിധം പലതും നഷ്ടമായെങ്കിലും ബാക്കിയുള്ളവയെങ്കിലും സംരക്ഷിക്കാനായാൽ അത്രയുമായി. ഇവിടെ മകരക്കൊയ്ത്തുമായി ബന്ധപ്പെട്ട ചില വാക്കുകൾ, പ്രയോഗങ്ങൾ ആചാരങ്ങൾ എന്നിവയുണ്ട്. ഇനിയുമുണ്ടാവാം അനേകം വാക്കുകൾ – അവ തേടി പിടിക്കാൻ പ്രേരണയായാൽ ഇത്തരം ശ്രമങ്ങൾ സാർത്ഥകമാകും.



### മകരക്കൊയ്ത്ത്

നെൽകൃഷിയിൽ രണ്ടാംവിള അഥവാ മുണ്ടകൻ കൊയ്ത്ത് നടക്കുന്നത് മകരമാസത്തിലാണ്. അതുകൊണ്ടാണിതിനെ 'മകരകൊയ്ത്ത്' എന്നു പറയുന്നത്. എന്നാൽ ഒന്നാംവിള അഥവാ വിരിപ്പ് നെൽകൃഷിയുടെ കൊയ്ത്ത് ചിങ്ങമാസത്തിലാണ് നടക്കുക.

### അറത്തു കെട്ടുക

മകരകൊയ്ത്തു കാലത്ത് അതായത് രണ്ടാം വിള നെല്ലിന് താരതമ്യേന നീളം കൂടുതലായിരിക്കും. അതുകൊണ്ട് കറ്റ മെതിച്ചെടുക്കുന്നതിനുള്ള സൗകര്യാർത്ഥം കതിരുകറ്റയും, ചുവടു കച്ചി

യുമായി രണ്ടായി മുറിച്ചു കെട്ടിയാണ് പാടത്തുനിന്ന് മെതി കളത്തിലോ വീടുകളിലോ കൊണ്ടുപോകുന്നത്. ഇങ്ങനെ ചെയ്യുന്നതിന് 'അറത്തു കെട്ടുക' എന്നാണ് പറയുക.

**വിത്തേറ്റി**

നെല്ല് ചിക്കി ഉണക്കുന്നതിനായി തടികൊണ്ട് നിർമ്മിച്ചിട്ടുള്ള ഉപകരണമാണിത്. നെല്ല് വലിച്ചു നിരത്താൻ പാകത്തിൽ നീളമുള്ള പിടിയോടുകൂടിയ ഈ കാർഷികോപകരണം പണ്ട് കൂടുതലായി നെൽകൃഷിയുള്ള വീടുകളിലെല്ലാം തന്നെ ഉണ്ടായിരുന്നു.

**നെല്ലിന്റെ 'ഓവ്'**

ചില നെല്ലിനങ്ങൾക്ക് ഓവ് കൂടുതലായിരിക്കും. "ഓവ് കൂടുതലുള്ള നെല്ല് വാരുകയും ചിക്കുകയും ചെയ്യുമ്പോൾ സൂക്ഷിക്കണം." കാരണവന്മാർ നൽകുന്ന മുന്നറിയിപ്പാണിത്. നന്നേ ഘനം കുറഞ്ഞ് സൂചിപോലെ നീളത്തിൽ നെന്മണിയോടു ചേർന്ന് നില്ക്കുന്ന ഭാഗത്തിനാണ് 'ഓവ്' എന്നു പറയുന്നത്. ഓവ് കൂടുതലുള്ള നെല്ല് കാലുകൊണ്ട് ചിക്കുമ്പോഴും കൈകൊണ്ട് വാരുമ്പോഴും മറ്റും കൈയിലും കാലിലും സൂചിപോലെ നില്ക്കുന്ന 'ഓവ്' തറച്ചുകയറുവാൻ സാദ്ധ്യതയുണ്ട്.

**കുരുച്ചിൽ കട്ട**

മകരകൊയ്ത്തു കഴിഞ്ഞ നെല്പാടങ്ങളിൽ ചെളിമണ്ണ് കട്ട കെട്ടി കാണുക സാധാരണയാണ്. ഇങ്ങനെ കാണുന്നതിന് 'കുരുച്ചിൽ കട്ട' എന്നാണ് കൃഷിക്കാർ പറയുക. കുരുച്ചിൽകട്ട ധാരാളമായി കാണുന്നത് നല്ല മണ്ണിന്റെ ലക്ഷണമായിട്ടാണ് കൃഷിക്കാർ കരുതിപ്പോരുന്നത്. നല്ല ജൈവാംശമുള്ള, വളപ്പറ്റുള്ള കണ്ടങ്ങളിലാണ് കൂടുതലായും കുരുച്ചിൽകട്ട കാണുക.

**കരിയൂട്ട്**

ചില പ്രദേശങ്ങളിൽ വിത്ത് വിതയ്ക്കുന്നതിന് മുമ്പായി നടത്തുന്ന പൂജയും ചടങ്ങുമാണ് 'കരിയൂട്ട്'. ഉഴവു നടത്തുവാനായി ഉപയോഗിക്കുന്ന കലപ്പ പൂജിക്കുക എന്നതാണ് ഇതിന്റെ പിന്നിലുള്ള സങ്കല്പം.

**വറത്തു കുത്തുക**

സാധാരണയായി നെല്ല് പുഴുങ്ങി ഉണക്കി കുത്തി അരിയെടുക്കുകയാണ് ചെയ്യുക. എന്നാൽ മഴക്കാലത്തും മറ്റും കാലാവസ്ഥ വേണ്ടത്ര അനുകൂലമല്ലാത്തപ്പോൾ നെല്ല് മൺകലത്തിനകത്തിട്ട് വറത്ത് കുത്തിയെടുത്താണ് അരിയെടുക്കുക. ഇതിന് 'വറത്ത് കുത്തുക' എന്നതാണ് ഗ്രാമീണഭാഷ. പകലന്തിയോളം പാടത്ത് പണിയെടുത്ത് വൈകുന്നേരം വീടുകളിലെത്തുന്ന കർഷക തൊഴിലാളികൾ മിക്കപ്പോഴും 'വറത്തു കുത്തിയാണ്' ചോറുവെയ്ക്കുന്നത്.

**വരി അട-പായസം**

നെല്ലിനോട് ഏറെ സാദൃശ്യമുള്ളതും നെല്ലിനൊപ്പം വളരുന്നതുമായ ഒരു കളയാണ് 'വരി'. 'വരിനെല്ല് അരി കെടുത്തും' എന്നാണ് പഴമൊഴി. പാടത്ത് വരിയുടെ എണ്ണം കൂടുതലായാൽ അത് നെല്ലുല്പാദനത്തെ വളരെ ദോഷകരമായി ബാധിക്കും. ഈ വരിനെല്ല് മൂപ്പെത്തുന്നതിന് മുമ്പ് പറിച്ചെടുത്ത് അതിൽ നിന്ന് കിട്ടുന്ന പാലുകൊണ്ട് അടയും പായസവും മറ്റും ഉണ്ടാക്കുന്ന പതിവ് പണ്ടുണ്ടായിരുന്നു. ഇത് ഏറെ രുചിദായകവുമാണ്.

**പന്ത കെട്ടി താമസിക്കുക**

പണ്ട് കൊയ്ത്തുമെതി സീസണിൽ കുട്ടനാട് പോലുള്ള കാർഷിക മേഖലകളിൽ എത്ര കണ്ട് തൊഴിലാളികൾ ഉണ്ടായാലും കൃഷിപ്പണിക്ക് അധികമാകില്ല. കൊയ്ത്തുകാലമാകുമ്പോൾ മറ്റു പ്രദേശങ്ങളിൽ നിന്നെല്ലാം തൊഴിലാളികൾ സകുടുംബം കുട്ടനാട്ടിൽ കൊയ്ത്തുമെതിക്കായി പോകുക പതിവാണ്. ഒന്നും രണ്ടും മാസം ഇവിടെ താമസിച്ച് പതവും തീർപ്പുമായി കിട്ടുന്ന നെല്ല് ഒരു വർഷക്കാലത്തേയ്ക്കുള്ള സമ്പാദ്യമാണ്. ഇങ്ങനെ കൊയ്ത്ത് കാലത്തെത്തുന്ന കർഷക തൊഴിലാളികൾ താല്ക്കാലിക കൂരകളുണ്ടാക്കി അതിലാണ് താമസിക്കുക – ഇതിന് പന്തകെട്ടി താമസിക്കുകയെന്നാണ് പറയുക.

**പിടിത്താൾ**

മുമ്പ് ഓരോ കൃഷിക്കാരനും യഥാവിധി കൃഷി കാര്യങ്ങൾ നോക്കി നടത്തുന്നതിന് ഒരു കർഷകത്തൊഴിലാളി പ്രത്യേകമായുണ്ടാകും. ജന്മി കുടിയാൻ ബന്ധവും വ്യവസ്ഥയും നിലനിന്നിരുന്ന കാലത്ത് കൃഷിക്ക് കാവലായി-കൃഷിപ്പണികൾക്കെല്ലാം നേതൃത്വം നൽകിയിരുന്ന 'തലപ്പുലയന്' പ്രത്യേകം കൊടുത്തിരുന്ന ഒരു കതിർകറ്റയ്ക്കാണ് 'പിടിത്താൾ' എന്ന് പറഞ്ഞിരുന്നത്. ■

*(ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്.)*





# പുതിയ അക്കൗണ്ടിംഗ് രീതി പ്രായോഗിക പരിചയം നേടാം

ഉദയഭാനു കണ്ടേത്ത്

പഞ്ചായത്തിലെ ഡബിൾ എൻട്രി അക്കൗണ്ട് - 2

## എന്താണ് 'അക്കൗണ്ട്'?

ഒരു വ്യക്തിയെ/ഒരു കൂട്ടം വ്യക്തികളെ, ഒരു വസ്തുവിനെ/ഒരു കൂട്ടം വസ്തുക്കളെ, അല്ലെങ്കിൽ പേരിൽ മാത്രമുള്ള ഒന്നിനെ സംബന്ധിക്കുന്ന ധനകാര്യ ഇടപാടുകൾ ക്രമാനുഗതമായി എഴുതി ലെഡ്ജറിൽ സൂക്ഷിച്ചിട്ടുള്ള രേഖയാണ് അക്കൗണ്ട്.

വ്യക്തിഗത അക്കൗണ്ട്, യഥാർത്ഥ അക്കൗണ്ട്, നാമമാത്ര അക്കൗണ്ട് (Personal Account, Real Account, Nominal Account) എന്നിങ്ങനെ അക്കൗണ്ടുകളെ മൂന്നായി വിഭജിക്കാം.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും കണക്കുകൾ പരമ്പരാഗതമായി തയ്യാറാക്കി വന്നത് കാഷ് അടിസ്ഥാനത്തിലായിരുന്നു. സിംഗിൾ എൻട്രി സമ്പ്രദായമായിരുന്നു അത്. കാഷ് വരുമ്പോഴും പോകുമ്പോഴും മാത്രം അക്കൗണ്ടിൽ രേഖപ്പെടുത്തുന്നതായിരുന്നു ഈ രീതി.

### കാഷ് അക്കൗണ്ട് മാത്രം

ഈ സമ്പ്രദായത്തിൽ 'കാഷ്' എന്ന ഒരൊറ്റ അക്കൗണ്ടിനു മാത്രമാണ് ലെഡ്ജർ സൂക്ഷിച്ചിരുന്നത്. 'കാഷ് ബുക്ക്' ആയിരുന്നു ആ ലെഡ്ജർ. (പഞ്ചായത്തിന്റെ കാഷ് ബുക്കിൽ ഒരു കോളത്തിൽ കാഷ് അക്കൗണ്ട്, മറ്റൊരു കോളത്തിൽ ട്രഷറി അക്കൗണ്ട്, ഇനിയൊരു കോളത്തിൽ ബാങ്ക് അക്കൗണ്ട് എന്നിവ രേഖപ്പെടുത്തിയിരുന്നു. കാഷ്/ട്രഷറി/ബാങ്ക് എന്നീ അക്കൗണ്ടുകളുമായി ബന്ധപ്പെടാത്ത ഒന്നും തന്നെ കണക്കുകളിൽ രേഖപ്പെടുത്തിയിരുന്നില്ല (പക്ഷേ, മറ്റു രജിസ്റ്ററുകളിൽ ഈ വിവരങ്ങൾ സൂക്ഷിച്ചിരുന്നു) ഒരു ഭാഗത്ത് കാഷ്/ബാങ്ക്/ട്രഷറി അക്കൗണ്ടും മറുഭാഗത്ത് മറ്റൊരു അക്കൗണ്ടുമായിട്ടായിരുന്നു ഇടപാടുകൾ. ഈ വിവരം കാഷ്ബുക്കിൽ രേഖപ്പെടുത്തി, പക്ഷേ മറുഭാഗത്തെ അക്കൗണ്ടിനു വേണ്ടി ലെഡ്ജർ സൂക്ഷിച്ചിരുന്നില്ല (വിവരം മറ്റു രജിസ്റ്ററുകളിലാണ് സൂക്ഷിച്ചിരുന്നത്).

### രീതി മാറുന്നു

അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം പഞ്ചായത്തുകളിൽ നടപ്പാക്കുന്നതോടെ, ഈ രീതി അപ്പാടെ മാറുകയാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട ഓരോ വരുമാനവും ചെലവും ആസ്തിയും ബാദ്ധ്യതയും പഞ്ചായത്തിന്റെ ലെഡ്ജറിലെ ഓരോ അക്കൗണ്ടാണ് (ഉദാ:- വസ്തുനികുതി അക്കൗണ്ട്, തൊഴിൽ നികുതി അക്കൗണ്ട്, വാടക അക്കൗണ്ട്, ശമ്പളം അക്കൗണ്ട്, തൊഴിലില്ലായ്മ വേതനം അക്കൗണ്ട്, കൃഷി വികസന അക്കൗണ്ട്, മണ്ണ്-ജല സംരക്ഷണ അക്കൗണ്ട്, പ്രൊവിഡന്റ് ഫണ്ട് റിക്കവറി അക്കൗണ്ട്, ലൈബ്രറി സെസ് അക്കൗണ്ട്, ഭൂമി അക്കൗണ്ട്, കെട്ടിടം അക്കൗണ്ട്, കാഷ് അക്കൗണ്ട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ട്.)

ഓരോ ധനകാര്യ ഇടപാടും പഞ്ചായത്തിന്റെ ലെഡ്ജറിൽ സൂക്ഷിച്ചിട്ടുള്ള രണ്ട് അക്കൗണ്ടുകളെ ഒരേ സമയം ബാധിക്കുന്നു. ഇവയിൽ ആനുകൂല്യം കൈപ്പറ്റുന്ന അക്കൗണ്ടിനെ ഡെബിറ്റ് ചെയ്യുന്നു; ആനുകൂല്യം നൽകുന്ന അക്കൗണ്ടിനെ ക്രെഡിറ്റ് ചെയ്യുന്നു.

ഈ രീതി പൂർണ്ണമായി ഉൾക്കൊള്ളണമെങ്കിൽ 'അക്കൗണ്ട്' എന്ന പദത്തിന്റെ അർത്ഥം ശരിയായ വ്യാപ്തിയിൽ ഉൾക്കൊള്ളണം.

### അക്കൗണ്ട്

അക്കൗണ്ട് എന്നു കേട്ടാൽ പലരുടേയും മനസ്സിലേയ്ക്ക് ആദ്യം കയറിവരുന്നത് 'ബാങ്ക് അക്കൗണ്ട്' ആണ്. നിസ്സംശയമായും 'ബാങ്ക് അക്കൗണ്ട്' ഒരു അക്കൗണ്ട് തന്നെ. എന്നാൽ ഇതു മാത്രമല്ല അക്കൗണ്ട്.

അക്കൗണ്ട് ചിലപ്പോൾ ഒരു വ്യക്തിയുമായി ബന്ധപ്പെട്ടതായിരിക്കാം (ഉദാ: പ്രസിഡന്റ്, സെക്രട്ടറി)

മറ്റൊരവസരത്തിൽ ഒരു കൂട്ടം വ്യക്തികളുമായി ബന്ധമുണ്ടാവാം (ഉദാ: കരാറുകാർ, സപ്ലൈയർമാർ, നികുതിദായകർ, ജീവനക്കാർ)

ഇനിയൊരവസരത്തിൽ ഒരു വസ്തുവുമായോ ഒരു കൂട്ടം വസ്തുക്കളുമായോ ബന്ധപ്പെട്ടതായിരിക്കാം. (ഉദാ: ഭൂമി, കെട്ടിടം, കംപ്യൂട്ടർ, വാഹനം)

ഇതൊന്നുമല്ലെങ്കിൽ പേരിൽമാത്ര

മുള്ള ചില കാര്യങ്ങളുമായിട്ടായിരിക്കാം ബന്ധം (ഉദാ:- വസ്തു നികുതി, തൊഴിൽ നികുതി, ശമ്പളം, കറന്റ് ചാർജ്ജ്)

ഒരു വ്യക്തിയുമായോ, വ്യക്തികളുമായോ, വസ്തുക്കളുമായോ, പേരിൽ മാത്രമുള്ള കാര്യങ്ങളുമായോ ബന്ധപ്പെട്ട ഓരോ ധനകാര്യ ഇടപാടും ക്രമാനുഗതമായി എഴുതി ലെഡ്ജറിൽ സൂക്ഷിച്ചിട്ടുള്ള രേഖയാണ് അക്കൗണ്ട്.

ഇങ്ങനെ പരിശോധിച്ചാൽ പ്രസിഡന്റിന്റെ ഓണറേറിയം, സെക്രട്ടറിയുടെ ശമ്പളം, ജീവനക്കാരുടെ ശമ്പളം, കോൺട്രാക്ടർമാർക്ക് നൽകാനുള്ള തുക, വസ്തുനികുതി, വാടക, ഭൂമി, കെട്ടിടം, വാഹനം, ഫർണിച്ചർ തുടങ്ങിയവയോരോന്നും പഞ്ചായത്തിന്റെ ലെഡ്ജറിലെ ഓരോ അക്കൗണ്ടാണെന്നു മനസ്സിലാക്കാം.

**ഒരു വ്യക്തിയെ/ഒരു കൂട്ടം വ്യക്തികളെ, ഒരു വസ്തുവിനെ/ഒരു കൂട്ടം വസ്തുക്കളെ, അല്ലെങ്കിൽ പേരിൽ മാത്രമുള്ള ഒന്നിനെ സംബന്ധിക്കുന്ന ധനകാര്യ ഇടപാടുകൾ ക്രമാനുഗതമായി എഴുതി ലെഡ്ജറിൽ സൂക്ഷിച്ചിട്ടുള്ള രേഖയാണ് അക്കൗണ്ട്.**

**മൂന്നുതരം അക്കൗണ്ടുകൾ**

അക്കൗണ്ടുകളെ നമുക്ക് മൂന്നായി തരം തിരിക്കാം.

1. വ്യക്തികളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ
2. ആസ്തികളും വസ്തുക്കളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ
3. വരുമാനവുമായും ചെലവുമായും ബന്ധപ്പെട്ട അക്കൗണ്ടുകൾ

കുറേക്കൂടി വിശദമായി പരിശോധിക്കുന്നതിനായി ഇവയെ താഴെപറയുന്ന രീതിയിൽ നമുക്ക് ഇഴപിരിക്കാം:

മേൽപറഞ്ഞ ഓരോ അക്കൗണ്ടിനെ പ്പറ്റിയും താഴെ പ്രതിപാദിക്കുന്നു:

**1. വ്യക്തിഗത അക്കൗണ്ടുകൾ (Personal Account)**

വ്യക്തികൾ, സ്ഥാപനങ്ങൾ, ബാങ്കുകൾ, സൊസൈറ്റികൾ തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ് വ്യക്തിഗത അക്കൗണ്ടുകൾ. ഇവയെ മൂന്നായി തരം തിരിക്കാം.

**1.1 നൈസർഗിക വ്യക്തിയുടെ വ്യക്തിഗത അക്കൗണ്ട് (Natural person's Personal Account)**

മനുഷ്യരുമായി ബന്ധപ്പെട്ട ഇടപാടുകൾ രേഖപ്പെടുത്തുന്ന അക്കൗണ്ടാണ് നൈസർഗിക വ്യക്തിയുടെ വ്യക്തിഗത അക്കൗണ്ട്. ഉദാ: രാമന്റെ അക്കൗണ്ട്; അബുവിന്റെ അക്കൗണ്ട്, ജോസിന്റെ അക്കൗണ്ട് തുടങ്ങിയവ. ഇത്തരം അക്കൗണ്ടുകൾ പഞ്ചായത്തിൽ ഉണ്ടായിരിക്കില്ല.

**1.2 കൃത്രിമവ്യക്തിയുടെ വ്യക്തിഗത അക്കൗണ്ട് (Artificial Person's Personal Account)**

നിയമത്തിന്റെ കണ്ണിൽ മാത്രം 'വ്യക്തി' കളായി നിലനില്ക്കുന്നവയാണ് 'കൃത്രിമവ്യക്തികൾ'. ഇവയുമായിട്ടുള്ള ഇടപാടുകളാണ് 'കൃത്രിമവ്യക്തിയുടെ വ്യക്തിഗത അക്കൗണ്ടിൽ രേഖപ്പെടുത്തുന്നത്. ഉദാ: സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അക്കൗണ്ട്, കെ.യു ആർ ഡി എഫ് സി ലോൺ അക്കൗണ്ട്, കേന്ദ്ര സർക്കാർ ഗ്രാന്റ് അക്കൗണ്ട് തുടങ്ങിയവ.

**1.3 പ്രാതിനിധ്യ സ്വഭാവമുള്ള വ്യക്തിഗത അക്കൗണ്ട് (Representative Personal Account)**

ഒരു കൂട്ടം വ്യക്തികളെ പ്രതിനിധീകരിക്കുന്നവയാണ് പ്രാതിനിധ്യ സ്വഭാവമുള്ള വ്യക്തിഗത അക്കൗണ്ടുകൾ. ഉദാ: നികുതിദായകരിൽ നിന്നു ലഭിക്കാനുള്ള വസ്തു നികുതി അക്കൗണ്ട്



(Receivables for Property tax Account); ജീവനക്കാർക്ക് നൽകാനുള്ള ശമ്പളം അക്കൗണ്ട് (Net Salary Payable Account) കരാറുകാർക്ക് നൽകാനുള്ള തുകയുടെ അക്കൗണ്ട് (Contractor's Control Account) തുടങ്ങിയവ.

**2. വ്യക്തിഗതമല്ലാത്ത അക്കൗണ്ടുകൾ (Inpersonal Accounts)**

വ്യക്തികളുമായി ബന്ധമില്ലാത്ത എല്ലാ അക്കൗണ്ടുകളും വ്യക്തിഗതമല്ലാത്ത അക്കൗണ്ടുകളാണ്. ഇവയെ രണ്ടായി തരം തിരിക്കാം:

**1. യഥാർത്ഥ അക്കൗണ്ടുകൾ (Real Accounts)**

**2. നാമമാത്ര അക്കൗണ്ടുകൾ (Nominal Accountant)**

**2.1 യഥാർത്ഥ അക്കൗണ്ടുകൾ (Real Accounts)**

ആസ്തികൾ, വസ്തുവകകൾ, കൈവശമുള്ള സാധനങ്ങൾ തുടങ്ങിയവയാണ് യഥാർത്ഥ അക്കൗണ്ടുകൾ. ഇവയെ ഇനിയും രണ്ടായി തരംതിരിക്കാം.

**2.1.1 സ്പർശിച്ചറിയാവുന്ന യഥാർത്ഥ അക്കൗണ്ട് (Tangible Real Accounts)**

കാഴ്ച, സ്പർശം തുടങ്ങിയവയിലൂടെ സാന്നിദ്ധ്യം അറിയിക്കുന്നവയാണ് സ്പർശിച്ചറിയാവുന്ന യഥാർത്ഥ അക്കൗണ്ടുകൾ. ഉദാ: ഭൂമി അക്കൗണ്ട്, കെട്ടിടങ്ങളുടെ അക്കൗണ്ട്, റോഡുകളുടെ അക്കൗണ്ട്, വാഹനങ്ങളുടെ അക്കൗണ്ട്, സ്റ്റോക്ക് അക്കൗണ്ട്, കാഷ് അക്കൗണ്ട് തുടങ്ങിയവ (ബാങ്ക് അക്കൗണ്ട് എന്നത് ഒരു വ്യക്തിഗത അക്കൗണ്ട് ആണ്. കാരണം ബാങ്കിംഗ് കമ്പനി എന്ന കൃത്രിമ വ്യക്തിയുമായി ബന്ധപ്പെട്ടതാണ് അത്.)

**2.1.2 സ്പർശിച്ചറിയാനാവാത്ത യഥാർത്ഥ അക്കൗണ്ട് (Intangible Real Accounts)**

കാണാനോ, സ്പർശിക്കാനോ കഴിയാത്ത, ആസ്തികളാണ് സ്പർശിച്ചറിയാനാവാത്ത യഥാർത്ഥ അക്കൗണ്ടിൽ ഉൾപ്പെടുന്നത്. ഉദാ: പഞ്ചായത്തിൽ വിന്യസിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ, ഓരോ ആപ്ലിക്കേഷനുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ സൃഷ്ടിച്ച് സൂക്ഷിച്ചിട്ടുള്ള ഡാറ്റാ ബേസുകൾ തുടങ്ങിയവ (പകർപ്പവകാശം, ട്രേഡ്മാർക്ക്, ഗുഡ്‌വിൽ, പേറ്റന്റ് തുടങ്ങിയവും സ്പർശിച്ചറിയാനാവാത്ത യഥാർത്ഥ അക്കൗണ്ടുകൾക്ക് ഉദാഹരണങ്ങളാണ്.)

**2.2 നാമമാത്ര അക്കൗണ്ടുകൾ (Nominal Accounts)**

ചെലവുകൾ, നഷ്ടങ്ങൾ, വരുമാനങ്ങൾ, നേട്ടങ്ങൾ (expenses, losses, incomes and gains) എന്നിവയാണ് നാമമാത്ര അക്കൗണ്ടുകൾ അഥവാ പേരിൽ മാത്രമുള്ള അക്കൗണ്ടുകൾ. ഉദാ: ഓണറേറിയം അക്കൗണ്ട്, ശമ്പളം അക്കൗണ്ട്, കറന്റ് ചാർജ് അക്കൗണ്ട്, വസ്തുനികുതി അക്കൗണ്ട്, വാടക അക്കൗണ്ട്, ഡി ആന്റ് ഒ ലൈസൻസ് ഫീ അക്കൗണ്ട്, പലിശ അക്കൗണ്ട്, ഡിവിഡന്റ് അക്കൗണ്ട് തുടങ്ങിയവ (കമ്മീഷൻ അക്കൗണ്ട്, ഡിസ്ക്കൗണ്ട് അക്കൗണ്ട് തുടങ്ങിയവയെ നഷ്ടങ്ങളായും, ഡിവിഡന്റ് അക്കൗണ്ട്, പലിശ അക്കൗണ്ട് തുടങ്ങിയവയെ നേട്ടങ്ങളായും കണക്കാക്കുന്നു).

**രത്നച്ചുരുക്കം**

വ്യക്തിഗത അക്കൗണ്ടുകളെ (Personal Accounts) മൂന്നായി ഇഴപിരിച്ചും യഥാർത്ഥ അക്കൗണ്ടുകളെ (Real Accounts) രണ്ടായി വേർപിരിച്ചും മുകളിൽ കാണിച്ചത് അവയോരോന്നും എന്താണെന്ന് കൃത്യമായി മനസ്സിലാക്കുന്നതിനു സഹായിക്കാനാണ്. വിവിധ അക്കൗണ്ടുകളെ മൂന്നുതരം അക്കൗണ്ടുകളായി മാത്രമാണ് ഇനി പരാമർശിക്കുക. അവ താഴെ പറയുന്നു.

**1. വ്യക്തിഗത അക്കൗണ്ടുകൾ (Personal Accounts)**

**2. യഥാർത്ഥ അക്കൗണ്ടുകൾ (Real Account)**

**3. നാമമാത്ര അക്കൗണ്ടുകൾ (Nominal Accounts)**

*(തുടരും)*

*ലേഖകൻ ഏജീസ് ഓഫീസിൽ സീനിയർ ഓഡിറ്റ് ഓഫീസറായിരുന്നു. ഇപ്പോൾ ഇൻഫർമേഷൻ കേരളമിഷനിൽ കൺസൾട്ടന്റാണ്*
*മൊബൈൽ : 9447454221*
*ഇമെയിൽ: ubkandeth@gmail.com*

**കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ, 1999**

വിൽപ്പനയ്ക്ക് തയ്യാർ.....!!!

തയ്യാറാക്കിയത്
സിന്ധു ബർണാഡ്, LL.M.
അഡ്വക്കേറ്റ്, തൃശ്ശൂർ.

**2010 പതിപ്പ്**
**340 പേജ്**
**വില 250/-**

**എസ്.ആർ.ഓ. നം. 495/2007 പ്രകാരം 1999ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ചിട്ടുള്ളതാണ്.**

**പുസ്തകത്തിന്റെ ഉള്ളടക്കം :** » കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ, 1999 » 1999ലെ മുനിസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങൾ എല്ലാ ഗ്രാമപഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം » കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമാണചട്ടങ്ങൾ, 1999 എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ബാധകമാക്കുന്നതു സംബന്ധിച്ച സർക്കുലർ » സർക്കുലറുകൾ » തീരദേശ നിയന്ത്രണ മേഖല സംബന്ധിച്ച് പരിസ്ഥിതി, വനമന്ത്രാലയത്തിന്റെ പ്രധാനപ്പെട്ട ഉത്തരവുകളും സർക്കുലറുകളും » കെട്ടിടങ്ങളിൽ മേൽക്കൂര മഴവെള്ള സംഭരണസംവിധാനത്തിന്റെ വിശദീകരണകുറിപ്പും മാർഗനിർദ്ദേശങ്ങളും » തറ വിസ്തീർണ്ണാനുപാതം [F.A.R] » കേരള കെട്ടിട നിർമ്മാണ (അനധികൃത നിർമാണവും ഭൂവികസനവും ക്രമവൽക്കരിക്കൽ) ചട്ടങ്ങൾ, 1999 » നഗരാസൂത്രണ നിയമം » 1994 - ലെ കേരള മുനിസിപ്പാലിറ്റി നിയമം (പ്രസക്തഭാഗങ്ങൾ) » 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം (പ്രസക്തഭാഗങ്ങൾ) » 1959 - ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ (പ്രസക്തഭാഗങ്ങൾ) » 1967 - ലെ ഭൂമി പ്രയോജനപ്പെടുത്തൽ ഉത്തരവ് » 2008 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം » 2008 - ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

**എല്ലാ പ്രധാനപ്പെട്ട ബുക്ക് ഷോപ്പുകളിലും ലഭ്യമാണ്. നേരിട്ട് തപാലിലും അയച്ചുതരുന്നതാണ്.**

*പുസ്തകങ്ങൾക്ക് ബന്ധപ്പെടുക :*

**സ്വാമി ലാ ഹൗസ്**

**ദ്വരൈ സ്വാമി അയ്യർ റോഡ്, (റയ്മൺസിനു എതിർവശം, എം.ജി. റോഡ്) എറണാകുളം - 682 035.**

***ബ്രാഞ്ച് :* ഒന്നാം നില, കാർമൽ സെന്റർ (പോസ്റ്റോഫീസിനു മുകളിൽ) ബാനർജി റോഡ്, എറണാകുളം - 682 018.**

ഫോൺ : 2361341, 2366285
ഫാക്സ് : 2366285.
മൊബൈൽ : 9446046285.
ബ്രാഞ്ച് ഫോൺ : 2398104.
മൊബൈൽ : 9446061341.



# ദേശീയ തൊഴിലുറപ്പ് പദ്ധതിയും സ്ത്രീ ശാക്തീകരണവും

**പി. അജിതാറാണി**

കോഴിക്കോട് ജില്ലയിലെ തെക്ക്-കിഴക്ക് അറ്റത്ത് വയനാട് ജില്ലയോട് തൊട്ടുകിടക്കുന്ന മലയോര ഗ്രാമമാണ് പുതുപ്പാടി. വയനാടിനെ തൊട്ടുകിടക്കുന്നതുകൊണ്ടാവാം പുതുപ്പാടിക്കും വയനാടൻ പ്രദേശങ്ങളുടെ ഏകദേശ സ്വഭാവങ്ങളെല്ലാം ഒത്തുവന്നത്. 10 മണിവരെ കുളിര് വിട്ടുമാറാത്ത പ്രഭാതവും മദ്ധ്യാഹ്നം വരെ നിലനിൽക്കുന്ന ചൂടും, ഉച്ചകഴിയുമ്പോൾ ഇപ്പോൾ സന്ധ്യയിങ്ങെത്തുമെന്ന പ്രതീതി നിലനിർത്തുന്ന സായാഹ്നങ്ങളും ഒക്കെ പുതുപ്പാടിയുടെ മാത്രം സവിശേഷതകളാവാം. നാഷണൽ ഹൈവേയിലൂടെ കടന്നു വരുമ്പോൾ പുല്ലാഞ്ഞിമേട് സ്ഥിതിചെയ്യുന്ന മനുഷ്യനിർമ്മിതമായ ഫൈബർ വേസ്റ്റ് കുന്നിൽ കണ്ണുകൾ ഉടക്കി പിന്നോട്ട് നോക്കി പോകും. സമീപത്ത് സ്ഥിതിചെയ്യുന്ന കയർ ഉൽപന്ന ഫാക്ടറിയിൽ നിന്നും പുറം തള്ളുന്ന ചകിരിചോർ കൂട്ടിയിട്ട് കുന്ന് രൂപം കൊണ്ടതാണിവിടം. പുതുപ്പാടി പഞ്ചായത്ത് സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ച കാലം മുതൽ എന്റെ മനസ്സിൽ നിലനിന്നിരുന്ന ഒരു സംശയം, പുല്ലും മണ്ണും, ചകിരിതുരുമ്പിലും കൗതുക വസ്തുക്കളെ നിർമ്മിക്കുന്ന, എന്തിനെയും ഉപയുക്തമാക്കി മാറ്റാനുള്ള കഴിവുനൽകി ദൈവം മനുഷ്യനെ ഭൂമിയിലേയ്ക്കയച്ചിട്ടും അവനെന്തേ ഈ ഫൈബർ വേസ്റ്റ് കണ്ടെത്തി അവന്റെ കഴിവ് തെളിയിച്ചില്ല? ചകിരിചോറ് കുന്നിൽ നിറയെ പച്ച നിറത്തിലെ വള്ളികളും കുറ്റിച്ചെടികളും കാട് പിടിച്ച് നിൽക്കുന്നു. കുറ്റിക്കാടുകൾ വകഞ്ഞു മാറ്റി ആ കുന്നിന്റെ നിറുകയിൽ കയറി നിന്നു തുള്ളി ചാടുന്ന ഒരു കൊച്ചു കുട്ടിയാകുന്ന മനസ്, ആർത്തലച്ച് പെയ്യുന്ന ഒരു പേമാരിയെത്തി ഈ ചകിരിചോറ് മുഴുവൻ കുത്തിയൊലിച്ച് ഈ ഭൂപ്രദേശം മുഴുവൻ പരന്നു കിടക്കുന്നതും, അതിനടിയിലെ മണ്ണ് കണ്ടെത്താൻ മനുഷ്യൻ ഉഴന്നു നിൽക്കുന്നതും പലപ്പോഴും മനസിൽ കാണുന്നു ഞാൻ.

യാത്രചെയ്യുന്ന വാഹനത്തേക്കാൾ വേഗത മനസിനുള്ളത് കൊണ്ട് വാഹനം മലപ്പുറത്ത് എത്തുമ്പോൾ വടക്ക് ഭാഗത്ത് മഞ്ഞിൽ പൊതിഞ്ഞ് നിൽക്കുന്ന മലനിരകളിൽ കണ്ണും, മനസും ഉടക്കി വലിക്കും. "എടുത്ത് വെച്ച കല്ല്" എന്ന പേരിനെ അന്വർത്ഥമാക്കുന്ന സ്ഥലം. ആരോ അവിടെ വലിയൊരു പാറക്കല്ല് എടുത്ത് വെച്ചതുപോലെ തന്നെ തോന്നും. "മൈലള്ളാംപാറ" മനസിൽ മയിൽപീലി നിറയ്ക്കുന്ന സുഖം. വാർഡ് വിഭജന മാർഗരേഖയിൽ വാർഡുകൾ വടക്ക് നിന്നും തുടങ്ങി വടക്ക് വന്നെത്തി അവസാനിക്കുന്നതിനാൽ ഈ മലനിരകളെ ചുമക്കാനുള്ള ഭാഗ്യം ഒന്ന് രണ്ട് വാർഡുകൾക്കാണ് കിട്ടിയത്. കണ്ണപ്പൻകുണ്ട്, മട്ടിക്കുന്ന് വാർഡുകൾ ക്ലോക്കിലെ സൂചി ചലിച്ച് 1 ൽ തുടങ്ങി 20 ൽ എത്തുമ്പോൾ 1–ാം വാർഡിനെ തൊട്ടുനിൽക്കും.

പുതുപ്പാടി ഗ്രാമ പഞ്ചായത്തിൽ എവിടെയാണ് പുതുപ്പാടി എന്ന സ്ഥലം എന്ന് പലതവണ പലരോടും അന്വേഷിച്ചെങ്കിലും, പഞ്ചായത്തിന്റെ മാപ്പിൽ സ്ഥലം തിരഞ്ഞെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. പുതുപ്പാടി പഞ്ചായത്തിലെ പുതുപ്പാടി എന്ന സ്ഥലം കണ്ടെത്തുന്ന



വർ പുതുപ്പാടി പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടേണ്ടതാണെന്നൊരു പരസ്യം നൽകിയാലോയെന്ന് പലതവണ മനസിനു കുസൃതി തോന്നിയത് പറയാതെവയ്യ. പഞ്ചായത്തിന്റെ പ്രധാന അങ്ങാടികളായ മലപുറം, ഈങ്ങാപ്പുഴ, കൈതപ്പൊയിൽ, അടിവാരം എന്നിവയെ കടന്നു പോകുന്ന നാഷണൽ ഹൈവേ 212. പ്രസിദ്ധമായ വയനാടൻ ചുരം ഒന്നാം വളവ് മുതൽ 9-ാം വളവ് വരെ പുതുപ്പാടി പഞ്ചായത്തിനു സ്വന്തം മെന്നത് പുതുപ്പാടിയുടെ സ്വകാര്യ അഹങ്കാരം. 9-ാം വളവിൽ നിന്നു താഴെ കാണുന്ന ദൃശ്യം മനസിനുണ്ടാക്കുന്ന അനുഭവം പറഞ്ഞറിയിക്കുക അസാദ്ധ്യം, അവാച്യം. ചുരം വ്യൂ പോയിന്റിൽ ഒരു നിരീക്ഷണ കേന്ദ്രം സ്ഥാപിച്ച് സഞ്ചാരികളുടെ ദൃശ്യവിരുന്നിനു സ്വാദ് കൂട്ടാൻ എന്തേ അധികൃതർ ഇനിയും മടികാട്ടുന്നു.

ഇനി നമുക്ക് പഞ്ചായത്തിലേയ്ക്ക് മടങ്ങാം. ഒരുപാട് വിപുലമായ അധികാരങ്ങൾ ചുമക്കുന്ന ത്രിതല പഞ്ചായത്തിന് ഒടുവിൽ കിട്ടിയ ഭാരിച്ച ഉത്തരവാദിത്വമാണ് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി. പാലക്കാട്, വയനാട് ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിച്ചപ്പോഴാണ് ഞങ്ങളും ഏറ്റെടുത്തത്.

ദേശീയ തൊഴിലുറപ്പ് പദ്ധതി രജിസ്ട്രേഷൻ നടപടികളുടെ മുന്നോടിയായി വിപുലമായ ഗ്രാമസഭകൾ നടത്തി, പദ്ധതി വിശദീകരണം നൽകിയിരുന്നു. ആ ഗ്രാമസഭകളുടെ ജനപങ്കാളിത്തം കണ്ടപ്പോൾ അന്ന് മനസിൽ തോന്നിയത് ബീഹാർ, മദ്ധ്യപ്രദേശ് എന്നിവിടങ്ങളിലെ പട്ടിണിപാവങ്ങളുടെ പട്ടിണിയകറ്റാൻ കേന്ദ്ര ഗവണ്മെന്റ് കണ്ടെത്തിയ ഈ പദ്ധതി എങ്ങനെ വൈറ്റ് കോളർ ജോബ് മാത്രം കണ്ണുംനട്ടിരിക്കുന്ന കേരള ജനതയെ സ്വാധീനിക്കാൻ, മലയോര ഗ്രാമമായ പുതുപ്പാടിയിലെ കർഷക വിഭാഗം ഇതിനെ മുഖംതിരിച്ച് മാറ്റി നിർത്തും എന്നൊക്കെയായിരുന്നു. രജിസ്ട്രേഷൻ നടത്താൻ എത്തിയ കുടുംബങ്ങളുടെ എണ്ണം 5000ൽ കവിഞ്ഞപ്പോഴും മനസിൽ ഒന്നും നടക്കില്ല, ഇതെല്ലാം കട്ടപ്പുറത്ത് നിൽക്കുമെന്ന തോന്നൽ തന്നെയായിരുന്നു. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ബാലാരിഷ്ടതകളിലൂടെ കടന്ന് 2008-09 വർഷം പിന്നിട്ടപ്പോൾ 1352 തൊഴിലാളികൾക്ക് 23735 പ്രവർത്തി ദിവസം തൊഴിൽ നൽകി 31.13 ലക്ഷം രൂപ ചെലവഴിച്ച് ജില്ലയിൽ ഒന്നാം സ്ഥാനത്തെത്തിയിരുന്നു പുതുപ്പാടി. പക്ഷെ 23735 പ്രവർത്തി ദിനങ്ങളെ 1344 തൊഴിൽ നൽകിയ കുടുംബങ്ങളെ കൊണ്ട് ഹരിച്ചപ്പോൾ കിട്ടിയത് 18 ശരാശരി മനുഷ്യ ദിനം മാത്രമായിരുന്നു. ഒരു കുടുംബത്തിനു 100 തൊഴിൽ ദിനം നൽകുമെന്ന സർക്കാർ പ്രഖ്യാപനം പാലിക്കാൻ കഴിഞ്ഞില്ലെങ്കിലും ഇത്രയേറെ തൊഴിൽ ദിനം സൃഷ്ടിക്കാൻ കഴിഞ്ഞതും കൂലിയിനത്തിൽ 28.75 ലക്ഷം രൂപ തൊഴിലാളികൾക്ക് നൽകാൻ സാധിച്ചതും മനസിനു വല്ലാത്ത സന്തോഷം നേടിത്തന്നു. ആദ്യ വർഷം പ്രധാനമായും നടപ്പിലാക്കിയത് പല റോഡുകളിൽ ജലനിർഗമന ചാലുകൾ നിർമ്മിക്കൽ തന്നെയായിരുന്നു. വരും വർഷങ്ങളിലും അഴുക്കുചാൽ നിർമ്മാണങ്ങൾ നടത്തി പിടിച്ചു നിൽക്കാൻ കഴിയുമോ എന്ന സ്വാഭാവികമായ സംശയം അപ്പോൾ നിലനിന്നിരുന്നു.

പിന്നീട് പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രവർത്തികളുടെ സാദ്ധ്യത വർദ്ധിപ്പിച്ചെത്തിയ ഉത്തരവുകൾ വലിയ ആശ്വാസം നൽകുന്നവയായിരുന്നു. 2008-09 വർഷം നടപ്പിലാക്കിയ കണ്ണപ്പൻകുണ്ട് മൈനർ ഇറിഗേഷൻ കനാൽ നവീകരണ പ്രവർത്തി അവയിൽ ഏറ്റവും മികച്ചതായിരുന്നു. 300 മീറ്റർ നീളമുള്ള കനാലിൽ വർഷങ്ങളായി നീക്കംചെയ്യാതെ അടിഞ്ഞു കൂടിയ മാലിന്യം നീക്കം ചെയ്തു, 50 തൊഴിലാളി സ്ത്രീകൾ. വർക്ക്സൈറ്റിൽ അവരുടെ പ്രവർത്തി നേരിട്ട് പരിശോധനയ്ക്ക് ചെന്നപ്പോൾ, പുരുഷൻമാരെ മാറ്റിനിർത്തുന്ന ആർജ്ജവത്തോടെയുള്ള അവരുടെ ജോലി കണ്ടപ്പോൾ, ഞാനും ഒരു സ്ത്രീയാണെന്നും, ഞങ്ങളുടെ ആർജ്ജവത്തിനു അതിരുകളില്ലെന്നും, മനസ് വിളിച്ചറിയിച്ചിരുന്നു. ഈ പ്രവർത്തികളുടെയെല്ലാം നേതൃനിരയിൽ നിന്നിരുന്ന പുതുപ്പാടി പഞ്ചായത്തിന്റെ കുടുംബശ്രീ സംവിധാനത്തെ ഞാൻ ഇപ്പോഴെങ്കിലും മുന്നോട്ട് നിർത്തിയില്ലെങ്കിൽ അത് തികഞ്ഞ നന്ദികേടാവും. 20 വാർഡുകളിലേയും എ.ഡി.എസ്ന്റെയും സി.ഡി.എസ് സംവിധാനത്തിന്റെയും പൂർണ്ണമായ പിൻതുണ പ്രവർത്തി നടത്തിപ്പിനു ഏറ്റവും സഹായകരമായിരുന്നു. സ്ത്രീസഹജമായ പരിഭവങ്ങളും, പരാതികളും ഉന്നയിച്ചെങ്കിലും അവരെ സഹായിക്കുന്നതിനു പരിധി ഇല്ലായെന്നതായിരുന്നു സത്യം.

ഈ വർഷത്തെ തൊഴിലുറപ്പ് പദ്ധതി ഒന്നാംഘട്ടത്തിലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രധാന പ്രവർത്തി വനാതിർത്തിയിലെ ട്രെഞ്ച് നിർമ്മാണമായിരുന്നു. വനാതിർത്തി പങ്കിടുന്ന വാർഡുകളിലെ അതിരിനോട് ചേർന്ന് കാട്ടുമൃഗങ്ങൾ കടക്കാതെ ട്രെഞ്ച് നിർമ്മിക്കുക. അതിനുവേണ്ട അനുമതി വനം വകുപ്പിൽ നിന്നും ലഭ്യമാക്കി. അവരുടെ പ്രത്യേക നിർദ്ദേശത്തിലും, അവരുടെ സാന്നിദ്ധ്യത്തിലും മാത്രമേ ട്രെഞ്ച് നിർമ്മാണം നടത്താവൂ. ട്രെഞ്ച് നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു ഞങ്ങൾ വയനാട് ജില്ലയിലെ വൈത്തിരി പഞ്ചായത്തിന്റെ സഹായം തേടിയിരുന്നു. എസ്റ്റിമേറ്റിനു സാങ്കേതികാനുമതി നേടി മസ്റ്റർറോൾ ലഭ്യമാക്കി. 40 റീച്ചുകളിലായിരുന്നു 6000 മീറ്റർ ദൈർഘ്യമുള്ള ട്രെഞ്ച് നിർമ്മാണ പദ്ധതി തയ്യാറാക്കിയത്. തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം നടക്കുന്ന സ്ഥലങ്ങൾ സെക്രട്ടറിമാർ എപ്പോഴെങ്കിലും സന്ദർശിക്കാറുണ്ടോ? എന്ന അധികൃതരുടെ ചോദ്യം എവിടെയോ തറച്ചു നിന്നതു കൊണ്ടാവാം കഴിഞ്ഞ ദിവസം രാവിലെ ഓഫീസിൽ വന്നയുടൻ മറ്റ് ജോലിതിരക്കുകളെല്ലാം അവഗണിച്ച് തൊഴിലുറപ്പ് പദ്ധതി കോ-ഓർഡിനേറ്റർ രാജനെയും കൂട്ടി എല്ലാ വർക്ക്സൈറ്റിലേയ്ക്കും പോകുവാൻ പഞ്ചായത്ത് ജീപ്പ് എടുത്ത് പുറപ്പെട്ടത്. ആദ്യം, ഒന്നാം വാർഡിൽ പ്രധാന പ്രവർത്തി നടക്കുന്ന ട്രെഞ്ച് നിർമ്മാണം ഒന്നാം റീച്ച് തന്നെയാവാം എന്ന ഉദ്ദേശത്തിലായിരുന്നു യാത്ര. ട്രെഞ്ച് നിർമ്മാണം 2 മീറ്റർ വീതിയും, 2 മീറ്റർ ആഴവും, അടിഭാഗം 1 മീറ്റർ വീതിയിലുമുള്ള കുഴിയെടുക്കുക, വന





ത്തിന്റെ അതിരിനോട് ചേർന്ന ഭാഗത്ത് നിരപ്പായ ഭാഗത്ത് പ്രവർത്തിയെടുക്കുന്ന കുറെ സ്ത്രീ രൂപം മാത്രമേ പുറപ്പെടുമ്പോൾ മനസിലുണ്ടായിരുന്നുള്ളു. ഒന്നാം വാർഡിലെ മലമ്പാതകളിലൂടെ പഞ്ചായത്ത് ജീപ്പ് മുകളിലേയ്ക്ക് ഏന്തിവലിഞ്ഞ് കയറുമ്പോൾ വയനാട് ചുരം കയറുമ്പോഴുള്ള രീതിയിൽ ചെവിയടയ്ക്കുന്നത് അനുഭവപ്പെട്ടു. മലമുകളിലേയ്ക്ക് 4.5 കി.മീ. യാത്ര ചെയ്ത് ജീപ്പ് കയറാത്ത ഒരു മൺപാതയിൽ എത്തിയപ്പോൾ, ഇനി ഇവിടെ നിന്നും നടക്കാവുന്ന ദൂരമേയുള്ളു, ജീപ്പ് പോവില്ലെന്നറിയിച്ചു, ശരി നടന്നുകളയാം. ജീപ്പ് ഡ്രൈവറായ ബിജു കൂടെവരട്ടെ എന്നായി കോ-ഓർഡിനേറ്റർ രാജൻ. ഒന്നുമടിച്ചെങ്കിലും നാട്ടുകാരൻ തന്നെയായ ബിജു കൂടെ പോന്നു. ഇപ്പോൾ സ്ഥലത്തെത്തി പ്രവർത്തി പരിശോധന നടത്തികളയാമെന്ന ആവേശത്തോടെ ഞാനും. ഒന്നാം വാർഡിലെ മലമ്പാതകയറും മുൻപേ വാർഡിലെ മെമ്പറും, തൊഴിൽ ഉറപ്പിലെ തൊഴിലാളി കൂടിയായ റോസമ്മ ജോസഫിനെ മൊബൈലിൽ വിളിച്ച് ഞാനങ്ങോട്ട് വരുന്നെന്നറിയിച്ചിരുന്നു. സംഭാഷണം പൂർത്തിയാകും മുൻപ് ആ ഫോൺ കട്ടായത് നിമിത്തമായിരിക്കാം, മൺ പാതയിലൂടെ കുത്തനെ കയറാൻ തുടങ്ങിയപ്പോഴെ കിതപ്പ് തുടങ്ങി. പാതയ്ക്ക് സമീപത്തുകൂടെ ഒരു കയ്യാല കയറി ഇതിലെ പോരാനായി പറഞ്ഞു കോ-ഓർഡിനേറ്റർ. കഷ്ടിച്ച് പിടിച്ച് കയ്യാല കയറി മുകളിലേയ്ക്ക്. പാറതുമ്പിൽ ചവിട്ടി മുന്നോട്ട് നീങ്ങി. തല താഴെയ്ക്കും മാത്രം നോക്കി കുറച്ച് ദൂരം കൂടി ഞാൻ കയറി. ശ്വാസം മൂക്കിലൂടെ കിട്ടാത്ത അവസ്ഥ. എന്റെ മുന്നിലായി ബിജുവും രാജനും. അവർക്ക് ഈ കയറ്റം കയറുന്നത് കൂടാതെ എന്നെ സുരക്ഷിതമായി എത്തിക്കേണ്ട ചുമതലയുമായി. ഇനിയങ്ങോട്ട് ഒരടിപോലും കയറാനാവാത്ത അവസ്ഥയിൽ ഞാനും, മുകളിലേയ്ക്ക് നോക്കിയാൽ അറ്റമില്ലാത്ത കയറ്റം, നിരപ്പില്ലാത്ത കല്ല് നിറഞ്ഞ കാട്ടുവഴി. താഴെയ്ക്ക് നോക്കിയാൽ ഞാനൊന്നനങ്ങിയാൽ തെന്നി മാറുന്ന കല്ലിളകി താഴെ വീഴും. മനസിൽ ദൈവങ്ങളെ വിളിച്ച് എന്തുംവരട്ടെ എല്ലാം ഞാൻ ദൈവത്തിനു സമർപ്പിക്കുന്നുവെന്നുറപ്പിച്ച് കയറി മുകളിലെത്തി. കുറച്ച് മുകളിലേയ്ക്ക് കയറി എത്തിയാൽ പിന്നെ മലഞ്ചരിവിലൂടെ കയറിയതിനേക്കാൾ പ്രയാസമാണ് താഴേയ്ക്കിറങ്ങാൻ. മരത്തിന്റെ വേരുകളിൽ തടഞ്ഞും വള്ളിപ്പടർപ്പിൽ കാൽ കുടുങ്ങിയും സൈറ്റിൽ എത്തിയപ്പോൾ മനസിനു ആകെ ഒരു ഉൾകിടിലം സംഭവിച്ച അവസ്ഥ. മലകയറുമ്പോൾ തൊഴിലാളികൾ എവിടെയെന്നറിയാൻ ബിജു ഉച്ചത്തിൽ കൂവിയപ്പോൾ, ദൂരെനിന്നും മറുകൂവലും കേട്ടിരുന്നു. പ്രവർത്തിസ്ഥലത്ത് 23 സ്ത്രീ തൊഴിലാളികൾ മാത്രം. വനത്തിനോടടുത്ത മൺവെട്ടി തൊടാത്ത മണ്ണിൽ ഈ സ്ത്രീകൾ 2 മീറ്റർ ആഴത്തിലും വീതിയിലും ട്രെഞ്ച് നിർമ്മിച്ച് മുന്നോട്ട് പോയിരുന്നു.

ഞാനവിടെ വരെ എത്തുമെന്നു അവർ പ്രതീക്ഷിച്ചുപോലുമില്ല. വെറുതെ ഫോണിൽ വിളിച്ച് പറയുകയായിരിക്കും, സെക്രട്ടറിക്ക് ഇവിടെ എത്താൻ പറ്റില്ലെന്നായിരുന്നു അവർ ഉറപ്പിച്ചത്. എന്തായാലും ഞാൻ അവിടെ വരെ എത്തിയത് അവരിൽ വല്ലാത്ത സന്തോഷം ജനിപ്പിച്ചു എന്നത് സത്യം. ഇവർക്ക് ഈ പ്രവർത്തി എടുക്കുന്നതിന് കൂലിയിത്തിൽ 125/രൂപയല്ല അതിന്റെ നാലിരട്ടി നൽകിയാലും മതിയാവല്ല. കിടങ്ങിൽ ഇറങ്ങി നിന്ന് കുഴിയെടുക്കുന്ന എന്റെ സഹോദരിമാരെ കണ്ടപ്പോൾ ഞാൻ പറഞ്ഞു. അത് കേട്ടതും അവരെല്ലാം ഒന്നിച്ച് കയ്യടിച്ചു. ഒന്നും കിട്ടിയില്ലെങ്കിലും സാറിന്റെ വായിൽനിന്നും ഇപ്പോൾ കേട്ടത് ഞങ്ങൾക്ക് സ്വർണ്ണ മെഡൽ കിട്ടുന്നതിന് തുല്യമാണെന്നായി അവർ. കുറച്ച് സമയം അവരുടെ ജോലി നോക്കിനിന്നു. തൂമ്പ കൊണ്ട് മണ്ണ് മാറ്റി വരുമ്പോൾ വലിയ പാറകളാണ് കുഴികളിൽ നിറയെ. ആ പാറകൾ 25 കിലോ വരുന്ന കൂറ്റൻ കമ്പികൾ കൊണ്ട് കുത്തിപ്പൊട്ടിച്ച് കഷണങ്ങളാക്കി എടുത്ത് മാറ്റി വനത്തിന്റെ സൈഡിൽ കൊണ്ടുപോയി നിക്ഷേപിക്കുന്നു. കുറച്ച്പേർ നീക്കം ചെയ്യുന്ന മണ്ണ്, കൊട്ടയിൽ ചുമന്ന് വനത്തിനുള്ളിൽ കൊണ്ടുപോയി ഇടുന്നു. പാറകൾ കമ്പികൊണ്ട് കുത്തിപ്പൊട്ടിച്ച് നൽകുന്ന രണ്ട് സ്ത്രീകൾ അവരുടെ മുഖത്തുള്ള നിശ്ചയദാർഢ്യം, എന്തിനെയും അതിജീവിക്കാനുള്ള കരുത്ത്. അവരുടെ ജോലി നോക്കി നിൽക്കേ ശരീരം രോമാഞ്ചം കൊള്ളുന്നത് ഞാനറിഞ്ഞു. ഈ തൊഴിലാളികളെല്ലാം പുറപ്പെടുന്നത് മലഞ്ചരിവിൽ 5 കി.മീ. താഴെ നിന്നായിരുന്നു. വെള്ളംകുന്ന് എന്ന കോളനിവാസികൾ രാവിലെ 8 മണിക്ക് തന്നെ പ്രവർത്തിസ്ഥലത്ത് തൂക്കുപാത്രത്തിൽ ചോറും, ചമ്മന്തിയും കൊണ്ട് എത്തും. വനത്തിനകത്തെ അരുവിയിൽ നിന്നെടുക്കുന്ന വെള്ളം അടുപ്പ് കൂട്ടി തിളപ്പിച്ചാണ് കുടിക്കുന്നത്. അവിടെനിന്നും ഒരു ഗ്ലാസ് വെള്ളം കുടിച്ചപ്പോൾ വെള്ളത്തിനു മുൻപൊരിക്കലും തോന്നാത്ത മധുരം തോന്നിയോ? പലവിധ ജീവിതസാഹചര്യങ്ങളിൽ നിന്നെത്തി 125/രൂപ മാത്രം ദിവസ വേതനത്തിനായി ആണുങ്ങളെ വെല്ലുന്ന അദ്ധ്വാനം. നടത്തുന്നവർ അവരുടെ മുൻനിരയിൽ അവർക്ക് നേതൃത്വം നൽകി അവരോടൊപ്പം ജോലി ചെയ്യുന്ന വാർഡ് മെമ്പർ റോസമ്മ ചേച്ചി, എല്ലാവരോടും യാത്ര പറഞ്ഞ് മലയിറങ്ങി ജീപ്പിൽ കയറുമ്പോൾ മനസിൽ ഞാൻ ഉറക്കെ പറയുകയായിരുന്നു ഇതാ ഇവിടെ, ഇവിടെയാണ് യഥാർത്ഥ സ്ത്രീ ജീവിക്കുന്നത്. ഇവരാണ്. ഇവരിലാണ് സ്ത്രീ ശാക്തീകരണം കണ്ടെത്തേണ്ടത്. കേരളം മുഴുവൻ എന്റെ കൊച്ചു സഹോദരിമാരെ ഉൾകൊണ്ട് മാതൃകയായെങ്കിൽ അവരെന്റെ സഹോദരിമാരെന്നത് എന്റെ മാത്രം സ്വകാര്യ അഹങ്കാരം. ■

*ലേഖിക പുതുപ്പാടി ഗ്രാമ പഞ്ചായത്ത് സ്പെഷ്യൽഗ്രേഡ് സെക്രട്ടറിയാണ്.*

റ്റി. ബാലചന്ദ്രൻ നായർ

# സഹ്യന്റെ ചൂര് ഏറ്റ് ഒരു തൊഴിലുറപ്പ് പദ്ധതി

തിരുവനന്തപുരം ജില്ലയുടെ വടക്ക് കിഴക്ക് സഹ്യപർവ്വതത്തിന്റെ ഭാഗമായ വനാതിർത്തിയോട് ചേർന്ന് കിടക്കുന്ന ഗ്രാമപഞ്ചായത്താണ് പെരിങ്ങമ്മല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 18 വാർഡുകളിലായി 8189 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 2100-പട്ടികജാതിക്കാരും 1259 പേർ പട്ടിക വർഗ്ഗക്കാരുമാണ്. 2009 ഡിസംബർ വരെ 1250 കുടുംബത്തിലെ തൊഴിലാളികൾക്ക് ആകെ 34760 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതി നിയമത്തിൽ പറഞ്ഞിട്ടുള്ള പ്രവൃത്തികളിൽ പരമ്പരാഗത ജലസ്രോതസ്സുകളുടെ സംരക്ഷണം, കനാലുകൾ, തോടുകൾ എന്നിവയുടെ പുനരുദ്ധാരണം, ജലനിർഗ്ഗമനച്ചാലുകളുടെ നിർമ്മാണം തുടങ്ങിയവയായിരുന്നു നാളിതുവരെ പഞ്ചായത്തിൽ നടത്തിപ്പോന്നിരുന്നത്.

സ്ഥായിയായ ആസ്തികളുടെ നിർമ്മാണം, കാർഷിക മേഖലയിലെ പുരോഗതി എന്നിവ മുന്നിൽകണ്ടുകൊണ്ടാണ് പെരിങ്ങമ്മല ജില്ലാ കൃഷിഫാമിലെ ഒരുപറ ഏഴാം ബ്ലോക്ക് കൃഷിയോഗ്യമാക്കൽ എന്ന പ്രോജക്ടിന് രൂപം നൽകിയത്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ജില്ലാപഞ്ചായത്ത് വിഹിതം ഉൾപ്പെടുത്തി. 1 കോടി രൂപയാണ്. എട്ട് പ്രോജക്ടുകളിലായാണ് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നത്. പ്രോജക്ട് 1 റോഡ് നിർമ്മാണം (1.5 കിലോമീറ്റർ) അടങ്കൽ തുക 129000 രൂപ, പ്രോജക്ട് 2 മുതൽ 6 വരെയുള്ള 5 പ്രവൃത്തികളിലായി കാട് വെട്ടിതട്ടുതിരിക്കലും കോണ്ടൂർ ബണ്ട് നിർമ്മാണവുമാണ്. 5 പ്രോജക്ടുകൾക്കും കൂടി 71.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ട് നമ്പർ 7-ആനക്കുഴിയെടുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 14.5 ലക്ഷം രൂപ ഇതിനായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രോജക്ട് നമ്പർ 8 ഫലവൃക്ഷതൈകൾ നടുന്നതിന് കുഴിയെടുക്കൽ, വിത്തിടുന്നതിന് പ്ലാറ്റ് ഫോം നിർമ്മിക്കൽ എന്നിവയാണ് ഉദ്ദേശിക്കുന്നത്. അതിന് 10.5 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. ഈ സാമ്പത്തിക വർഷം മറ്റ് പ്രവർത്തികളിലും ജോലി ചെയ്യുന്നത് ഉൾപ്പെടെ പണിയെടുക്കുന്ന കുടുംബങ്ങൾക്ക് 100 ദിവസം പൂർണ്ണമായി തൊഴിൽ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

**ശരാശരി 750 തൊഴിലാളികൾ ദിവസവും പണിയെടുക്കുന്നു. പണിയെടുക്കുന്ന കുടുംബങ്ങൾക്ക് 100 ദിവസം പൂർണ്ണമായി തൊഴിൽ നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്.**

പ്രോജക്ടിന്റെ ഉദ്ഘാടനം എം.എൽ.എ. അരുന്ധതി നിർവ്വഹിച്ചു. പെരിങ്ങമ്മല ഗ്രാമപഞ്ചായത്തിലെ 12 വാർഡുകളിൽ നിന്നായി തൊഴിൽ ആവശ്യപ്പെട്ട് വന്നിട്ടുള്ള തൊഴിലാളികളാണ് പണിയെടുക്കുന്നത്. ശരാശരി 750 തൊഴിലാളികൾ ദിവസവും പണിയെടുക്കുന്നു. ഇതിൽ 150 എസ്.സി, 95 എസ്.റ്റി വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടുന്നു. ഗ്രാമപഞ്ചായത്തിന്റെ വിദൂരസ്ഥലങ്ങളിൽ നിന്നും പണിക്ക് എത്തുന്നവർക്ക് തൊഴിലുറപ്പ് നിയമത്തിൽ അനുശാസിക്കുന്ന യാത്രാക്കൂലികൂടി ഉൾപ്പെടുത്തി നൽകുന്നതാണ്. 90% തൊഴിലാളികളും സ്ത്രീകളും ചെറുപ്പക്കാർ മുതൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള തൊഴിലാളികളും പണിക്ക് എത്തുന്നുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ വിദൂരസ്ഥലങ്ങളിൽ നിന്നും വളരെ രാവിലെ തന്നെ പണിക്ക് എത്തേണ്ടിവരുന്നതിനാലും, വനപ്രദേശമായതിനാൽ മറ്റ് ഭക്ഷണസാധനങ്ങൾ ലഭ്യമല്ലാത്തതിനാലും, തൊഴിലാളികൾക്ക് ഉച്ചയ്ക്ക് കഞ്ഞി നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

750-ൽപരം തൊഴിലാളികൾ ഒരുമിച്ച് നിന്ന് പണിയെടുക്കുന്ന സ്ഥലമായതിനാൽ മെഡിക്കൽ സേവനം സ്ഥിരമായി







ലഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അത്യാവശ്യം പ്രഥമ ശുശ്രൂഷയ്ക്കുള്ള മരുന്നുകളും ഒരു കാൾ ഡോക്ടറുടെ സേവനവും എൻ.ആർ.എച്ച്.എം പദ്ധതിയിൽ നിന്ന് ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. കൂടാതെ അരി, പലവ്യഞ്ജനങ്ങൾ എന്നിവ ലഭ്യമാക്കുന്നതിന് സപ്ലൈകോ തയ്യാറായിട്ടുണ്ട്. തൊഴിലാളികളെ ഏറ്റവും കൂടുതൽ അലട്ടുന്ന പ്രശ്നം യാത്രാസൗകര്യമില്ലാത്തതാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും അഗ്രിഫാമിലേയ്ക്ക് ബസ് സർവ്വീസ് തുടങ്ങുന്നതിന് അധികാരികൾക്ക് ഇതിനകം നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓരോ വാർഡിലേയും തൊഴിലാളികളെ പ്രത്യേകം പ്രത്യേകം മാറ്റിന്റെ ചുമതലയിൽ വേർതിരിച്ചാണ് പ്രവൃത്തികൾ ചെയ്യിക്കുന്നത്. ഓരോ ടീം തൊഴിലാളികളും ചെയ്യേണ്ട പ്രവൃത്തികൾ വിശദീകരിച്ച് അളന്ന് നൽകിയാണ് പണി നടപ്പിലാക്കുന്നത്. ഓരോ സംഘവും അവരവർക്ക് ഏൽപ്പിച്ചുകൊടുക്കുന്ന പ്രവൃത്തികൾ കൃത്യമായി ചെയ്തുതീർക്കുന്നുണ്ട്. വർഷങ്ങളായി കാട് പിടിച്ച് കുറ്റിക്കാടുകൾ നിറഞ്ഞ പ്രദേശമായിരുന്നതിനാൽ പ്രവൃത്തികൾ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. എന്നിരുന്നാലും കൂട്ടായി നിന്ന് ഒറ്റക്കെട്ടായി കർമ്മനിരതരായി പണിചെയ്യുന്നതിന് തൊഴിലാളികൾ ശ്രദ്ധിച്ചു വരുന്നു. വനപ്രദേശമായതിനാൽ ഇഴജന്തുക്കളുടേയും കാട്ടുമൃഗങ്ങളുടേയും ശല്യം ഉണ്ടാവുമെന്ന് ഭയമുണ്ട്. ചെന്നായ, ആന, കാട്ടുപന്നി മറ്റ് വിഷപാമ്പുകൾ എന്നിവയുടെ വിഹാരരംഗമായിരുന്നു ഈ പ്രദേശം. ആനക്കിടങ്ങ് നിർമ്മിക്കുന്നതോടെ ആനശല്യം കുറയുമെന്നത് ഒരാശ്വാസമാണ്.

തൊഴിലാളികൾക്ക് ഉപയോഗിക്കുന്നതിനുള്ള 10 താൽക്കാലിക കക്കൂസുകൾ, പൊതുവായ വിശ്രമഷെഡ്, കുട്ടികളെ നോക്കുന്നതിനുള്ള ചെറിയ ഷെഡുകൾ എന്നിവ പണി പൂർത്തിയാക്കി. പണിസ്ഥലത്ത് തൊഴിലാളികൾക്കുള്ള കുടിവെള്ളം പ്രത്യേകം വാഹനത്തിൽ വാട്ടർ ടാങ്കുകളിലാക്കി എത്തിക്കുന്നുണ്ട്. ആദ്യഘട്ടമായി 11 ദിവസംകൊണ്ട് ഒന്നാം ഘട്ട പ്രവൃത്തി പൂർത്തിയാക്കി തൊഴിലാളികൾക്ക് കൂലി നൽകുന്നതിന് നടപടി എടുത്തുകഴിഞ്ഞു. രണ്ടാം ഘട്ടം പണി പുരോഗമിച്ചു വരുന്നു.

തൊഴിലുറപ്പ് പദ്ധതിയിൽ പണി പൂർത്തിയാക്കി വരുന്ന മുറയ്ക്ക് കൃഷിഫാമിന്റെ നേതൃത്വത്തിൽ ഫലവൃക്ഷങ്ങൾ, മണ്ണൊലിപ്പ് തടയുന്നതിനുള്ള പുല്ല്, മറ്റ് ഫലവൃക്ഷങ്ങളുടെ തൈ ഉത്പ്പാദിപ്പിക്കുന്നതിനുള്ള വിത്തിടൽ തുടങ്ങിയവ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിലിന് വേണ്ടിമാത്രം പ്രോജക്ടുകൾ ഏറ്റെടുക്കുന്നുവെന്ന ആക്ഷേപത്തിനുള്ള മറുപടിയാണ് ഈ പദ്ധതി. കാടുവെട്ടി കിളച്ച് മറിച്ച് കോണ്ടൂർ ബണ്ട് പിടിച്ച് പണിചെയ്തിരിക്കുന്ന, കറുത്ത വളക്കൂറുള്ള മണ്ണിളകിക്കിടക്കുന്ന പ്രവൃത്തി പ്രദേശം ആരെയും ആനന്ദതുന്ദിലരാക്കുമെന്നതിൽ സംശയമില്ല. കൃഷിഫാമിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഈ പ്രോജക്ട് വഴിയൊരുക്കും. ഇതുപോലുള്ള സർക്കാർ ഫാമുകളിലും ഇതരസ്ഥാപനങ്ങളിലും നിലവിലുള്ള പ്രദേശത്ത് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയാൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ജനോപകാരപ്രദവും സദുദ്ദേശപരവും ആയിത്തീരുമെന്നതിൽ യാതൊരു സംശയവുമില്ല. ■

*ലേഖകൻ വാമനപുരം ബ്ലോക്ക് ജോയിന്റ് ബി.ഡി.ഒ. ആണ്*







# സഞ്ചരിക്കുന്ന നാടകവീട്

**പി. സുരേഷ്**

സ്ഥലവും വീടും ഇല്ലാത്തതും, വീടില്ലാത്തതുമായ 4 ലക്ഷത്തിലേറെ വരുന്ന ദരിദ്ര വിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്ന ഒരു വലിയ പ്രവർത്തനമാണ് ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ നടപ്പാക്കപ്പെടുന്നത്. ഇതു സാധ്യമാകുന്നതോടെ കേരളം സമ്പൂർണ്ണ പാർപ്പിട സംസ്ഥാനമെന്ന പദവിയിലേയ്ക്കാണ് എത്തുന്നത്. ഇന്ത്യയിൽ മാത്രമല്ല ലോകത്ത് ഏതെങ്കിലും സമൂഹം ഇത്തരത്തിലുള്ള നേട്ടം കൈവരിച്ചിട്ടുണ്ടോ എന്ന് സംശയമാണ്. അതുകൊണ്ടു തന്നെ കേരളം ആർജിച്ച മേന്മകൾക്കൊപ്പം ചേർത്തുവയ്ക്കാനും എടുത്തുകാട്ടുവാനും കഴിയുന്ന ഒരു മഹത്തായ പ്രവർത്തനമാണ് ഇപ്പോൾ കേരളത്തിൽ നടക്കുന്നത്.

മുൻകാലങ്ങളിൽ നടപ്പാക്കിയ ഭവന പദ്ധതികളിൽ നിന്നും ഒട്ടേറെ വ്യത്യസ്തതകൾ ഇ.എം.എസ്. സമ്പൂർണ്ണ ഭവനപദ്ധതിക്കുണ്ട്. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിന് പ്രഥമ പരിഗണന നൽകുക വഴി കേരളം നടപ്പാക്കിയ ഭൂപരിഷ്കരണ നടപടികളുടെ തുടർച്ചയും വളർച്ചയുമായി ഇതു മാറുന്നു. ഭവന നിർമ്മാണ ധനസഹായത്തോടൊപ്പം അനെർട്ടുവഴി പുകയില്ലാത്ത അടുപ്പും ശുചിത്വ മിഷൻ മുഖേന ശുചിത്വ കക്കൂസും നൽകുന്നു. ഇത്തരത്തിൽ അനുബന്ധ സൗകര്യങ്ങൾ ഉറപ്പാക്കുന്നതു വഴി കഴിയുന്നത്ര സൗകര്യങ്ങളുള്ള ഒരു വീട് ഗുണഭോക്താവിന് ലഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

മുൻപ് നടപ്പിലാക്കിയ ഭവന പദ്ധതികളിൽ കാണാതിരുന്നതും ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ പ്രവർത്തനവും പിന്തുണാ സംവിധാനവും കൊണ്ടുവരുവാൻ നടത്തുന്ന ശ്രമങ്ങളാണ്. ഇതിനകം സംസ്ഥാനാടിസ്ഥാനത്തിൽ പതിനായിരത്തിലധികം പേർക്ക് പരിശീലനം നൽകി. ഇതിൽ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സാങ്കേതിക വിദഗ്ദ്ധർ, സന്നദ്ധ പ്രവർത്തകർ തുടങ്ങിയവർ ഉൾപ്പെടുന്നു. ഇതിനെ തുടർന്ന് ജില്ലാതലത്തിലും ജില്ലയിലെ വിവിധ മേഖലാതലത്തിലും, തദ്ദേശഭരണസ്ഥാപനതലത്തിലും പരിശീലനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വലിയ ഒരു വിദ്യാഭ്യാസ പരിപാടിയായി നടപ്പാക്കുന്നതിന്റെ പ്ര





ധാനലക്ഷ്യം ഗുണഭോക്താക്കൾക്ക് പിന്തുണ ഉറപ്പു വരുത്തുക എന്നതാണ്. ഇതിനോടൊപ്പം തദ്ദേശഭരണസ്ഥാപനങ്ങൾ ഗുണഭോക്താക്കളുടെ യോഗം വിളിച്ചു ചേർത്ത് 25 ച.മീറ്ററിനും 40. ച.മീറ്ററിനും ഇടയിലുള്ള 18 പ്ലാനുകൾ പരിചയപ്പെടുത്തി. അവരോട് വീടിനെ പറ്റിയും, അവരുടെ അഭിരുചിയെ പറ്റിയും, ആവശ്യത്തെപ്പറ്റിയും ചർച്ച നടത്തുന്നു. ഇത് ഗുണഭോക്താവിന്റെ കൈയിലുള്ള പണം കൊണ്ട് വീട് പൂർത്തീകരിക്കുന്നതിനും, ഗുണഭോക്താവിനെ ഏറ്റവും യോജ്യമായ വീടുകൾ തെരഞ്ഞെടുക്കുന്നതിനും പ്രാപ്തനാക്കുന്നു.

സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്കാണ് ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നത്. പലപ്പോഴും വീടു നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാനുകളെ പറ്റിയോ, കെട്ടിട നിർമ്മാണ രീതികളെപ്പറ്റിയോ, നിർമ്മാണ സാമഗ്രികളെപ്പറ്റിയോ മനസ്സിലാക്കിയിട്ടുള്ളവരാകണമെന്നില്ല. അതുമാത്രമല്ല, ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണസ്ഥാപനവുമായി ബന്ധപ്പെട്ടുള്ള ഈ നടപടിക്രമങ്ങളെ പറ്റിയും ധാരണ ഉണ്ടാവണമെന്നില്ല. ഈ പശ്ചാത്തലത്തിലാണ് ഗുണഭോക്തൃസംഗമം പ്രസക്തമാകുന്നത്. തദ്ദേശഭരണ സ്ഥാപനം ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളവരെ ഒരു കേന്ദ്രത്തിൽ വിളിച്ച് വീടു നിർമ്മാണത്തെപ്പറ്റിയും, നിർമ്മാണ സാമഗ്രികളെപറ്റിയും വിശദമായി ചർച്ച ചെയ്യുന്നു. ഈ യോഗങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി വീടു നിർമ്മാണത്തെപറ്റിയും ഈ പ്രവർത്തനങ്ങളുടെ സംഘാടനത്തെപറ്റിയും അറിവുള്ള സാങ്കേതിക വിദഗ്ദ്ധരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായം ആവശ്യമാണ്. വലിയൊരു വിഭാഗം ആളുകളുടെ പിന്തുണയോടുകൂടി മാത്രമേ ഈ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനാകൂ. ബഹുജനങ്ങളെയാകെ കണ്ണിചേർക്കുന്ന വലിയൊരു പ്രവർത്തന പരിപാടിയായി ഇ.എം.എസ്. ഭവന പദ്ധതിയുടെ നിർവഹണ പ്രവർത്തനങ്ങൾ മാറേണ്ടതുണ്ട്.

ഇതിനായി ഈ പ്രവർത്തന പരിപാടിയുടെ സന്ദേശം എത്താത്തവരിലേയ്ക്ക് അതെത്തിക്കേണ്ടതും രാഷ്ട്രീയ- സാമൂഹ്യപ്രസ്ഥാനങ്ങളെയാകെ ബന്ധിപ്പിക്കേണ്ടതും വളരെ പ്രധാനമാണ്. ആ ലക്ഷ്യത്തോടെയാണ് സഞ്ചരിക്കുന്ന നാടകവീട് എന്ന നാടക പരിപാടിക്ക് രൂപം നൽകിയിരിക്കുന്നത്.

## സഞ്ചരിക്കുന്ന നാടകവീട്

കേരളത്തിലെ എല്ലാ ഗ്രാമങ്ങളിലും സഞ്ചരിക്കുന്ന നാടക വീടായി രൂപകല്പന ചെയ്തിട്ടുള്ള നാടക പരീക്ഷണമായാണ് സഞ്ചരിക്കുന്ന വീട് രൂപകല്പന ചെയ്തിട്ടുള്ളത്. ഒരു വാഹനത്തിലാണ് രംഗം ഒരുക്കിയിരിക്കുന്നത്. ഈ വാഹനം പരിപാടി അവതരിപ്പിക്കുന്ന കേന്ദ്രത്തിലെത്തിക്കഴിഞ്ഞാൽ ഒരു നാടക വേദിയായി രൂപപ്പെടും. വീടിന്റെ രൂപത്തിലാണ് നാടകവേദി ഒരുക്കിയിരിക്കുന്നത്. വീട്ടുമുറ്റവും, കിണറുമെല്ലാമടങ്ങുന്ന വേദിയിലായിരിക്കും നാടകം അവതരിപ്പിക്കുന്നത്. വളരെ നൂതനമായ നാടകസങ്കേതങ്ങളുടെ സഹായത്തോടെ കാഴ്ചയ്ക്ക് പുതിയൊരു രംഗഭാഷയൊരുക്കുകയാണിവിടെ. പ്രമോദ് പയ്യന്നൂരാണ് ഈ നാടകം ഒരുക്കിയിട്ടുള്ളത്. ഏഴാച്ചേരി, അനിൽ പനച്ചൂരാൻ, എം.എം. സചീന്ദ്രൻ, എൻ. വേണുഗോപാൽ തുടങ്ങിയവർ എഴുതി, കാവാലം ശ്രീകുമാർ, വേണുഗോപാൽ, മഞ്ജരി തുടങ്ങിയ ഗായകർ പാടിയ മനോഹര ഗാനങ്ങളോടു കൂടിയ രണ്ടു സംഗീത ശില്പവും മൂന്നു നാടകവുമാണ് ഈ നാടക പരിപാടിയിലുള്ളത്.

സമകാലിക കേരള സമൂഹത്തിന്റെ ജീവിത ചിത്രങ്ങളിലൂടെ വീടില്ലായ്മയുടെ നൊമ്പരങ്ങളെ അവതരിപ്പിക്കുമ്പോൾ തന്നെ സമൂഹം കൊണ്ടാടുന്ന വീടിനെ പറ്റിയുള്ള മധ്യവർഗ ഡംഭുകളെ നന്നായി ഹാസിക്കുന്നുമുണ്ട്. കേരളത്തിലെ മാധ്യമങ്ങളാകെ മധ്യവർഗ, ഉപരിവർഗ കൊട്ടാരങ്ങളെ വീടുകളായി അവതരിപ്പിച്ച് നടത്തുന്ന ചാനൽ ഷോകളിലൂടെ ജനങ്ങളുടെ വീടിനെ പറ്റിയുള്ള അഭിരുചികളിൽ ഉണ്ടായിട്ടുള്ള അപകടകരമായ മാറ്റം ശക്തമായി അവതരിപ്പിക്കുന്നവയാണ് സഞ്ചരിക്കുന്ന വീടിന്റെ പ്രമേയം. പാവപ്പെട്ടവരുടെ വീടില്ലായ്മയെന്നത് ഒരു സാമൂഹ്യ പ്രശ്നമാണെന്നും അതിനു പരിഹാരം കാണുന്നതിൽ സമൂഹത്തിനാകെ പങ്കുണ്ടെന്നും പറയുന്നതിനാണ് നാടകത്തിലൂടെ ശ്രമിക്കുന്നത്. ഇത്രയധികം വീടുകൾ നിർമ്മിക്കുന്ന പ്രവർത്തനത്തിൽ സമൂഹത്തിന്റെയാകെ പിന്തുണയഭ്യർത്ഥിക്കുകയാണ് ഈ ജനകീയ കലാപരിപാടിയിലൂടെ ശ്രമിക്കുന്നത്. എം.എം.സചീന്ദ്രൻ, കൊടക്കാട് ശ്രീധരൻ, എൻ. വേണുഗോപാൽ, ടി.വി.വേണുഗോപാൽ, ശ്രീകണ്ഠൻ എന്നിവരുടേതാണ് സഞ്ചരിക്കുന്ന നാടക വീടിന്റെ സ്ക്രിപ്റ്റുകൾ.

2010 ജനുവരി 26 മുതൽ 31 വരെ തിരുവനന്തപുരത്ത് വച്ച് സഞ്ചരിക്കുന്ന നാടക വീടിന്റെ സംസ്ഥാനതല പരിശീലനം നടന്നു. ഫെബ്രുവരി 10 മുതൽ 18 വരെയാണ് ജില്ലാതല ക്യാമ്പുകൾ. ഒരു തദ്ദേശ ഭരണസ്ഥാപനത്തിൽ ഒരു കേന്ദ്രം എന്ന നിലയിലാണ് തീരുമാനിച്ചിട്ടുള്ളതെങ്കിലും അതാതു ജില്ലകളുടെ സാഹചര്യമനുസരിച്ചായിരിക്കും നാടകത്തിന്റെ കേന്ദ്രങ്ങൾ, സമയക്രമം തുടങ്ങിയ കാര്യങ്ങൾ തീരുമാനിക്കുക.

സഞ്ചരിക്കുന്ന നാടകവീട് ഗ്രാമങ്ങളിൽ എത്തുമ്പോൾ വികസനോത്സവങ്ങളും, ഗ്രാമോത്സവങ്ങളും, വിപണന മേളകളും, സംവാദ സദസുകളും, വികസന പരിപാടികളുടെ പ്രദർശനങ്ങളും സംഘടിപ്പിച്ചുകൊണ്ട് കഴിയുന്നത്ര ജനപങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്. അതിലൂടെ തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന യുവജനക്ഷേമ ബോർഡും ചേർന്നൊരുക്കുന്ന ഈ സഞ്ചരിക്കുന്ന നാടക വീട് എന്ന നാടക പരിപാടി ജനങ്ങളിലാകെ എത്തിക്കുന്നതിനു കഴിയും.■

*ലേഖകൻ ജനകീയാസൂത്രണം സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് അംഗമാണ്.*




## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് പുനരുദ്ധാരണം: മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതിയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതനുസരിച്ച് ത്രിതല പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അധീനതയിലുള്ള റോഡുകളുടെ കുഴികൾ നികത്തുന്നതും തകർന്നുപോയ ഭാഗം പൂർവ്വസ്ഥിതിയിലാക്കുന്നതും റീ ടാറിങ് പ്രവൃത്തികളും മെറ്റൽ റോഡുകളുടെ ടാറിങ് പ്രവൃത്തികളും ഏറ്റെടുക്കാം. ഒരു റോഡിന്റെ അറ്റകുറ്റപ്പണി പൂർണ്ണമായും ഏറ്റെടുക്കണം. പദ്ധതി പ്രകാരം പുതിയ റോഡുകളുടെ നിർമ്മാണം അനുവദിക്കില്ല. വിവിധ തലങ്ങളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാവുന്ന റോഡുകളുടെ വിവരം മാർഗ്ഗനിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡ് പുനരുദ്ധാരണ പദ്ധതികൾക്ക് 2009-10 ലെ റോഡ് മെയിന്റനൻസ് ഫണ്ടും വികസന ഫണ്ടിലെ ഉത്പാദന മേഖലയിൽ നിന്ന് കുറവുണ്ടാകുന്ന 10 ശതമാനവും ഉപയോഗിക്കാം. വാർഷിക പദ്ധതിയിലെ പശ്ചാത്തല മേഖലാവിഹിതം, റോഡിതര മെയിന്റനൻസ് ഫണ്ട് വിഹിതത്തിന്റെ 20 ശതമാനം 2010-11 ൽ ലഭിക്കാവുന്ന റോഡ് മെയിന്റനൻസ് ഫണ്ട്, തനത്, ജനറൽ പർപ്പസ് ഫണ്ട് എന്നിവയും ഉപയോഗിക്കാം.

## വസ്തു നികുതി കുടിശ്ശിക: മാർച്ച് 31 വരെ പിഴപലിശ ഒഴിവാക്കി

വസ്തു നികുതി കുടിശ്ശിക 2010 മാർച്ച് 31 നു മുമ്പ് ഒറ്റ തവണയായി അടയ്ക്കുന്നവർക്ക് പിഴ പലിശ ഒഴിവാക്കി. പഞ്ചായത്ത്-മുനിസിപ്പൽ നിയമത്തിൽ സാമ്പത്തിക വർഷത്തിന്റെ ആദ്യപകുതി തീരുന്നതിനു മുമ്പായി ഒന്നാം ഗഡു നികുതി ഒടുക്കാത്തവർ പിഴപ്പലിശ കൊടുക്കണം എന്നാണ് വ്യവസ്ഥ. എന്നാൽ സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെയും മൊബൈൽ ടവറുകളുടെയും നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട് ചില നികുതിദായകരിൽ ഉണ്ടായ ആശയക്കുഴപ്പത്തിന്റെ ഫലമായി നിലവിൽ കൊടുത്തുവന്ന നികുതി നിശ്ചിത സമയപരിധിക്കുള്ളിൽ ഒടുക്കുന്നതിന് മനഃപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് കണക്കിലെടുത്താണ് പിഴപ്പലിശ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിച്ചത്. 2010 മാർച്ച് 31നകം വസ്തു നികുതി ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥപ്രകാരം തീർത്തടയ്ക്കുന്നവർക്കേ ഈ ഇളവ് ലഭ്യമാകുകയുള്ളൂ.

## ഇം.എം.എസ്. ഭവനപദ്ധതി : വായ്പ അനുവദിക്കും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രോജക്ടുകൾക്ക് വായ്പ അനുവദിക്കാൻ സംസ്ഥാനത്തെ വായ്പ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുവാദം നൽകി സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. ഇതുപ്രകാരം സംസ്ഥാന സഹകരണബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രോജക്ടുകൾക്ക് വായ്പ അനുവദിക്കാം. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശം www.cooperation.kerala.gov.in വെബ്സൈറ്റിലുണ്ട്.

## കുടുംബശ്രീ മെമ്പർ സെക്രട്ടറി

കുടുംബശ്രീ മെമ്പർ സെക്രട്ടറി സ്ഥാനത്തേയ്ക്ക് തദ്ദേശ സ്വയംഭരണ സമിതി തീരുമാനിക്കുന്ന ഉദ്യോഗസ്ഥന്റെ സേവനം തനത് ജോലിക്ക് തടസ്സമാകാത്ത വിധം ലഭ്യമാക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചു. ഇക്കാര്യത്തിൽ ഉണ്ടാകുന്ന വീഴ്ചകൾ സർക്കാർ ഗൗരവമായി കാണുന്നതാണെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

## മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു

കുടുംബശ്രീ - സി.ഡി.എസ് മെമ്പർ സെക്രട്ടറിമാരുടെ ചുമതലകളും ഉത്തരവാദിത്വങ്ങളും നിർണ്ണയിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായി. ഇതനുസരിച്ച് മെമ്പർ സെക്രട്ടറി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ സർക്കാർ-അർദ്ധസർക്കാർ ഏജൻസികളുമായി കുടുംബശ്രീ സമിതിയെ ബന്ധപ്പെടുത്തുന്നതിനുള്ള ഔദ്യോഗിക കണ്ണിയായി പ്രവർത്തിക്കണം. കുടുംബശ്രീ സി.ഡി.എസ്, എ.ഡി.എസ് ഭരണ സമിതിയിലും പൊതുസഭയിലും എക്സ് ഒഫിഷ്യോ അംഗമായി പങ്കെടുക്കുക, ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക, വാർഷിക രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടിയെടുക്കുക തുടങ്ങിയവയാണ് മറ്റ് പ്രധാനപ്പെട്ട സംഘടനാപരമായ ചുമതലകൾ. കുടുംബശ്രീ സി.ഡി.എസിന്റെ ദൈനംദിന ഭരണ നിർവഹണ പ്രവർത്തനങ്ങളുടെ ഔദ്യോഗിക നേതൃചുമതല മെമ്പർ സെക്രട്ടറിക്കാണ്. വിവിധ പദ്ധതികൾ പ്രകാരം സി.ഡി.എസിന് ലഭിക്കുന്ന ആനുകൂല്യങ്ങൾ ബന്ധപ്പെട്ട കുടുംബശ്രീ ഗുണഭോക്താക്കൾക്ക് സമയബന്ധിതമായി വിതരണം ചെയ്യേണ്ട ചുമതലയും സെക്രട്ടറിക്കാണ്.

## നഗര - ഗ്രാമ ധനകാര്യ കോർപ്പറേഷന് 40 കോടി

പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വികസനാവശ്യങ്ങൾക്ക് വായ്പ അനുവദിക്കുന്നതിന് നഗര-ഗ്രാമ വികസന കോർപ്പറേഷന് 40 കോടി രൂപ നൽകി. ഗ്രാമപഞ്ചായത്തുകൾക്ക് വായ്പ നൽകുന്നതിന് രൂപീകരിച്ച ഗ്രാമവികസന ബോർഡും നഗരസഭകൾക്ക് വായ്പ നൽകുന്നതിന് രൂപീകരിച്ച നഗര വികസന ധനകാര്യ കോർപ്പറേഷനും സംയോജിപ്പിച്ച് ഒറ്റ സ്ഥാപനമാക്കിയിരുന്നു. ഗ്രാമവികസന ബോർഡിൽ ഉപയോഗിക്കാതെ കിടന്ന 40 കോടി രൂപ നഗര-ഗ്രാമ ധനകാര്യ കോർപ്പറേഷന് താൽക്കാലികമായി കൈമാറാൻ ഗവൺമെന്റ് തീരുമാനിച്ചു. ഇപ്രകാരം ലഭിച്ച 40 കോടി രൂപയിൽനിന്ന് നഗരസഭകൾക്കും പഞ്ചായത്തുകൾക്കും ആവശ്യമായ വായ്പകൾ ഉടൻ നൽകും.

Edited and Published by K.R. Muraleedharan IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.







## ഗ്രാമ നഗര ഭരണത്തിന്റെ നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- ഫീച്ചറുകൾ
- മാതൃകകൾ
- അവലോകനങ്ങൾ
- അനുഭവങ്ങൾ
- വാർത്തകൾ

## വായിക്കുക വരിക്കാരാകുക

### പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

Reg. No. KL/TV(N) 391/2009-11 PANCHAYATRAJ February 2010 Annual Subscription Rs. 120/-
License No. KL/TV(N) WPP-85/2009-11 Licensed to Post without Prepayment on 25th & 26th of every month

